SINCE 1976

# ഐക്യദീപം

വില ₹10


2021 ജനുവരി



## ഷെവലിയാർ വർഗീസ് കരിപ്പായിൽ

## മലങ്കരയുടെ അഭിമാനപുത്രന് പ്രണാമം

www.malankaralibrary.com




# BIONANOTECHNOLOGY-AN EMERGING FIELD IN BIOSCIENCE

Fulfilling the myriad needs of mankind has propelled the development of science and technology through the years. However the development was indeed in leaps and bounds in the last century particularly, in last few decades. Biotechnology has revolutionized the field of medicine and agriculture beyond our imaginations. Today we can precisely edit single nucleotides according to our wish in the DNA of an organism. Eventually research interests also spread largely to the study of phenomena and manipulation of materials at atomic,molecular and macromolecular scales –the field of nanoscience.

Nanoscience and nanotechnologies are perceived to have a huge impact in many areas of research and applications. The immense possibilities of the field are attracting both public and private investments. Early in this century, with the launch of Nanoscience and Technology Initiative (NSTI) under the Department of Science and Technology, Government of India announced its intentions to earnestly promote nanotechnology in the country. This was followed by setting up of Nano Mission which continues to fund individual research projects and establish centres and units of Nanoscience and Nanotechnology. The quantum of investments and public initiatives at the global level is much larger. Nanotechnology is an interdisciplinary arena that operates at the intersection of engineering, biotechnology,medical and physical sciences as well as information technology. Although physical sciences helped the cause of nanotechnology it has important relationship with Biology. In fact biological sciences basically operate on the nanoscale – less than 100 nm in dimension. So itis natural to expect that something particularly as powerful as biological interventions taking place at the order of around billionth of a meter. The image of a 'nanobot' navigating through patient's blood stream and bringing about cell by cell repair was implicated in Richard Feynman's 1959 lecture "Plenty of Room at The Bottom", which is regarded as the founding manifesto of nanotechnology. Bionanotechnologydeals with the multidisciplinary knowledge gained at the intersection of biology and nanotechnology, and utilize biological moleculesfor nanotechnological applications.

Bionanotechnology endeavours to understand the unique properties of biological molecules, like peptides (short polymers made of amino acids), and further utilize these properties, like self assemblage, for nanoengineering of molecular templates and complex molecularstructures. Such nanostructures range from nanofibres, nanotubes, vesicles and fibrous scaffolds and find their application in fundamental human needs ranging from devices for drug discovery and drug delivery, biosensors, detection and treatment of ailments like cancer, apart from DNA sequencing, proteomics and imaging. Green synthesis is an emerging area in the field of Bionanotechnology where natural resources such as plant extracts are explored for the synthesis of nanoparticles and thereby reducing the usage of toxic and eco-hazardous methods. Bionanotechnology has its application in drug delivery in a scenario when the drugs to be delivered are not suitable particularly for our gastrointestinal system and when purposeful delivery of drugs to specific target sites like tumors has to be carried out. Nanoparticles behave very differently due to its downsizing and therefore interactions of these particles with myriad molecules and chemical structures within a cell (Bio-Nano interactions) are interesting and fall within the scope of Bionanotechnology. Additionally, Bionanotechnology underscores the fact that a deep understanding of molecular structures at nanoscale will pave way for identifying those biological entities that can be mimicked for manufacturing devices essential in our day-to-day life. Agriculture and food industry are other fields impacted by the interventions of Bionanotechnology.

Graduates in Bionanotechnology have fine careers opportunities in research organisations as well as medical device and biotechnology industries where the ability to amalgamate biology and nanotechnology knowledge as well as skills is required. Graduates may also proceed to a career in research leading to a Ph.D. and beyond. With the changing research landscape and increasing focus on medicine and healthcare, Bionanotechnology is the force to be reckoned with in the coming years.

Even though many universities in India offer post graduate course in various fields of nanotechnology, a focussed programme related to biological sciences, M.Sc. Bionanotechnology is being offered by Mahathma Gandhi University at MACFAST College.

Limited Seats
Join the legacy of excellence
M.Sc.Bionanotechnology
+91 80755 67847, 97469 55585
www.malankaralibrary.com



2021 ജനുവരി
പുസ്തകം 52 ലക്കം 12


രക്ഷാധികാരി
**മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ**

ചീഫ് എഡിറ്റർ
**ഫാ. ഡോ. ഐസക് പറപ്പള്ളിൽ**

അസോ. എഡിറ്റർ
**ഫാ. മാത്യു ചിറയിൽ**

പ്രസാധകൻ
**റൈറ്റ് റവ. തോമസ് കൊടിനാട്ടുകുന്നേൽ കോർ എപ്പിസ്കോപ്പാ**

സർക്കുലേഷൻ മാനേജർ & കോ-ഓർഡിനേറ്റർ
**ഫാ. കോശി മണ്ണിൽ**

ഓഫീസ് സെക്രട്ടറി
**ചിന്നു എൽസ ഐസക്**

**പത്രാധിപസമിതി**

**ഫാ. ഡോ. തോമസുകുട്ടി പതിനെട്ടിൽ**
**ഫാ. ഡോ. തോമസ് പാറയ്ക്കൽ**
**റവ. സി. അലീന എസ്.ഐ.സി.**
**റവ. സി. റാണി മരിയ ഒ.എസ്.എസ്.**
**ലൈജു കോശി മാത്യു**
**ജയിസ് കോഴിമണ്ണിൽ**
**വർഗീസ് ഐസക് തെക്കേടത്ത്**



Annual Subscription ₹ 120.00
Single Copy ₹ 10.00
Overseas : $40.00 or ₹ 2750

Bank Details :
Chief Editor, Aikyadeepam
Union Bank, Tiruvalla 689 101
A/c No. 110110100023901
IFSC. ANDB0001101
SWIFT CODE : ANDBINBB

Printed at :
Mangalam Webmedia, Kottayam
Designed by :
St. Joseph Press
Kacherippady, Tiruvalla
Ph : 0469 2602936
sjtvla10@gmail.com


# ഐക്യദീപം

## ഉള്ളടക്കം


**എഡിറ്റോറിയൽ – മലങ്കരയുടെ അഭിമാനപുത്രന് പ്രണാമം** ........ 04

**പ്രചോദനം പകർന്ന് സ്മരണയിൽ നിത്യം ജീവിക്കുവാൻ** ........ 06
മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ

**ദൈവത്തിന്റെ വിശ്വസ്തനായ കാര്യസ്ഥൻ** ........ 10
കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവ

**മലങ്കര കത്തോലിക്കാസഭയുടെ ശ്രേഷ്ഠ പുത്രൻ** ........ 13
പ്രൊഫ. ജേക്കബ് എം എബ്രഹാം

**യേശുവിന്റെ മനുഷ്യാവതാരം – മനുഷ്യചരിത്രത്തിലെ നവയുഗാരംഭം** ........ 15
ഫാ. മാത്യു ആലുംമൂട്ടിൽ

**പുതുവർഷവും പുത്തൻ പ്രതീക്ഷകളും** ........ 25
ഫാ. കോശി മണ്ണിൽ

**കോവിഡാനന്തരകാലത്തെ മതം – ആത്മീയത** ........ 28
ഫാ. ഡോ. എബ്രഹാം ഇരിമ്പിനിക്കൽ

**നവജീവൻ പി യു തോമസ് – നല്ല സമറിയാക്കാരൻ** ........ 33
ഫാ. മാത്യു പൊട്ടുകുളത്തിൽ

**സുറിയാനി ഭാഷ – പഠന പരമ്പര** ........ 37
ഫാ. ഡോ. രാജു പറക്കോട്ട്

**വൈറസ് ചലഞ്ച് – കോവിഡ് 19** ........ 42
സി. ഡോ. ഐറിൻ എസ്.ഐ.സി

**ഫാ.സൈമൺ എലുവത്തിങ്കൽ – മലങ്കരസഭയുടെ വലിയ മിഷനറി** ........ 43
ഫാ. ഡോ. ആന്റണി കാക്കനാട്ട്


ഏവർക്കും
പുതുവത്സരാശംസകൾ


All correspondence regarding Agency and Subscription : Chief Editor, Aikyadeepam Monthly
St. John's Metropolitan Cathedral, Tiruvalla - 1. Phone : 0469 2600626. E-mail : aikyadeepamtvla@gmail.com



www.malankaralibrary.com



എഡിറ്റോറിയൽ

# മലങ്കരയുടെ അഭിമാനപുത്രന് പ്രണാമം

മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ അഭിമാനഭാജനവും, തീഷ്ണത നിറഞ്ഞ പ്രേഷിതവര്യനും, മലങ്കരയുടെ ഉറച്ച ശബ്ദവുമായിരുന്ന ഷെവലിയാർ വർഗീസ് കരിപ്പായിലിന് സഭയുടെ പ്രണാമം. മലങ്കര പുനരൈക്യത്തോടൊപ്പവും, പുനരൈക്യപ്പെട്ട സഭയോടൊപ്പവും വളർന്നു വന്ന കരിപ്പായിൽസാർ എക്കാലവും ഈ സഭയുടെ വക്താവും, സഭയെ ജനസമൂഹത്തിൽ ഉയർത്തിക്കാട്ടുവാൻ അക്ഷീണം പരിശ്രമിച്ച വ്യക്തിയുമായിരുന്നു. പുനരൈക്യ പ്രസ്ഥാനത്തിന്റെയും മലങ്കര സുറിയാനി കത്തോലിക്കാസഭയുടെയും ശൈശവപ്രായത്തിൽ, തിരുവല്ല അതിഭദ്രാസനത്തിന്റെ യുവജനപ്രസ്ഥാനത്തിനും അല്മായ പ്രസ്ഥാനത്തിനും നേതൃത്വം നല്കുകയും, ആ പ്രസ്ഥാനത്തെ കണ്ണിലെ കൃഷ്ണമണിപോലെ കാത്തുസൂക്ഷിക്കുവാൻ കഠിനാദ്ധ്വാനം ചെയ്യുകയും ചെയ്തു. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രബോധനത്തിനും ചിന്തകൾക്കും അനുസൃതമായി 1968 ൽ ഈ പ്രസ്ഥാനം നിലവിൽ വന്നപ്പോൾ അതിന്റെ പ്രസിഡന്റായി പ്രവർത്തിച്ച്, ഈ പ്രസ്ഥാനത്തെ സഭയുടെ എല്ലാ കോണുകളിലേക്കും പ്രചരിപ്പിക്കുവാനും വളർത്തിയെടുക്കുവാനുമായി നിരന്തരം ഓടി നടന്നു പ്രവർത്തിച്ച വ്യക്തിയായിരുന്നു അദ്ദേഹം. സമ്പൂർണ്ണ സമർപ്പണത്തിലൂടെയും, സഭാസ്നേഹത്തിലൂടെയും കഠിനാദ്ധ്വാനം ചെയ്തു വളർന്നു വന്ന വ്യക്തി. ആരെങ്കിലും വളർത്താൻ കാത്തു നില്ക്കാതെ, കിട്ടിയ അവസരങ്ങളെല്ലാം നന്നായി വിനിയോഗിച്ച്, വേറിട്ട പ്രവർത്തനശൈലിയിലൂടെ ശ്രദ്ധിക്കപ്പെട്ട വ്യക്തി. ചെയ്യുന്ന കാര്യങ്ങൾ നന്നായി ചെയ്യണമെന്നും, സഭയുടെ വളർച്ച അല്മായരുടെ ആത്മാർത്ഥമായ പ്രവർത്തനത്തിലൂടെയാണെന്നും, ആ പ്രവർത്തനങ്ങളെല്ലാം ദൈവപരിപാലനയിലും, സഭാസ്നേഹത്തിലും, മനുഷ്യനന്മയിലും കേന്ദ്രീകരിച്ചു വേണമെന്നും നിർബന്ധം ഉണ്ടായിരുന്ന വ്യക്തിത്വം. അതിഭദ്രാസനത്തിലെ യുവജനപ്രസ്ഥാനത്തിന്റെയും (MCYM) അത്മായ പ്രസ്ഥാനത്തിന്റെയും (MCA) ആദ്യ പ്രസിഡന്റ് എന്ന നിലയിൽ കരുത്തുറ്റ നേതൃത്വം നല്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞത് താൻ ആർജിച്ചെടുത്ത ചില ബോദ്ധ്യങ്ങളുടെ ശക്തിയാലായിരുന്നു. സഭയെ കെട്ടിപ്പടുക്കുക എന്നതാണ് അത്മായന്റെ വിളി എന്ന് ഉറച്ച് വിശ്വസിച്ച് ഏതു വേദികളിലും അത് സധൈര്യം പ്രഘോഷിക്കുവാൻ അദ്ദേഹത്തിന് സാധിച്ചത് ആ ബോദ്ധ്യത്തിന്റെ പശ്ചാത്തലത്തിലായിരുന്നു. അദ്ദേഹത്തിന്റെ പ്രാഗത്ഭ്യവും സഭയോടുള്ള സ്നേഹവും തിരിച്ചറിഞ്ഞാണ് ഭാഗ്യസ്മരണാർഹനായ സിറിൽ ബസേലിയോസ് കാതോലിക്കാബാവ രൂപം കൊടുത്ത മലങ്കര കാത്തലിക് അസോസിയേഷൻ എന്ന അല്മായ പ്രസ്ഥാനത്തിന്റെ അഡ്ഹോക്ക് കമ്മിറ്റി പ്രസിഡന്റായി കരിപ്പായിൽ സാറിനെ നിയമിച്ചത്. തനിക്ക് ദൈവം നല്കിയ കഴിവുകളും ദാനങ്ങളും താലന്തുകളും അവസരങ്ങളുമെല്ലാം മൂടി വയ്ക്കാനോ, മറച്ചു വയ്ക്കാനോ അല്ല അദ്ദേഹം പരിശ്രമിച്ചത്, മറിച്ച് അവയെല്ലാം സഭയുടെ വളർച്ചയ്ക്കും സമൂഹനന്മയ്ക്കുവേണ്ടി വിനിയോഗിച്ച് അനുഗ്രഹമാക്കുവാനാണ്.

രണ്ടാം വത്തിക്കാൻ സുന്നഹദോസിന്റെ അല്മായ പ്രേഷിതത്വത്തെക്കുറിച്ചുള്ള പ്രബോധനങ്ങൾ (Apostolicam actuositatem) ഏറെ സ്വാംശീകരിച്ച വ്യക്തിയായിരുന്നു അദ്ദേഹം. തനിക്കു ലഭിച്ച പ്രഭാഷണവേദികളിലും, ക്ലാസുകൾ നയിക്കുന്ന വേളകളിലും ഏറെ ഊന്നൽ നല്കി പ്രതിപാദിച്ചിരുന്ന വിഷയമായിരുന്നു അല്മായരുടെ പ്രേഷിതപ്രവർത്തനം. ദൈവജനത്തിന്റെ പ്രേഷിതപ്രവർത്തനം കൂടുതൽ തീഷ്ണമാക്കാനാഗ്രഹിച്ചുകൊണ്ടുള്ള കൗൺസിലിന്റെ പ്രബോധനം ആഴത്തിൽ ഉൾക്കൊള്ളുകയും, സഭാജീവിതത്തിൽ പ്രായോഗികമാക്കുകയും ചെയ്യുവാൻ അദ്ദേഹത്തിന് കഴിഞ്ഞു. സഭയുടെ ദൗത്യത്തിലും വളർച്ചയിലും അല്മായർക്ക് അപരിത്യാജ്യമായ സ്ഥാനമുണ്ടെന്നും, അല്മായരുടെ പ്രേഷിതത്വത്തിനാധാരം, അതിലേക്കുള്ള അവരുടെ വിളി തന്നെയാണെന്നും, അതിലുള്ള തീഷ്ണതയാണ് സഭ അല്മായരിൽനിന്നും പ്രതീക്ഷിക്കുന്നതെന്നും അദ്ദേഹത്തിന് ബോദ്ധ്യമുണ്ടായിരുന്നു. ക്രിസ്തീയജീവിതം സ്വഭാവത്താൽതന്നെ പ്രേഷിതത്വത്തിലേക്കുള്ള വിളി കൂടിയാണെന്നും, സഭയാകുന്ന ക്രിസ്തുവിന്റെ ശരീരം, അംഗങ്ങളുടെ പ്രവർത്തനമനുസരിച്ചാണ് വളർച്ച പ്രാപിക്കുന്നതെന്നും (നമ്പർ 2), അതിനാൽ സഭയുടെ അംഗങ്ങൾ നിഷ്ക്രിയരായിരിക്കേണ്ടവരല്ല എന്ന അടിസ്ഥാനതത്വം ഉൾക്കൊണ്ടും പ്രവർത്തിക്കുവാൻ അദ്ദേഹത്തിന് സാധിച്ചു. സഭയിൽ അല്മായ പ്രേഷിതത്വത്തിനുള്ള സാധ്യതകൾ കണ്ടുപിടിക്കുക എന്നതാണ് ഓരോ അല്മായന്റെയും കടമയെന്നും, സഭയുടെ കെട്ടുപണിയിൽ പങ്കുചേരുവാൻ, മറ്റൊരു സ്ഥാനവും ആവശ്യമില്ലെന്നും അദ്ദേഹം സ്വജീവിതത്തിലൂടെ കാണിച്ചു തന്നു. ലോകമെങ്ങും ക്രിസ്തുവിനു സാക്ഷ്യം വഹിക്കുക, എല്ലാവരെയും രക്ഷയുടെ ദിവ്യസന്ദേശം അറിയിക്കുക, അത്



www.malankaralibrary.com

പകർന്നു നല്കുവാൻ യത്നിക്കുക, വിശ്വാസത്തിന്റെ വെളിച്ചത്തിൽ ദൈവവചന പ്രബോധനം നിർവ്വഹിക്കുക എന്നീ ഉത്തരവാദിത്വങ്ങളും, മഹനീയമായ കൃത്യങ്ങളുമാണ് അല്മായന് സമൂഹത്തിൽ നിർവ്വഹിക്കുവാനുള്ളതെന്ന് അദ്ദേഹത്തിന് ബോധ്യമുണ്ടായിരുന്നു. സുവിശേഷപ്രചാരണവും മാനവ വിശുദ്ധീകരണവുമാണ് അത്മായ പ്രേഷിതത്വത്തിന്റെ ലക്ഷ്യങ്ങൾ എന്നും, അത് നിർവ്വഹിക്കുവാനുള്ള പ്രേഷിത വേദികൾ സമൂഹവും, കുടുംബവും, സാമൂഹ്യരംഗങ്ങളും, രാഷ്ട്രീയ മേഖലകളുമാണെന്ന് മനസ്സിലാക്കിയ അദ്ദേഹം അതിനായുള്ള പ്രേഷിതപ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിൽ ഏറെ ശ്രദ്ധ ചെലുത്തി. സഭയോടും, സഭാ മേലദ്ധ്യക്ഷന്മാരോടും, വൈദികരോടും, ദൈവജനത്തോടും സഹകരിച്ചു പ്രവർത്തിക്കുന്നതാണ് പ്രേഷിതപ്രവർത്തനം ഫലമണിയാൻ ഇടയാക്കുന്നതെന്ന് മനസ്സിലാക്കി, സഭയോട് ചേർന്നുനിന്ന് സ്വയം വളരുകയും, മറ്റുള്ളവരെ വളർത്തുകയും ചെയ്തു. സഭാപിതാക്കന്മാർ പഠിപ്പിക്കുന്നതുപോലെ sentire cum ecclesia - സഭയോടൊത്ത് ജീവിക്കുക, പ്രവർത്തിക്കുക, സഭയുടെ പ്രബോധനങ്ങൾക്കനുസരിച്ച് ജീവിക്കുക എന്നതായിരുന്നു എക്കാലത്തും അദ്ദേഹത്തിന്റെ ജീവിതശൈലി. ആ ജീവിതശൈലി ഇക്കാലത്തെന്നല്ല, എക്കാലത്തും അനുകരണീയമായ മാതൃകയാണ്. വിശ്വാസസമൂഹം വളരേണ്ടത് സഭയോടൊത്താണെന്നും, തായ്ത്തടിയാകുന്ന ക്രിസ്തുവിനോട് ചേർന്ന് നില്ക്കുമ്പോഴാണ് ശാഖകളാകുന്ന ദൈവജനത്തിന് ഫലങ്ങൾ പുറപ്പെടുവിക്കാൻ സാധിക്കുന്നതെന്നും സ്വജീവിതത്തിലൂടെ ശ്രേഷ്ഠമായി കാട്ടിത്തന്ന വ്യക്തിത്വമായിരുന്നു അദ്ദേഹത്തിന്റേത്. സഭയുടെ അല്മായ പ്രേഷിതത്വത്തെക്കുറിച്ചുള്ള പ്രബോധനങ്ങൾ, പ്രമാണരേഖയുടെ പുസ്തകതാളിൽ മാത്രം ഒതുങ്ങേണ്ടതല്ല എന്ന് ബോദ്ധ്യപ്പെട്ട് അത് ജീവിതത്തിൽ പ്രാവർത്തികമാക്കുവാൻ അക്ഷീണം പരിശ്രമിച്ച അദ്ദേഹത്തെപ്പോലെയുള്ള ജന്മങ്ങൾ അപൂർവ്വമായി മാത്രമേ നമുക്ക് കാണുവാൻ കഴിയൂ. സഭയെ സ്നേഹിച്ച, സഭയുടെ പ്രബോധനങ്ങളോടു ചേർന്നുനിന്ന, ക്രിസ്തീയ സാക്ഷ്യം മഹത്തായി നിർവ്വഹിച്ച ആ വലിയ മനുഷ്യനെയോർത്ത് നമുക്ക് ദൈവത്തിന് നന്ദി പറയാം.

പ്രഭാഷണകലയിൽ അഗ്രഗണ്യനായിരുന്ന കരിപ്പായിൽസാർ പ്രഗത്ഭനായ വാഗ്മി എന്ന നിലയിൽ ഏതാണ്ട് 600 - ഓം ദൈവാലയങ്ങളിൽ പ്രഭാഷണം നടത്തിയിട്ടുണ്ട്. മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ പള്ളികളിൽ മാത്രമല്ല, കേരളത്തിലെ മറ്റനേകം പള്ളികളിലും പ്രഭാഷണം നടത്തുവാനും, ക്ലാസുകൾ നയിക്കുവാനും, സുവിശേഷയോഗങ്ങളിൽ പ്രസംഗിക്കുവാനും അദ്ദേഹത്തിന് കഴിഞ്ഞുവെന്നത് മറ്റാർക്കും അവകാശപ്പെടാനില്ലാത്ത മഹത്തായ കാര്യമാണ്. ശുദ്ധമായ ഭാഷയിലും, ഗാംഭീര്യം നിറഞ്ഞ ശബ്ദത്തിലും, മനോഹരമായ അവതരണത്തിലും അദ്ദേഹം അത് നിർവ്വഹിച്ചിരുന്നത് ശ്രോതാക്കൾക്ക് വലിയ ദൈവാനുഭവം നേടുവാൻ ഇടയാക്കിയിട്ടുണ്ട്. ഇക്കാര്യത്തിൽ അസാധാരണമായ കഴിവും, പ്രാവീണ്യവും അദ്ദേഹത്തിനുണ്ടായിരുന്നു. മികച്ച പ്രഭാഷകൻ എന്ന നിലയിൽ അനേകം അവസരങ്ങൾ അദ്ദേഹത്തെ തേടി വന്നു. രാഷ്ട്രീയരംഗത്തും അദ്ദേഹം ഏറെ ശ്രദ്ധിക്കപ്പെടുകയും, ആ മേഖലയിൽ തന്റെ വ്യക്തിമുദ്ര പതിപ്പിക്കുകയും ചെയ്തു. കേരളത്തിലെ മുഴുവൻ കത്തോലിക്കാ അല്മായരുടെയും സംസ്ഥാനതലത്തിലുള്ള പ്രസ്ഥാനമായ കേരള കാത്തലിക് ഫെഡറേഷൻ (KCF) ന്റെ പ്രഥമ പ്രസിഡന്റായും അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടു. നൂറു കണക്കിന് കുട്ടികൾക്ക് മാതൃകാ അദ്ധ്യാപകനും, നല്ല ശിക്ഷണം നല്കുന്ന ഗുരുവും, അനേകരുടെ ജീവിതത്തിന് ദിശാബോധവും പ്രകാശവും കാട്ടിക്കൊടുത്ത വഴികാട്ടിയുമായിരുന്നു അദ്ദേഹം. ഇരുവെള്ളിപ്ര സെന്റ് തോമസ് ഹയർ സെക്കന്ററി സ്കൂളിന്റെ അദ്ധ്യാപകനായും, പ്രധാനാദ്ധ്യാപകനായും മൂന്നു പതിറ്റാണ്ടും, പില്ക്കാലത്ത് നിരവധി വർഷങ്ങൾ തിരുവല്ല സെന്റ് ജോൺസ് കോളേജിന്റെ പ്രിൻസിപ്പലായും ശുശ്രൂഷ ചെയ്ത അദ്ദേഹത്തിന്റെ ശിഷ്യഗണം ഇന്ന് സമൂഹത്തിന്റെ വിവിധ മേഖലകളിൽ സ്തുത്യർഹമായി പ്രവർത്തിക്കുന്നു. അവരെയൊക്കെ മുമ്പിൽനിന്ന് നയിക്കുകയും, പിറകിൽനിന്ന് പ്രോത്സാഹിപ്പിക്കുകയും ചെയ്ത ഈ വ്യക്തിത്വത്തെ മുഴുവനായി അവതരിപ്പിക്കുവാൻ വാക്കുകൾ പോരാ. അറിയുന്തോറും എത്ര ശ്രേഷ്ഠമായിരുന്നു ആ ജീവിതമെന്നും, അടുക്കുന്തോറും എത്ര മഹനീയമായിരുന്നു ആ വ്യക്തിത്വമെന്നും മനസ്സിലാക്കുവാൻ കഴിയും. ജസ്റ്റിസ് സിറിയക് ജോസഫിന്റെ വാക്കുകൾ ഇങ്ങനെ : ''വ്യക്തിജീവിതത്തിലെ വിശുദ്ധിയും, കർമ്മമണ്ഡലത്തിലെ കഠിനാദ്ധ്വാനവും, പ്രവർത്തനത്തിലെ അർപ്പണബോധവും, നിലപാടു കളിലെ സത്യസന്ധതയും അദ്ദേഹത്തെ വേറിട്ടു നിർത്തി. സംഭാഷണത്തിലെ സൗമ്യതയും, പെരുമാറ്റത്തിലെ മാന്യതയും, അനുപമമായ വിനയവും, മാതൃകാപരമായ കുടുംബജീവിതവും സവിശേഷത കളായുള്ള വ്യക്തിത്വം. അദ്ധ്യാപകൻ, പ്രഭാഷകൻ, എഴുത്തുകാരൻ, പത്രപ്രവർത്തകൻ, പൊതുപ്രവർത്തകൻ, സംഘാടകൻ, സഭാശുശ്രൂഷി തുടങ്ങിയ നിലകളിലെല്ലാം മികവും ആത്മാർത്ഥതയും ആദർശനിഷ്ഠയും തെളിയിച്ചു''. അതുകൊണ്ടാണ്, കത്തോലിക്കാസഭയിൽ ഒരു അല്മായ നേതാവിന് ലഭിക്കാവുന്ന പരമോന്നത പദവിയായ ഷെവലിയാർ സ്ഥാനം 2004 ൽ ജോൺപോൾ രണ്ടാമൻ മാർപാപ്പാ അദ്ദേഹത്തിന് നല്കിയത്.

ചില നിർബന്ധങ്ങളും, ശാഠ്യങ്ങളുമൊക്കെ അദ്ദേഹത്തിന് ഉണ്ടായിരുന്നു എന്നത് സത്യം - അവയെല്ലാം സമൂഹ നന്മയ്ക്കും, ഭംഗിയായ കാര്യനിർവ്വഹണത്തിനും, ചിട്ടയായ നടത്തിപ്പിനും, മികച്ച അച്ചടക്കത്തിനും വേണ്ടിയുള്ളതായിരുന്നു. അദ്ദേഹം ഒന്നും തനിക്കുവേണ്ടി പറഞ്ഞില്ല - പറഞ്ഞതെല്ലാം അപരന്റെ നന്മയ്ക്കായിരുന്നു. അദ്ദേഹം വേണ്ടാത്തതായി ഒന്നും പ്രവർത്തിച്ചില്ല - പ്രവർത്തിച്ചതെല്ലാം സഭയ്ക്കും, സമൂഹത്തിനും, ജനനന്മയ്ക്കും വേണ്ടിയായിരുന്നു. ദൈവത്തെയും, ദൈവത്തിന്റെ സഭയെയും, ദൈവികകാര്യങ്ങളെയും, ദൈവജനത്തെയും സ്നേഹിച്ച്, സേവിച്ച് മാതൃകാപരമായി ജീവിച്ച് കടന്നുപോയ ഈ പ്രേഷിതവര്യന് - മലങ്കരയുടെ പുണ്യത്തിന് - പ്രണാമം.


പുതുവത്സരാശംസകൾ നേർന്നുകൊണ്ട്

**ഫാ. ഡോ. ഐസക് പറപ്പള്ളിൽ**



www.malankaralibrary.com

# പ്രചോദനം പകർന്ന് സ്മരണയിൽ നിത്യം ജീവിക്കുവാൻ



മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ്
മെത്രാപ്പോലീത്തൻ ആർച്ച്ബിഷപ്പ്

**ആ**ദരണീയനായ ഷെവലിയർ വർഗ്ഗീസ് കരിപ്പായിൽ സാർ കർത്തൃസന്നിധിയിലേക്ക് കടന്നു പോയി. 87 വർഷത്തെ വിശ്രമരഹിതമായ വേല പൂർത്തിയാക്കിക്കൊണ്ട് പ്രതിഭാധനനും പ്രവർത്തന കുശലനും പ്രതിബദ്ധതയുള്ള സഭാത നയനുമായ സാർ സ്വർഗ്ഗത്തിൽ ഇടംതേടി. പുനരൈ ക്യ പ്രസ്ഥാനത്തിന്റെ നേതൃനിരയിൽ എന്നും വിരാ ജിച്ചിരുന്ന സമാനതകളില്ലാത്ത പ്രവർത്തകനായി രുന്നു ഷെവലിയർ. ലാവണ്യമൊഴുകുന്ന മധുരശ ബ്ദത്തിൽ സുവിശേഷ വചനങ്ങളും വിശ്വാസസത്യ ങ്ങളും സംശയരഹിതമായി പകരുവാനുള്ള അനി തരസാധാരണമായ പാടവം അദ്ദേഹത്തിനുണ്ടായി രുന്നു. ചിന്തയിൽ ഔന്നത്യം പുലർത്തിയ വാഗ്മിത യുടെ ഉടമയായിരുന്നു..... പിന്നെ എന്തെല്ലാമായി രുന്നു ! എല്ലാറ്റിനെപ്രതിയും ദൈവത്തെ മഹത്വപ്പെ ടുത്തുന്നു. തിരുവല്ല അതിഭദ്രാസനത്തിന്റെ ഇന്നോ ളമുള്ള ഉന്നതശീർഷരായ നേതാക്കന്മാരിൽ പ്രഥമ ഗണനീയനായിരുന്നു. ശൈശവം മുതൽ തിരുവല്ല രൂപതയോടൊപ്പം നടക്കുകയും ക്രിയാത്മകമായും ഭാവാത്മകമായും നിലപാടുകളെടുക്കുന്നതിനും അദ്ദേഹത്തിനു കഴിഞ്ഞിരുന്നു. ആലോചനായോഗ ങ്ങളിൽ സാറിനെ സശ്രദ്ധം ശ്രവിക്കുന്ന വേദി യെയും സദസ്സിനെയുമാണ് എന്നും കാണാൻ കഴി ഞ്ഞിട്ടുള്ളത്. ശ്രദ്ധേയമായ ആശയങ്ങളും അഭിപ്രാ യങ്ങളുമാണ് അദ്ദേഹം പങ്കുവെച്ചിരുന്നത്. വാക്കുക ളിലും വർണ്ണനകളിലും വരച്ചുതീർക്കാൻ കഴിയുന്ന തിലപ്പുറമായ ഉന്നത വ്യക്തിത്വത്തിനുടമയായി രുന്നു അദ്ദേഹം.

ജനനവും ജീവിതവുംവഴി തിരുവല്ലയുടെ ഓമനപ്പുത്രൻ; പ്രവർത്തനസീമ മദ്ധ്യതിരുവിതാംകൂ റിനപ്പുറം കടന്നു. അദ്ധ്യാപനമായിരുന്നു കർമ്മരംഗ മെങ്കിലും വിപുലമായ സാമൂഹ്യ-രാഷ്ട്രീയ രംഗങ്ങ ളിൽ വ്യക്തിമുദ്ര പതിപ്പിച്ചിരുന്നു. എത്തിപ്പെടുന്ന ഇടങ്ങളിലെല്ലാം പ്രഥമ ഗണനീയനും പ്രധാനിയു മായി വർത്തിക്കുകയും ചെയ്തിരുന്നു. സ്ഥാനമാന ങ്ങൾക്കു പിന്നാലെ പോവുകയല്ല, സ്ഥാനമാനങ്ങൾ ഓരോന്നും അദ്ദേഹത്തെ തേടിയെത്തുകയായിരു ന്നു. ഈ വിയോഗംവഴി ഉത്തമനായ സഭാതനയന്റെ സാന്നിദ്ധ്യമാണ് മലങ്കര കത്തോലിക്കാസഭയ്ക്കും സവിശേഷമായി തിരുവല്ല അതിഭദ്രാസനത്തിനും നഷ്ടമാകുന്നത്. സഫലമായ ജീവിതയാത്രയുടെ യവനികയാണ് താഴ്ത്തപ്പെട്ടിരിക്കുന്നത്. ഇമ്പങ്ങ ളുടെ പറുദീസയിലെ യവനിക അദ്ദേഹത്തിനു വേണ്ടി ഉയർത്തപ്പെട്ടിരിക്കുന്നു. സ്രാപ്രേമാലാഖ മാർ കുഴലൂതിക്കൊണ്ട് 'വരിക', വരിക എന്ന് പറഞ്ഞു സ്വാഗതം ചെയ്യുന്നത് നമ്മുടെ കർണ്ണപുട ങ്ങളിൽ മാറ്റൊലി കൊള്ളുന്നു.

**1. ശിക്ഷണം നല്കി വളർത്തിയ ഗുരുഭൂതൻ; നലം തികഞ്ഞ അദ്ധ്യാപക വരേണ്യൻ**

ഇരുപത്തേഴാം വയസ്സിൽ അദ്ധ്യാപനവൃ ത്തിയാരംഭിച്ചത് തിരുവല്ല കോർപ്പറേറ്റ് മാനേ ജ്മെന്റിലെ അതിപ്രശസ്തമായ തിരുമൂലപുരം ഇരു വെള്ളിപ്ര സെന്റ് തോമസ് ഹൈസ്ക്കൂളിൽ. 1989 ൽ ഹെഡ്മാസ്റ്റർ പദത്തിൽനിന്നു വിരമിക്കുമ്പോൾ ആചാര്യശ്രേഷ്ഠനെന്ന ഉത്തുംഗ പദവിയിലെത്തി യിരുന്നു; അനേകം ശിഷ്യസമ്പത്തും. തിരുവല്ല രൂപ തയ്ക്ക് സ്വന്തമായ ഏക കോളജായിരുന്ന തിരുവല്ല സെന്റ് ജോൺസിന്റെ പ്രിൻസിപ്പൽ സ്ഥാനം അദ്ദേ ഹത്തെ കാത്തിരിക്കുകയായിരുന്നു. തുടർന്നുള്ള ഒന്നര പതിറ്റാണ്ടുകാലം അതിന്റെ സാരഥ്യം വഹി ച്ചു. അഡ്മിഷൻ കിട്ടാതലഞ്ഞ ആയിരങ്ങളെ മാടി വിളിച്ച് സീറ്റു നൽകി, ഫീസാനുകൂല്യം വേണ്ട വർക്ക് ഔദാര്യപൂർവ്വം അതു നൽകി, ഉന്നത വിജയം കരസ്ഥമാക്കുവാൻ സഹായിച്ചു. സ്കൂളിലാ കട്ടെ, കോളജിലാകട്ടെ അക്ഷരപഠനത്തിനൊപ്പം അച്ചടക്കപരിശീലനത്തിന് പ്രാമുഖ്യം നൽകി. കർശ നമായ നിലപാടുകൾവഴി എന്നതിനെക്കാൾ തന്റെ സാന്നിദ്ധ്യംകൊണ്ട് അച്ചടക്കത്തിന്റെ സന്ദേശം പക രുവാൻ ആ അദ്ധ്യാപകവരേണ്യനു കഴിഞ്ഞു.

**2. പുനരൈക്യ പ്രസ്ഥാനത്തിനൊപ്പം വളർന്നു; ശക്തനായ വക്താവായി ഉയർന്നു**

ഇരുവരുടെയും ഉദയം ഏതാണ്ടൊരേ കാലത്ത് – 1930 കളുടെ ആരംഭത്തിൽ. തന്റെ ഭവന ത്തിനു സമീപമുള്ള വേങ്ങൽ മിഷൻകേന്ദ്രത്തിൽ ജോസഫ് മാർ സേവേറിയോസ് മെത്രാപ്പോലീത്ത യും, പുനരൈക്യവക്താവും സഭാചരിത്ര ദാർശനിക നുമായിരുന്ന മോൺ. തോമസ് വടശ്ശേരി, ബഥനി യുടെ ഫാ. റഫായേൽ തുടങ്ങിയവർ നടത്തിവന്നി രുന്ന നിശാസ്റ്റഡി സർക്കിളിലും പ്രസംഗയോഗങ്ങ ളിലും അനിതരസാധാരണമായ ശ്രദ്ധയോടും തീക്ഷണതയോടും പങ്കെടുത്തു. സഭാദർശനത്തിൽ ആഴമായ അറിവു സമ്പാദിക്കുവാൻ ഇത് സഹായി ച്ചു. ഈ പരിശീലനമാണ് പില്ക്കാലത്ത് പുനരൈ ക്യപ്രസ്ഥാനത്തിന്റെ ശക്തനായ വക്താവായി വർത്തിക്കുവാൻ കളമൊരുക്കിയത്. കലാലയ



www.malankaralibrary.com

പഠനം സഭാസംബന്ധമായ വിജ്ഞാനദാഹത്തിന് വിരാമമിടുവാൻ കാരണമായില്ലെന്നു മാത്രമല്ല, അതിനെ സ്ഫുടം ചെയ്ത് പ്രോജ്വലിപ്പിക്കുവാൻ കാരണമായിത്തീർന്നു.

രണ്ടാം വത്തിക്കാൻ സുന്നഹദോസ് ആരംഭിച്ചത്, താൻ അദ്ധ്യാപകവൃത്തിക്ക് ആരംഭം കുറിച്ച അതേ കാലയളവിലായിരുന്നു. യുവസഹജമായ ആവേശത്തോടെ 'കൊച്ചുസാർ' ...

**3. സഭാവിജ്ഞാനീയ പഠനം സഭയെ പടുത്തുയർത്തുന്നതിന്**

അദ്ധ്യാപകൻ എന്നും ഒരു നല്ല വിദ്യാർത്ഥി - പഠിതാവ് - ആയിരിക്കണമെന്ന ചൊല്ല് അന്വർത്ഥമാക്കുന്നതായിരുന്നു സാറിന്റെ ശൈലി. വത്തിക്കാൻ കൗൺസിൽ കത്തോലിക്കാ സഭയെ മാറ്റിമറിച്ചു. മറ്റു സഭകൾ പോലും കൗൺസിൽ പ്രമാണരേഖകൾ സശ്രദ്ധം വീക്ഷിച്ചു.

കളിലും മാത്രമല്ല യാക്കോബായ, മാർത്തോമ്മ, സി. എസ്. ഐ. സഭകളിലെ സുവിശേഷയോഗങ്ങളിൽ പങ്കെടുത്ത് തിരുസഭയുടെ കാഴ്ചപ്പാടുകൾ പങ്കുവയ്ക്കുവാൻ ക്ഷണം ലഭിച്ചിട്ടുണ്ടെന്നത് സ്മർത്തവ്യമാണ്. കത്തോലിക്കാസഭയിലെ വിവിധ പള്ളികളിൽ ഒരു കാലഘട്ടത്തിൽ സ്ഥിരം ക്ഷണിതാവായിരുന്നു. ഐക്യ കൺവെൻഷനുകൾ, എക്യുമെനിക്കൽ വേദികൾ, സർവ്വമത സമ്മേളനങ്ങൾ എന്നിവിടങ്ങളിൽ സ്ഥിരം സാന്നിദ്ധ്യമായിരുന്നു. വൈ. എം. സി. എ. പ്രസ്ഥാനത്തിന്റെ ഈറ്റില്ലമായ മദ്ധ്യതിരുവിതാംകൂറിലെ പ്രാർത്ഥനാവാരസമ്മേളനങ്ങളിലെ മുഖ്യ സന്ദേശകനായിരുന്നു. അഞ്ചു താലന്തുകൊണ്ട് അഞ്ചുകൂടി സമ്പാദിച്ചവരുടെ ഗണത്തിൽ പെട്ടതുവഴി യജമാനന്റെ സന്തോഷത്തിലേക്ക് പ്രവേശിക്കുവാൻ അദ്ദേഹത്തിന് കഴിയുമെന്നതിൽ സംശയമില്ല.



കൗൺസിൽ പഠനങ്ങൾ നടപ്പാക്കുന്നതിന് 'ഇന്നത്തെ ഇന്ത്യ സഭ' എന്ന പേരിൽ മേഖല-രൂപത-പ്രാദേശിക-ദേശീയ തലങ്ങളിൽ നടത്തിയ പഠനസെമിനാറുകൾ സാറിനെ ആവേശഭരിതനാക്കി. 1967 ൽ ആലുവായിൽ നടന്ന റീജണൽ സെമിനാറിലും 1969 ൽ ബാംഗ്ലൂരിൽ നടത്തിയ ദേശീയ സെമിനാറിലും രൂപതയെ പ്രതിനിധീകരിച്ചതുവഴി ആഴമായ അറിവു നേടി. കൗൺസിൽ പ്രമാണരേഖകൾ ആധികാരികമായി ചർച്ച ചെയ്യുവാനും പഠിപ്പിക്കുവാനും ഇതുവഴി പ്രാവീണ്യം നേടി. ആ ആധികാരികത സഭാനേതാവെന്ന നിലയിൽ അദ്ദേഹത്തെ കൂടുതൽ ശക്തനാക്കി. സഭാനഭസ്സിലെ ധ്രുവ നക്ഷത്രമായി ഉദിച്ചുയരുവാൻ ഇത് ഏറെ സഹായിച്ചു. തിരുവല്ല രൂപതയിലും യുവജന വേദി

**4. രാഷ്ട്രീയ-സാമുദായിക നേതൃത്വത്തിലേക്കുള്ള ചുവടുവയ്പുകൾ**

1959 ൽ നടന്ന ഐതിഹാസികമായ വിമോചന സമരത്തിൽ യുവസഹജമായ ഊർജ്ജസ്വലതയോടെ പങ്കെടുത്ത് ഇ. ജോൺ ജേക്കബിനോടൊപ്പം അറസ്റ്റു വരിച്ച ചരിത്രവും ഓർക്കുന്നു. രാഷ്ട്രീയ അരങ്ങേറ്റമായി ഇതിനെ കാണണം. 1960 ൽ തിരുവനന്തപുരം മാർ തെയോഫിലോസ് ട്രെയ്നിംഗ് കോളജിലെ പഠനകാലത്ത് പില്ക്കാലത്ത് AICUF ആയി രൂപാന്തരപ്പെട്ട കാത്തലിക് സ്റ്റുഡൻസ് യൂണിയൻ പ്രസിഡണ്ടായും, തിരുവനന്തപുരം സിറ്റി കൗൺസിൽ ജനറൽ സെക്രട്ടറിയായും വിദ്യാർത്ഥി രാഷ്ടീയത്തിൽ അരങ്ങേറ്റം കുറിച്ചു. കേരളത്തിലെ കാത്തലിക് കോളജുകളിൽ



www.malankaralibrary.com

ഐക്കഫ് ക്യാമ്പുകൾക്ക് നേതൃത്വം നൽകി. 1962 മുതൽ കേരള കത്തോലിക്ക വിദ്യാർത്ഥിസഖ്യത്തിന്റെ തിരുവല്ല രൂപതാ പ്രസിഡന്റായും സംസ്ഥാന വൈസ് പ്രസിഡന്റായും നേതൃരംഗത്ത് ധീരമായ ചുവടുകൾ വച്ചു. സുപ്രീംകോടതി ചീഫ് ജസ്റ്റിസും ന്യൂനപക്ഷ കമ്മീഷൻ ചെയർമാനായും പ്രവർത്തിച്ച റിട്ട. ജസ്റ്റിസ് സിറിയക്ക് ജോസഫ്, ചങ്ങനാശ്ശേരിയുടെ ജനനായകനും കേരള കോൺഗ്രസ് ഉപാദ്ധ്യക്ഷനുമായിരുന്ന ദിവംഗതനായ മുൻ M.L.A സി. എഫ്. തോമസ് എന്നിവരോടൊപ്പം K. C. S. L നേതൃരംഗത്ത് ചുവടുറപ്പിച്ചു.

1963 ൽ കേരള കാത്തലിക് ടീച്ചേഴ്സ് ഗിൽഡിന്റെ തിരുവല്ല റീജിയൻ പ്രസിഡന്റായതുമുതൽ വിവിധ കേന്ദ്രങ്ങളിൽ അദ്ധ്യാപകർക്ക് നൽകിയ സ്റ്റഡിക്ലാസ്സുകൾക്കും ഏകാന്തധ്യാനങ്ങൾക്കും സ്വയം നേതൃത്വം നൽകി. ഒരു തലമുറയുടെ ആശയപരമായ അടിത്തറ ഉറപ്പിക്കുന്നതിനും ദിശാബോധം നൽകുന്നതിനും ഇത് സഹായകമായി.1964 ൽ കേരള കോൺഗ്രസ് രൂപം കൊണ്ട സമയത്ത് തിരുവല്ല ഏരിയായിൽ അതിന് നേതൃത്വം നൽകിയത് മറ്റാരുമായിരുന്നില്ല. കേരള കോൺഗ്രസ് നേതാവും മുൻ മന്ത്രിയുമായ ഇ. ജോൺ ജേക്കബ് ഇലഞ്ഞിക്കലുമൊത്ത് അപ്പർ കുട്ടനാട്ടിൽ പാർട്ടിയുടെ അടിത്തറ ഉറപ്പിക്കുവാൻ അഹോരാത്രം യത്നിച്ചു. ഭാഗ്യസ്മരണാർഹനായ മാർ അത്തനാസ്യോസ് തിരുമേനിയുടെ പൈതൃകാശീർവ്വാദവും സമ്പൂർണ്ണ പിന്തുണയും അതിനുണ്ടായിരുന്നു.1980 ലെ കേരള നിയമസഭാ തെരഞ്ഞെടുപ്പിൽ കേരള കോൺഗ്രസ് സ്ഥാനാർത്ഥിയായി മത്സരിച്ചുവെങ്കിലും തലനാരിഴയ്ക്ക് വിജയം കൈവിട്ടുപോയി. പത്തനംതിട്ട ജില്ലാ രൂപീകരണത്തിൽ ശ്രദ്ധേയമായ പങ്കുവഹിച്ചു. ജില്ലാവികസന സമിതിയംഗം, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി സെനറ്റ് മെമ്പർ, കേരള ഫിനാൻഷ്യൽ എന്റർ പ്രൈസസ് (K. S. F. E) ഡയറക്ടർ ബോർഡ് മെമ്പർ, അപ്പർ കുട്ടനാട് നെൽകർഷകസമിതി കൺവീനർ തുടങ്ങി അദ്ദേഹത്തിന്റെ പ്രവർത്തന രംഗങ്ങൾ വിശാലവും അതിവിപുലവുമായിരുന്നു. അദ്ദേഹത്തിന്റെ സ്വരത്തിന് ഏവരും കാതോർക്കുമായിരുന്നു.

വിമോചനസമരത്തിന്റെ ആവേശജ്വാല കെടാതെ സൂക്ഷിക്കുകവഴി 1972 ലെ കോളജ് പ്രക്ഷോഭ കാലത്ത് തിരുവല്ലയിലെ സമരസമിതി കൺവീനറായിരുന്ന ആ അദ്ധ്യാപകൻ അവധിയെടുത്ത് സമരജ്വാലയെ ഊതിക്കത്തിച്ചു. തിരുവല്ല രൂപതയ്ക്ക് ഒരു കോളജ് പോലും ഇല്ലാതിരുന്ന കാലത്ത് കാണിച്ച ഈ ആവേശം സഭാസ്നേഹവും സമുദായത്തോടുള്ള കൂറും രക്തത്തിൽ അലിഞ്ഞു ചേർന്നതുകൊണ്ടുമാത്രമായിരുന്നു.

1965 മുതൽ (32 -ാം വയസ്സിൽ) പ്രൈവറ്റ് സ്കൂൾ ടീച്ചേഴ്സ് അസ്സോസിയേഷൻ (P. S. T. A) തിരുവല്ല വിദ്യാഭ്യാസ ജില്ലാ സെക്രട്ടറിയായി മൂന്നു വർഷം പ്രവർത്തിച്ചു. 1966 ൽ അദ്ധ്യാപക സമരസമിതി തിരുവല്ല ജില്ലാ കൺവീനർ, 1987-89 കാലയളവിൽ ഹെഡ്മാസ്റ്റേഴ്സ് ഫോറം ജില്ലാ ജനറൽ കൺവീനർ, 1999 മുതൽ ഓൾ കേരള പാരലൽ കോളജ് അസ്സോസിയേഷൻ പ്രസിഡന്റ് എന്നീ നിലകളിൽ വിദ്യാഭ്യാസരംഗത്ത് നേതൃത്വം നല്കി.

**5. അജപാലന സമിതിയംഗം, യുവജന മാർഗ്ഗദർശി, അല്മായ അസോസിയേഷൻ പ്രസിഡണ്ട്**

വത്തിക്കാൻ സുന്നഹദോസിന്റെ രൂപതാഭരണ നൈയ്യാമിക തത്വദർശനാനുസൃതം കേരള കത്തോലിക്കാസഭയിൽ പാസ്റ്ററൽ കൗൺസിൽ എന്ന ഉപദേശക സമിതി ഇദംപ്രഥമായി രൂപംകൊണ്ടത് തിരുവല്ല ഭദ്രാസനത്തിലായിരുന്നു. 1968 ലെ അതിന്റെ ആരംഭംമുതൽ നീണ്ട മുപ്പതു വർഷക്കാലം തുടർച്ചയായി അതിന്റെ അംഗമായിരുന്നു. പുനരൈക്യ സുവർണ്ണജൂബിലിയാഘോഷങ്ങൾ കോട്ടയം കേന്ദ്രമാക്കി നടത്തപ്പെട്ട 1980 ഡിസംബറിൽ - ഇന്നേക്ക് നാല്പത് വർഷം മുമ്പ് - ആ മഹാസമ്മേളനത്തിന്റെ അല്മായ കൺവീനറായി സ്തുത്യർഹമായി സേവനമനുഷ്ഠിച്ചു. അന്നു കാട്ടിയ നേതൃപാടവവും സംഘാടനമികവും അത്യുദാത്തമായിരുന്നു.

അഖില കേരള കത്തോലിക്ക കോൺഗ്രസ്സ് (A. K. C. C ) ന്റെ വർക്കിങ്ങ് കമ്മറ്റി മെമ്പറായി 1966 ൽ നോമിനേറ്റ് ചെയ്യപ്പെട്ടതു മുതൽ അതിന്റെ യുവജന വിഭാഗമായ K. C. Y. O (കേരള കാത്തലിക് യൂത്ത് ഓർഗനൈസേഷൻ) ന്റെ സംസ്ഥാന വൈസ് പ്രസിഡന്റായും, തിരുവല്ല രൂപതയിലെ സ്ഥാപക പ്രസിഡന്റായും, യുവജനനിരയെ പടുത്തുയർത്തുന്നതിൽ പ്രശംസനീയമായ പങ്കുവഹിച്ചു. മലങ്കര കത്തോലിക്കാസഭയിലെ യുവജന സംഘടനക്ക് ഊടും പാവുമിടുന്നതിൽ ബഹു. സാറിന്റെ ദർശനവും ഉപദേശവും അഭിവന്ദ്യ അത്തനാസ്യോസ് തിരുമേനിയെ നിർണ്ണായകമായി സ്വാധീനിച്ചതിന്റെ ഫലമായി 1968 ൽ തിരുവല്ല രൂപതയിൽ യുവജനപ്രസ്ഥാനം ഉത്ഭവം പ്രാപിച്ചു. കേരള കത്തോലിക്ക രൂപതകളിൽ ഇത് ആദ്യമായിരുന്നു എന്നതും സ്മർത്തവ്യമത്രേ. എക്കാലവും ഷെവലിയർ വർഗ്ഗീസ് കരിപ്പായിസാറിന്റെ ശബ്ദം യുവജനങ്ങൾക്ക് ആവേശവും ആമോദവും പകർന്നു. കാരണം അത് പരിണിതപ്രജ്ഞനായ ഒരു അദ്ധ്യാപകന്റെ ആധികാരിക ശബ്ദമായിരുന്നു.

മലങ്കര കത്തോലിക്കാസഭയുടെ എക്കാലത്തെയും താത്വികാചാര്യനും അതിന്റെ സ്വയംശീർഷകത്വത്തിന്റെ അടിത്തറ നിർണ്ണയിച്ച് ബലിഷ്ഠമാക്കുകയും ചെയ്ത ഭാഗ്യസ്മരണാർഹനായ മോറാൻ മോർ സിറിൽ ബസ്സേലിയോസ് കാതോലിക്കാബാവായുടെ ദർശനത്തിൽ 1996 ൽ രൂപം കൊണ്ട മലങ്കര കത്തോലിക്ക അല്മായ അസോസിയേഷന്റെ (M.C.A) സഭാതല പ്രസിഡന്റായി നോമിനേറ്റ് ചെയ്യപ്പെട്ടത് ബഹു. വർഗീസ് കരിപ്പായിൽസാറായിരുന്നു. 1999 ൽ ഒരു വട്ടംകൂടി നേതൃസ്ഥാനമലങ്കരിച്ചതുവഴി ആഴത്തിൽ വേരോട്ടമുള്ള ഒരു സഭാസംഘടനയായി അതിനെ വളർത്തി വലുതാക്കി. രാഷ്ട്രീയ-സാമുഹ്യ സംഘടനാ


www.malankaralibrary.com

പാടവവും മികവും എം. സി. എ. യുടെ വളർച്ചയ്ക്കായി ഉപയോഗിച്ചു. അത് പത്രപ്രസ്താവനവഴിയോ മറ്റു സാങ്കേതിക മികവ് വഴിയോ ആയിരുന്നില്ല. പ്രത്യുത പാറശ്ശാല മുതൽ കാസർകോഡുവരെയുള്ള ഇടവകകളിൽ ബസ്സിൽ യാത്രചെയ്ത് അല്മായരെ നേരിൽ കണ്ട് ആവശ്യകത ബോദ്ധ്യപ്പെടുത്തുക വഴിയായിരുന്നു എന്ന സത്യം ആരെയാണ് ഹർഷപുളകിതരാക്കാത്തത്! അത്ഭുത പരതന്ത്രരാക്കാത്തത്!

ഇതേ കാലയളവിൽ ഉത്ഭവം കൊണ്ട കേരള കാത്തലിക് ഫെഡറേഷന്റെ പ്രഥമ പ്രസിഡന്റും മറ്റാരുമായിരുന്നില്ല. രണ്ടായിരാമാണ്ടിൽ അഖിലേന്ത്യാ കാത്തലിക് യൂണിയൻ ദേശീയ സെക്രട്ടറിയായി നോമിനേറ്റു ചെയ്യപ്പെട്ടു. അദ്ദേഹത്തെ സഭ എത്രമാത്രം ആദരിക്കുകയും സഭ എത്രമാത്രം ആദരിക്കുകയും ആശ്രയിക്കുകയും ചെയ്തു എന്നതിന്റെ തെളിവാണിത്. ഒരേ സമയം സഭാപരവും സംഘടനാപരവും രാഷ്ട്രീയവുമായ ഒട്ടനേകം പ്രസ്ഥാനങ്ങളുടെ താക്കോൽസ്ഥാനം വഹിക്കുവാനുള്ള അനിതരസാധാരണമായ ചാതുര്യം ജന്മസിദ്ധമായി അദ്ദേഹത്തിൽ വിളങ്ങിയിരുന്നു; അശ്രാന്ത പരിശ്രമംവഴി അതിനെ സ്ഫുടം ചെയ്യുവാൻ വ്യക്തിപരമായി അദ്ദേഹം ശ്രദ്ധിക്കുകയും ചെയ്തു. അതേ Some are born great.

**6. പ്രബുദ്ധനും പ്രതിബദ്ധത കാത്തുസൂക്ഷിക്കുകയും ചെയ്ത അല്മായ നേതാവ്**

വാക്ചാതുരി മാത്രമല്ല കൃതഹസ്തനായ ഒരു എഴുത്തുകാരൻകൂടിയായിരുന്നു ഷെവലിയർ. 26-ാം വയസ്സിൽ അരുണോദയം മാസികയിലാണ് അച്ചടിമഷി ആദ്യം പതിഞ്ഞത്. അന്നു മുതൽ കഴിഞ്ഞ വർഷം വരെ ഏതെങ്കിലും പ്രസിദ്ധീകരണങ്ങളിലും മാസികകളിലും അദ്ദേഹത്തിന്റെ ഈടുറ്റ ലേഖനങ്ങൾ പ്രകാശിതമായിരുന്നു. 1964 ൽ ബോംബെ ദിവ്യകാരുണ്യ കോൺഗ്രസ്സിൽ The Reunion Movement in India എന്ന ഗ്രന്ഥം കാർഡിനൽ വലേരിയൻ ഗ്രേഷ്യസ് പ്രകാശനം ചെയ്തു. ദി കാത്തലിക് ന്യൂസ് സർവ്വീസ് ഓഫ് ഇൻഡ്യ, ദി ന്യൂ സീഡർ എന്നീ പത്രങ്ങളുടെ റിപ്പോർട്ടറായി നാലുവർഷം പ്രവർത്തിച്ചു.

1965 മുതൽ എല്ലാ വർഷവും നടത്തിവരുന്ന പുനരൈക്യാഘോഷങ്ങളിൽ ആ ശബ്ദം മുഴങ്ങിയിരുന്നു, ഏതാനും വർഷം മുമ്പുവരെ ശബ്ദസൗകുമാര്യത്തിനുടമയായ സാറിന്റെ പ്രാസനുപ്രാസഭംഗിയിൽ താളലയാത്മകമായി കടലിരമ്പലിന്റെയും മേഘഗർജനത്തിന്റെയും മാറിമാറി വരുന്ന സ്വരരാഗലയത്തിലുള്ള എത്ര ചാരുതയായിരുന്നു! എത്ര ലാവണ്യമായിരുന്നു. 'അഞ്ചു പേരിൽ ആരംഭിച്ച് അമ്പതാണ്ടുകൊണ്ട് അഞ്ചുലക്ഷം പിന്നിട്ട വിശ്വാസിഗണങ്ങളുള്ള മലയാളനാട്ടിലെ മഹൽസംഗമമായി മാറിയ പുനരൈക്യപ്രസ്ഥാനം ....' എന്നു തുടങ്ങുന്ന ആ വാങ്മയ പ്രപഞ്ചം അണ്ഡകടാഹങ്ങളെ പ്രകമ്പനം കൊള്ളിച്ചിരുന്നു; ശ്രോതാക്കളെ കോൾമയിർ കൊള്ളിച്ചിരുന്നു. കേട്ടിട്ടുള്ള മുതിർന്നവരുടെ കാതുകളിൽ ആ സ്വരം ഇന്നും പ്രതിധ്വനിക്കുന്നുണ്ടാവണം. ചമല്ക്കാരഭംഗിയോടെയുള്ള ആ വിളംബരം ഒന്നുമാത്രം മതിയാകുമായിരുന്നു വിശ്വാസിഗണങ്ങളെ ത്രസിപ്പിക്കുവാൻ.

തിരുവല്ല രൂപതയുടെ വിദ്യാഭ്യാസ കൗൺസിൽ അംഗം, പുഷ്പഗിരി മെഡിക്കൽ കോളജിന്റെ ഗവേണിങ്ങ് ബോഡിമെമ്പർ, ഫാമിലി അപ്പോസ്റ്റലേറ്റ് ജനറൽ ബോഡി അംഗം, മതബോധന കൗൺസിൽ അംഗം... ഇങ്ങനെ ഒട്ടനവധി മേഖലകളിൽ ആ സാന്നിദ്ധ്യം നിറഞ്ഞുനിന്നു. രൂപതയുടെ എവിടെയും ഉയർത്തിക്കാട്ടാവുന്ന തിളങ്ങുന്ന മുഖമായിരുന്നു അത്. ഒപ്പം സഭ അല്മായർക്ക് ഭരണതലത്തിൽ നല്കുന്ന പങ്കാളിത്തത്തിന്റെ നിദർശനവും.

**7. ഉത്തമനായ കുടുംബനാഥൻ**

ബഹുകാര്യപര്യാകുലതകളുടെ മദ്ധ്യേയും കുടുംബജീവിതസൗഹൃദം കണ്ണിലെ കൃഷ്ണമണി പോലെ കാത്തു സൂക്ഷിച്ചിരുന്നു. നിഷ്ഠയോടെയുള്ള യാമപ്രാർത്ഥനയും നോമ്പനുഷ്ഠാനവും ക്രിസ്തീയജീവിതമാതൃകയും ആരെയും ആകർഷിക്കാൻ പോന്നതായിരുന്നു. ഷെവലിയാർ സഭയ്ക്ക് നല്കിയ ഉദാത്തമായ സമ്മാനമാണ് തന്റെ ഇളയപുത്രനെ പൗരോഹിത്യത്തിന്റെ നടയിൽ സമർപ്പിച്ചത്. പിതാവിൽനിന്ന് ക്രൈസ്തവ ജീവിതമാതൃകയും വിശ്വാസജീവിതവും കണ്ടുപഠിച്ച ബഹു. ജോസഫ് കരിപ്പായിലച്ചൻ പിതാവിന്റെ കാലടിപ്പാടുകളെ പിന്തുടർന്ന് ഉത്തമ പുരോഹിതനായി തിരുവല്ല അതിഭദ്രാസന വൈദികഗണത്തോടൊപ്പം പൗരോഹിത്യ ശുശ്രൂഷ ശ്രേയസ്ക്കരമായി നിർവ്വഹിക്കുന്നു. ആ പിതാവിനെ ബലിപീഠത്തിൽ എല്ലാനാളും ഓർത്തു പ്രാർത്ഥിച്ചുകൊണ്ട്.

സഹധർമ്മിണി ശ്രീമതി സൂസി വർഗീസിനോടും പ്രിയ മക്കളോടും കുടുംബത്തോടുമുള്ള അഗാധമായ അനുശോചനം പ്രാർത്ഥനാനിർഭരമായി അറിയിക്കുന്നു.

**8. ഷെവലിയാർ സ്ഥാനം നൽകി സഭയുടെ ആദരം**

ഉത്തമനായ ഈ സഭാതനയനെ സഭ ആദരിച്ചു. ശ്രേഷ്ഠവും നിസ്വാർത്ഥവുമായ സഭാ സേവനങ്ങളെ സഭയും സമുദായവും എക്കാലവും ആദരവോടെ നോക്കിക്കണ്ടിരുന്നു. അതിന്റെ അനശ്വര അടയാളമായി പരിശുദ്ധ പിതാവ് ജോൺ പോൾ രണ്ടാമൻ പാപ്പ 2004 ൽ ഷെവലിയാർ സ്ഥാനം നല്കി ആദരിച്ചു. തിരുവല്ല അതിഭദ്രാസനത്തിന്റെ ചരിത്രത്തിൽ ഇദംപ്രഥമമാണ് ഇപ്രകാരം ഒരു സമാദരം നൽകിയത്.

പ്രിയ ഷെവലിയർ വർഗീസ് കരിപ്പായിൽസാറിന്റെ സ്മരണ എക്കാലവും സഭാതനയർക്ക് മാതൃകയും പ്രചോദനവുമാകട്ടെ. പ്രിയ ഷെവലിയാർ ! അങ്ങ് നിത്യം ജീവിക്കും. സന്തോഷങ്ങളുടെ മണവറയിൽ - ഇമ്പങ്ങളുടെ പറുദീസായിൽ - ആനന്ദിക്കുവാൻ അങ്ങേയ്ക്ക് ഇടയാകട്ടെ.



www.malankaralibrary.com

# ദൈവത്തിന്റെ വിശ്വസ്തനായ കാര്യസ്ഥൻ

## [ഷെവലിയാർ വർഗീസ് കരിപ്പായിൽസാറിന്റെ മൃതസംസ്കാരമദ്ധ്യേ കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവ നടത്തിയ അനുസ്മരണ പ്രസംഗം]

**ആ**ഴമേറിയ ദൈവബന്ധത്തിൽ നിലയുറപ്പിക്കുകയും, എല്ലാ മനുഷ്യരോടും സ്നേഹത്തിൽ കഴിയുകയും, ദൈവം നൽകിയ തന്റെ ആയുസ്സിൽ നന്മ ചെയ്യുന്നതിൽ ഉത്സാഹം കാണിക്കുകയും, പ്രത്യാശയോടുകൂടി ജീവിതത്തിന്റെ സായാഹ്നത്തിൽ



ജീവിക്കുകയും ചെയ്ത നമുക്ക് ഏറെ പ്രിയങ്കരനായ ഷെവലിയാർ വർഗീസ് കരിപ്പായിൽ സാർ പുനരുത്ഥാനത്തിന്റെ പുതിയ അനുഭവത്തിലേക്ക് പ്രവേശിച്ചിരിക്കുകയാണ്. നാം അദ്ദേഹത്തോട് സംസാരിച്ചിട്ടുണ്ട്, അദ്ദേഹം നമ്മോടും സംസാരിച്ചിട്ടുണ്ട്, നാം അദ്ദേഹത്തോട് ചേർന്ന് നടന്നിട്ടുണ്ട്, അദ്ദേഹത്തിന്റെ പ്രഭാഷണങ്ങൾ കേട്ടിട്ടുണ്ട്, അദ്ദേഹത്തോടൊപ്പം ആരാധനയിൽ സംബന്ധിച്ചിട്ടുണ്ട്, അദ്ദേഹത്തിന് വി.കുർബാന കൊടുത്തിട്ടുണ്ട്, അദ്ദേഹം നമ്മോട് ചേർന്ന് എല്ലാ തലങ്ങളിലും നീങ്ങിയിട്ടുണ്ട്. ഇതാ ഇപ്പോൾ മുതൽ നാം പ്രവേശിച്ചിട്ടില്ലാത്ത പുതിയ അനുഭവത്തിലേക്ക് പ്രിയപ്പെട്ട കരിപ്പായിൽ സാർ പ്രവേശിച്ചിരിക്കുകയാണ്, പുനരുത്ഥാനത്തിന്റെ, നിത്യതയുടെ ജീവനിലേക്ക്. കർത്താവ് അരുളിചെയ്തു, എന്നിൽ വിശ്വസിക്കുന്നവൻ, മരിച്ചുവെന്ന് ലോകക്രമപ്രകാരം തോന്നുമെങ്കിലും, നിത്യജീവനിലേക്ക് പ്രവേശിച്ചിരിക്കുന്നു. കർത്താവിനെക്കുറിച്ച് നാം എല്ലായ്പ്പോഴും പറയുന്ന ഒരു കാര്യം, അവിടുന്ന് വാഗ്ദാനത്തിൽ വിശ്വസ്തനാണെന്നതാണ് – faithful to His promise. അവിടുന്ന് എന്ത് വാഗ്ദാനം നമുക്ക് ചെയ്തിട്ടുണ്ടോ, അത് അവിടുന്ന് നൽകിയിരിക്കും. കർത്താവിന്റെ വഴിയെ, കർത്താവിന്റെ സുവിശേഷത്തെ അനുഗമിച്ച് നടന്നിട്ടുള്ള ഈ ഉത്തമ കുടുംബനാഥനെ



www.malankaralibrary.com

സംബന്ധിച്ച് കർത്താവ് വാഗ്ദാനം ചെയ്തത്, ഈ പിതാവിൽ നിറവേറുകതന്നെ ചെയ്തിരിക്കുകയാണ്. ആയതിനാൽ പുനരുത്ഥാനത്തിന്റെ, പുനർജീവിതത്തിന്റെ പുതിയ അനുഭവത്തിൽ പ്രവേശിച്ചിരിക്കുന്ന ഈ പ്രിയപ്പെട്ട കുടുംബനാഥന്, നമ്മുടെ പ്രിയപ്പെട്ട കരിപ്പായിൽ സാറിന്, ദൈവസന്നിധിയിൽ നിത്യമായ ശാന്തി, സമാധാനം, ജീവിതത്തിന്റെ മഹത്വം ലഭിക്കട്ടെ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു.

പ്രിയപ്പെട്ട കുടുംബാംഗങ്ങൾ, പ്രിയപ്പെട്ട മക്കൾ, ബന്ധുമിത്രാദികൾ, സ്നേഹിതർ എന്നിവരോട് ഈ നിമിഷത്തിൽ പങ്കുവയ്ക്കാനുള്ളത് നഷ്ടപ്പെട്ടുപോയ ഒരു ജീവിതത്തിന്റെ കഥയെക്കുറിച്ചല്ല മറിച്ച്, മഹത്വം പ്രാപിച്ച ഒരു ജീവിതത്തിന്റെ ഔന്നത്യത്തെക്കുറിച്ചാണ്. അദ്ദേഹം ഇപ്പോൾ നേടിയിരിക്കുന്ന ജീവിതത്തിന്റെ മഹത്വം മനുഷ്യർക്ക് ചിന്തിക്കുവാൻ കഴിയാത്തതാണ്. എന്നാൽ ദൈവത്തിന് ഔദാര്യത്തോടെ നൽകുവാൻ കഴിയുന്നത്, തന്റെ കൂടെയിരുത്തുവാനുള്ള നമ്മുടെ ഭാഗ്യമാണ്. ദൈവം ഈ ആത്മാവിനെ സ്വന്തമായി സ്വീകരിക്കുമാറാകട്ടെ. ദീർഘമായി സംസാരിക്കുന്നതിന് അവകാശമുള്ള ഒരു ധന്യജീവിതമാണ് കരിപ്പായിൽ സാറിന്റേതെങ്കിലും, ധാരാളം ആളുകൾ ഈ ജീവിതത്തെക്കുറിച്ച് ഇതിനോടകംതന്നെ വ്യത്യസ്തമായ സമയങ്ങളിൽ പങ്കുവച്ചു കഴിഞ്ഞതിനാലും, ഈ ശുശ്രൂഷയ്ക്ക് ശേഷം മറ്റൊരു സമ്മേളനം ഇവിടെ നടക്കുന്നതിനാലും, സമയത്തിന്റെ പരിമിതിയിൽ നിന്നുകൊണ്ട്, സഭയുടെ ശുശ്രൂഷി എന്ന നിലയിൽ, സഭയ്ക്കുവേണ്ടി, ഏതാനും കാര്യങ്ങൾ ചുരുക്കമായി പറയാൻ ആഗ്രഹിക്കുന്നു.

പൊതുസമൂഹത്തിൽ കരിപ്പായിൽ സാർ എല്ലാവരുടേതുമായിരുന്നു എന്നതാണ് പരമമായ യാഥാർത്ഥ്യം. നമ്മുടെ സഭയെ സംബന്ധിച്ച് നമ്മുടെ ഒരു മകൻ, ഒരു മകൾ, ഒരു പിതാവ്, ഒരു മാതാവ്, ഒരു സഹോദരൻ, ഒരു സഹോദരി പൊതുസമൂഹത്തിൽ എല്ലാവർക്കും സ്വീകാര്യനാണെന്നും, എല്ലാവർക്കും നന്മ ചെയ്യുന്നവനാണെന്നും കേൾക്കുന്നതാണ് സഭയ്ക്കുള്ള ഏറ്റവും വലിയ സർട്ടിഫിക്കറ്റ്. അത് നമുക്ക് പരപ്രേരണ കൂടാതെ സമ്പാദിച്ചു നൽകിയ സഭയുടെ വിശ്വസ്തനായ മകനാണ് ഷെവലിയാർ വർഗീസ് കരിപ്പായിൽസാർ. അദ്ദേഹത്തിന്റെ അധ്യാപകനെന്ന ശുശ്രൂഷ - ഇരുവെള്ളിപ്ര സ്കൂളുമായി ബന്ധപ്പെട്ട നീണ്ട കാലത്തെ സമർപ്പണം, വിശ്വാസ പരിശീലകൻ, സൺഡേസ്കൂൾ അധ്യാപകൻ എന്ന ശുശ്രൂഷ ഉത്തമനായ കുടുംബനാഥനെന്ന സവിശേഷമായ ചരിത്രം, സഭയുടെ പ്രേക്ഷിത ശുശ്രൂഷയ്ക്ക് എപ്പോഴും സഭയെ സജ്ജമാക്കിയ വിശ്വസ്തനായ കാര്യസ്ഥൻ. അദ്ദേഹത്തിന്റെ ജീവിതത്തിന്റെ റെക്കോർഡുകൾ വളരെ വലുതാണ്. മലങ്കര സുറിയാനി കത്തോലിക്കാസഭയിൽ ഒരു യുവജനപ്രസ്ഥാനം ആരംഭിക്കുമ്പോൾ അതിന്റെ ആദ്യത്തെ പ്രസിഡണ്ട് വർഗീസ് കരിപ്പായിൽ. മലങ്കര കാത്തലിക് അസോസിയേഷൻ സഭാതലത്തിൽ ക്രമീകരിക്കപ്പെട്ടപ്പോൾ അതിന്റെ സഭാതല പ്രസിഡന്റായി ആദ്യം പരിഗണിച്ച് അംഗീകരിച്ചതും ഈ നാമംതന്നെ. കേരളത്തിലെ സീറോ മലബാർ സഭയുടേയും, ലത്തീൻ സഭയുടേയും മലങ്കര സുറിയാനി കത്തോലിക്കാസഭയുടേയും അല്മായ പ്രേഷിതരുടെ ഔദ്യോഗിക സംഘടന രൂപീകരിക്കപ്പെട്ടപ്പോൾ കേരള കത്തോലിക്കാസഭ ആദ്യം നിർദ്ദേശിച്ചതും, അംഗീകരിച്ചതുമായ നാമം വർഗീസ് കരിപ്പായിൽ സാറിന്റേതാണ്. അറുനൂറോളം ദൈവാലയങ്ങളിൽ ഈ കുടുംബനാഥൻ സുവിശേഷ പ്രബോധനം നൽകിയിട്ടുണ്ടെന്നുള്ളത് അദ്ദേഹം ആരായിരുന്നു എന്നത് സൂചിപ്പിക്കുന്നു. സഭയിൽ ഇപ്രകാരമുള്ള ശുശ്രൂഷകളുടെ ഇടയിലും, ഇതോടൊപ്പവും പൊതുസമൂഹത്തിൽ, വിശാലമായ മനുഷ്യസമൂഹത്തിൽ, കരിപ്പായിൽസാർ പ്രിയങ്കരനായി ജീവിച്ചു. അദ്ദേഹത്തിന്റെ ബോധ്യങ്ങൾ അദ്ദേഹം കൈവിട്ടില്ല. എന്നാൽ ബോധ്യങ്ങൾ ബന്ധങ്ങൾക്ക് തടസ്സമായി ഒരിക്കലും നിന്നിട്ടുമില്ല. പ്രിയപ്പെട്ട കരിപ്പായിൽ സാർ യുവജന സംഘടനയുടെയും, മലങ്കര കാത്തലിക് അസോസിയേഷന്റെയും, കേരളാ കാത്തലിക് ഫെഡറേഷന്റെയും പ്രസിഡന്റായിരിക്കുമ്പോൾ അദ്ദേഹം നമ്മുടെ കരങ്ങളിലേക്ക് തന്നിട്ടു പോയ നിയോഗത്തിന് ഒരു ശുദ്ധിയുണ്ട്. തനിക്കുശേഷം പ്രളയം എന്നതല്ല, തനിക്ക് ശേഷം തന്നേക്കാൾ സമർത്ഥരായ പുതിയ തലമുറ ഈ ശുശ്രൂഷയിലേക്ക് വരണം എന്ന് ആഗ്രഹിച്ച് രണ്ടാം നിരയെ പരിശീലിപ്പിച്ചുകൊണ്ട് വന്നിട്ടുള്ള അതുല്യമായ ഒരു ചരിത്രമുണ്ട്. അതെല്ലാം അദ്ദേഹം അർപ്പിച്ച ദൈവബന്ധത്തിൽ നിന്ന് സമാഹരിച്ച ചില നിലപാടുകളും പുണ്യങ്ങളുമാണ്. ഈ സഭ അത് ഓർത്ത് അഭിമാനിക്കുന്നു, സന്തോഷിക്കുന്നു. പൊതുസമൂഹത്തിൽ എല്ലാവരോടും ചേർന്നു പ്രവർത്തിക്കുന്നതിന് കരിപ്പായിൽസാർ എപ്പോഴും ശ്രദ്ധുള്ളവനായിരുന്നു. അദ്ദേഹം രാഷ്ട്രീയമായ, സാമൂഹ്യമായ നേതൃനിരയിൽനിന്ന് പ്രവർത്തിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ ചുറ്റുമുള്ള ആളുകൾ വല്ലപ്പോഴുമെങ്കിലും പങ്കുവച്ചിട്ടുള്ള ഒരു വേദന, കയ്യിലേക്ക് വന്ന ഒരു നിയമസഭ സമാജികത്വം, അത് നഷ്ടപ്പെട്ടുപോയ അനുഭവത്തെക്കുറിച്ചാണ്. പഴയകാല നേതാക്കന്മാർക്ക് ആ സംഭവമൊക്കെ അറിയാം. പക്ഷേ കരിപ്പായിൽ സാറിന്റെ മഹത്വം, പരിശുദ്ധ പിതാവ് അദ്ദേഹത്തെ അല്മായർക്കുള്ള ഒരു വിശിഷ്ടമായ അംഗീകാരം - ഷെവലിയാർ സ്ഥാനം - നൽകി ആദരിക്കുവാൻ ആഗ്രഹിക്കുന്നുവെന്ന് ഞാൻ തിരുവല്ല അതിരൂപതയിൽ ശുശ്രൂഷ ചെയ്യുന്ന വേള



www.malankaralibrary.com

യിൽ അദ്ദേഹത്തോട് പറഞ്ഞപ്പോൾ ഒരു നിമിഷം എന്റെ കയ്യിൽ പിടിച്ച്, എന്റെ മുഖത്തേക്ക് നോക്കി, മോതിരം ചുംബിച്ച് എന്നോട് പറഞ്ഞു, എന്റെ സകല വേദനയും ഇതോടുകൂടി അവസാനിക്കുന്നു.

സഭയുടെ എല്ലാ ഔദ്യോഗിക തലങ്ങളിലും പ്രവർത്തിക്കുന്നതിന് നിരന്തരം അദ്ദേഹം യാത്ര ചെയ്യുകയും പ്രസംഗിക്കുകയും പഠിപ്പിക്കുകയും ചെയ്തിരുന്നു. അദ്ദേഹത്തിന്റെ ഒരു പ്രത്യേകത പഴയ വികാരിമാർക്കറിയാം. വേങ്ങൽ, എന്ന അദ്ദേഹത്തിന്റെ ഇടവകയിൽ വരുമ്പോൾ ഇവിടുത്തെ സാധാരണ ഇടവകക്കാരൻ, കയറ്റുപായയിൽ ഇരിക്കുവാൻ, പ്രാർത്ഥന നടത്തുവാൻ, വായനകൾ നടത്താൻ അദ്ദേഹം എപ്പോഴും മുൻപന്തിയിലുണ്ടായിരുന്നു. ഒരു ഇടവകാംഗം എന്ന നിലയിൽ ഇവിടെനിന്നും മാറി നിൽക്കാൻ ആഗ്രഹിക്കാത്ത ഒരു കുടുംബസ്ഥനും, ഇടവകാംഗവുമായി കരിപ്പായിൽ സാർ അതുല്യമായ സാക്ഷ്യം നൽകിയിട്ടുണ്ട്. എന്റെ ഇടവക വേങ്ങൽ ഇടവക ആണെന്ന് പറഞ്ഞ് വലിയ അഭിമാനത്തോടുകൂടി അദ്ദേഹം സംസാരിക്കുമായിരുന്നു.

കുടുംബത്തെക്കുറിച്ച് അദ്ദേഹം അഭിമാനം കൊള്ളുന്നതുപോലെ, അദ്ദേഹത്തിന്റെ ഈ കൊച്ചു ഇടവകയെക്കുറിച്ചും അഭിമാനത്തോടുകൂടി എപ്പോഴും സംസാരിച്ചിരുന്നു. പരിശുദ്ധ പിതാവ് അല്മായർക്കുള്ള വലിയ അംഗീകാരമായ ഷെവലിയാർ പദവി നൽകി നമ്മുടെ അതിരൂപതയിൽനിന്ന് കരിപ്പായിൽ സാറിനെ ബഹുമാനിച്ചപ്പോൾ, യഥാർത്ഥത്തിൽ ഉത്തമനായ ഒരു കുടുംബനാഥനെ, സഭയിൽ വിശ്വാസമർപ്പിച്ചിരുന്ന ഒരു പ്രേഷിതനെയാണ് പരിശുദ്ധ പിതാവ് ബഹുമാനിച്ചത്. അതിൽ ഏറെ സന്തോഷത്തോടുകൂടി, ഈ അതിരൂപതയും, സഭയും അഭിമാനിക്കുന്നു, സന്തോഷിക്കുന്നു, ദൈവത്തെ സ്തുതിക്കുന്നു. അദ്ദേഹം നമ്മിൽനിന്ന് ഇപ്പോൾ കർത്താവിന്റെ പക്കലേക്ക് പൂർണ്ണമായി മാറിയിരിക്കുമ്പോൾ നിത്യമായ ഭാഗ്യവും സമാധാനവും ഇനി അനുഭവിക്കട്ടെ. മലങ്കര സുറിയാനി കത്തോലിക്കാസഭയ്ക്കും പൊതുസമൂഹത്തിനും നൽകിയ അതുല്യമായ നേതൃത്വത്തെക്കുറിച്ച്, അദ്ദേഹവുമായുള്ള ബന്ധത്തെക്കുറിച്ച് ജസ്റ്റിസ് സിറിയക് ജോസഫ് സാർ ഇന്നത്തെ മനോരമയിൽ കുറിച്ച്വച്ചിട്ടുണ്ട്. ഇന്നലത്തെ ദീപിക ദിനപത്രത്തിൽ നമ്മുടെ ബഹുമാന്യനായ ജേക്കബ് പുന്നൂസ് സാർ കരിപ്പായിൽ സാറിനെക്കുറിച്ചുള്ള ബന്ധത്തെക്കുറിച്ച് സൂചിപ്പിച്ചിട്ടുണ്ട്. അനേകായിരം ആളുകളുടെ മനസ്സിൽ കരിപ്പായിൽ സാർ തീക്ഷ്ണമതിയായ സഭാസ്നേഹിയായി, അതോടൊപ്പം അചഞ്ചലമായ പ്രതിബദ്ധതയോടെകൂടി പൊതുസമൂഹത്തിന്റെ കാവൽക്കാരനായി നിലകൊണ്ടു എന്ന് അനുസ്മരിക്കുന്നത് നമുക്ക് സന്തോഷം പകരുന്നു. ദൈവത്തെ അനുസരിക്കുകയും, സ്നേഹിക്കുകയും, ദൈവം കല്പിച്ചതുപോലെ സകല മനുഷ്യരെയും സ്നേഹിക്കുകയും കരുതുകയും ചെയ്ത സഭയുടെ വിശ്വസ്തനായ ഈ കുടുംബനാഥനെ ഏറെ ബഹുമാനത്തോടെ, ആദരവോടെ, സന്തോഷത്തോടെ, നന്ദിയോടെ നമുക്ക് യാത്രയാക്കാം.

പ്രിയപ്പെട്ട കരിപ്പായിൽ കുടുംബം, അവർ എവിടെയെല്ലാം സന്നിഹിതരാണോ, അവിടെയെല്ലാം സഭയുടെ ഹൃദയപൂർവ്വമായ ഒരു അടുപ്പം കാത്തുസൂക്ഷിക്കുന്നവരാണ്. പ്രിയപ്പെട്ട മക്കളും, ഈ കുടുംബവുമായി ബന്ധപ്പെട്ട് വന്നിട്ടുള്ള മറ്റ് കുടുംബങ്ങളും ഈ ബന്ധത്തിൽ വലിയ ആത്മീയമായ ഒരു അടിത്തറയും, ഒപ്പം ഊഷ്മളമായ സമീപനവും എല്ലാക്കാലവും സ്വീകരിച്ചിട്ടുണ്ട്. ഓരോരുത്തരേയും ഞാൻ നന്ദിയോടെ ഓർക്കുന്നു. പുതിയ തലമുറയിലെ കുഞ്ഞുമക്കളെയും ഓർക്കുന്നു. ഈ കുടുംബം സഭയുടെ വലിയ സ്വത്തായി അടുത്ത തലമുറ കളിലേക്കും വ്യാപരിക്കട്ടെ, പ്രവർത്തിക്കട്ടെ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു. പ്രിയപ്പെട്ട കരിപ്പായിലച്ചൻ ഈ കുടുംബത്തിൽനിന്ന് സഭയിൽ പൗരോഹിത്യ ശുശ്രൂഷ വളരെ കരുതലോടും ഔദാര്യത്തോടുംകൂടി നിർവഹിക്കുന്ന പ്രിയപ്പെട്ട മകനാണ്. അദ്ദേഹത്തിന്റെ പൗരോഹിത്യശുശ്രൂഷയ്ക്ക് നന്ദി പറയുന്നു. കരിപ്പായിൽസാറിന്റെ ബന്ധത്തിന്റെ തുടർച്ചയായി, പ്രിയപ്പെട്ട അച്ചന്റെ ശുശ്രൂഷയെ നാം വിലമതിക്കുന്നു. അച്ചനോടുള്ള ബന്ധവും സ്നേഹവും സാറിനോടുള്ള ബന്ധമായി എപ്പോഴും കാത്തുസൂക്ഷിക്കുന്നതിന് ഏവരും മുമ്പിൽ നിന്നിട്ടുണ്ട്. സ്വർഗ്ഗത്തിൽ ഈ വത്സല പിതാവ് അച്ചനുവേണ്ടിയും സഭയ്ക്കു വേണ്ടിയും പ്രാർത്ഥിക്കുന്നത് ഭാഗ്യമായി നമുക്ക് അനുഭവിക്കാം. ഈ നിമിഷത്തിൽ പിതാവ് വേർപെട്ടതിന്റെ ദു:ഖമുണ്ടെങ്കിലും സ്വർഗ്ഗത്തിൽ ദൈവപിതാവ്, ഈ വത്സല പിതാവിന് ഇടം നൽകിയിരിക്കുന്നുവെന്ന ആത്മസന്തോഷം അച്ചന്റെ ശുശ്രൂഷയെ കൂടുതൽ ശക്തിപ്പെടുത്തട്ടെ. പ്രിയപ്പെട്ട കുടുംബാംഗങ്ങളേവരുടേയും ദു:ഖം കർത്താവ് മായിച്ചുകളയട്ടെ, ധൈര്യപ്പെടുത്തട്ടെ. പരിശുദ്ധാത്മാവ് വിശ്വാസത്തിൽ നിങ്ങളെ ബലപ്പെടുത്തട്ടെ. അതിശക്തനായ ഒരു പിതാവ്, സ്വർഗ്ഗത്തിൽ നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുവാൻ, ദൈവത്തിന്റെ സന്നിധിയിൽ ആയിരിക്കുന്നുവെന്നത് നിങ്ങൾക്ക് വലിയ ബലം നൽകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

ദൈവം നമ്മെയെല്ലാവരെയും അനുഗ്രഹിക്കുമാറാകട്ടെ.



www.malankaralibrary.com

# ഷെവലിയാർ വർഗീസ് കരിപ്പായിൽ

## മലങ്കര കത്തോലിക്കാ സഭയുടെ ശ്രേഷ്ഠ പുത്രൻ



**പ്രൊഫ. ജേക്കബ് എം. ഏബ്രഹാം**
(മുൻ പ്രസിഡന്റ്, കേരള കാത്തലിക് ഫെഡറേഷൻ)

1975 കാലഘട്ടം. തിരുവല്ല അതിഭദ്രാസനത്തിലെ എം.സി.വൈ.എം.ന്റെ (യുവദീപം) പ്രവർത്തനങ്ങളിൽ ആദ്യമായി ഞാൻ പങ്കെടുത്തിരുന്ന കാലം. രൂപതാതലത്തിലും മേഖലാതലങ്ങളിലും നടത്തിയിരുന്ന എല്ലാ പഠനപരിപാടികളിലും യുവജനങ്ങൾക്ക് ആവേശം പകർന്നു നല്കിയിരുന്ന വന്ദ്യ ഗുരുനാഥനായിരുന്നു പ്രിയപ്പെട്ട വർഗീസ് കരിപ്പായിൽസാർ. തികഞ്ഞ ആത്മാർത്ഥതയും അർപ്പണ മനോഭാവവുമുള്ള സഭാസ്നേഹിയായ നേതാവായിരുന്നു അദ്ദേഹം എന്ന് അന്നുതന്നെ ഞങ്ങൾ തിരിച്ചറിഞ്ഞു. യുവജനപ്രസ്ഥാനത്തിലൂടെ വളർന്ന് സഭയുടെ എല്ലാ പ്രവർത്തനമേഖലകളിലും നിസ്തുലമായ സംഭാവനകൾ നല്കിയ ആ കർമ്മയോഗിയുടെ ജീവിതം എല്ലാവർക്കും മാതൃകയാണ്. സമൂഹത്തിന്റെ എല്ലാ മേഖലകളിലും നിറഞ്ഞു നിന്നിരുന്നുവെന്നതാണ് ഈ ഗുരുശ്രേഷ്ഠനെ വ്യത്യസ്തനാക്കുന്നത്. പ്രഗത്ഭനായ അദ്ധ്യാപകൻ, യുവജനങ്ങളുടെ മാർഗ്ഗദർശി, മാതൃകാജീവിതം നയിച്ചിരുന്ന യുവജന, അത്മായ നേതാവ്, ആദർശശുദ്ധിയുള്ള രാഷ്ട്രീയക്കാരൻ, ഉജ്വല പ്രഭാഷകൻ എന്നീ നിലകളിൽ അദ്ദേഹം ഏറെ ശോഭിച്ചിരുന്നു. പുനരൈക്യപ്രസ്ഥാനത്തിന്റെ പ്രാരംഭ കാലഘട്ടങ്ങളിൽ തനിക്ക് നേരിടേണ്ടി വന്നിരുന്ന തിക്താനുഭവങ്ങളെക്കുറിച്ച് മനസ്സു വേദനിച്ച് പങ്കുവയ്ക്കുന്നത് പലപ്പോഴും കേട്ടിട്ടുണ്ട്. ഈ കയ്പേറിയ അനുഭവങ്ങൾ കൂടുതൽ തീക്ഷ്ണതയോടെ തന്റെ സഭാപ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിന് അദ്ദേഹത്തിനു കരുത്തു നല്കിയെന്നതാണ് യാഥാർത്ഥ്യം. സഭയ്ക്കുവേണ്ടി എന്തു ത്യാഗം സഹിക്കുന്നതിനും സദാ സന്നദ്ധനായിരുന്ന ആ സഭാസ്നേഹിയുടെ മാതൃക വിലപ്പെട്ടതാണ്. തിരുമൂലപുരം സെന്റ് തോമസ് സ്കൂളിൽ അദ്ധ്യാപകനായും തുടർന്ന് പ്രധാനാദ്ധ്യാപകനായും നീണ്ട 3 പതിറ്റാണ്ട് കാലം അദ്ദേഹം അനേകായിരം ശിഷ്യഗണങ്ങൾക്ക് ജീവിതദർശനം പകർന്നു നല്കി. മാതൃകാദ്ധ്യാപകൻ എന്ന നിലയിൽ എല്ലാവരുടെയും ആദരവുകൾ ആർജിക്കുവാനും കഴിഞ്ഞു. ഗണിതശാസ്ത്ര അദ്ധ്യാപകനായിരുന്ന കരിപ്പായിൽസാറിന്റെ കണക്കുകൂട്ടലുകൾ ഒരിക്കലും തെറ്റിയിരുന്നില്ലായെന്ന് ശിഷ്യർ സാക്ഷ്യപ്പെടുത്തുന്നത് കേട്ടിട്ടുണ്ട്. സ്കൂളിൽനിന്നു വിരമിച്ചശേഷം തിരുവല്ല സെന്റ് ജോൺസ് കോളേജിന്റെ പ്രിൻസിപ്പലായും അദ്ദേഹം സ്തുത്യർഹ സേവനം നിർവ്വഹിച്ചു.






www.malankaralibrary.com

കേരള കത്തോലിക്കാസഭയിൽ ആദ്യമായി യുവജനപ്രസ്ഥാനം രൂപം കൊള്ളുന്നത് 1968 ൽ തിരുവല്ല രൂപതയിൽ ആയിരുന്നുവെന്നത് ഒരു പക്ഷേ പലർക്കും അറിവുള്ളതല്ല.



കേരള കാത്തലിക് യൂത്ത് ഓർഗനൈസേഷൻ (കെ.സി.വൈ.ഒ.) എന്ന പേരിൽ അന്ന് രൂപീകരിച്ച സംഘടനയുടെ പ്രഥമ പ്രസിഡന്റ് പ്രിയ കരിപ്പായിൽ സാറായിരുന്നു. ഏറെ വിസ്തൃതമായിരുന്ന രൂപതയിൽ അങ്ങോളമിങ്ങോളം സഞ്ചരിച്ച് പ്രസ്ഥാനം കെട്ടിപ്പടുക്കുവാൻ അദ്ദേഹം അക്ഷീണം യത്നിച്ചു. സുവർണ്ണ ജൂബിലി പിന്നിട്ട നമ്മുടെ യുവജനപ്രസ്ഥാനത്തിന് സാറിന്റെ സേവനം ഒരിക്കലും മറക്കാനാവില്ല. മലങ്കര കത്തോലിക്കാസഭയിൽ ഒരു അത്മായ പ്രസ്ഥാനത്തിന് (മലങ്കര കാത്തലിക് അസോസിയേഷൻ) തുടക്കം കുറിച്ചത് 1996 ലാണ്. ഇതിനു മുൻകൈയെടുത്തത് സഭയുടെ തലവനും പിതാവുമായിരുന്ന മോറാൻ മോർ സിറിൾ ബസ്സേലിയോസ് കാതോലിക്കാബാവായായിരുന്നു. പിതാവിനോടൊപ്പംനിന്ന് എല്ലാ പ്രവർത്തനങ്ങൾക്കും നേതൃത്വം നല്കുകയും അഡ്ഹോക്ക് സമിതിയുടെ പ്രസിഡന്റായി പ്രവർത്തിക്കുകയും ചെയ്തത് ഷെവലിയാർ വർഗീസ് കരിപ്പായിൽ ആയിരുന്നു. തുടർന്നു നടന്ന പ്രഥമ തെരഞ്ഞെടുപ്പിൽ സഭാതല സമിതിയുടെ ആദ്യ പ്രസിഡന്റായി അദ്ദേഹം തെരഞ്ഞെടുക്കപ്പെട്ടു. ഇന്ന് നമ്മുടെ സഭയിൽ എം.സി.എ. പ്രസ്ഥാനം വ്യത്യസ്ത മേഖലകളിൽ ശ്രദ്ധേയമായ പ്രവർത്തനങ്ങൾ കാഴ്ച വയ്ക്കുമ്പോൾ തുടക്കക്കാരനായ ഈ അല്മായ ശ്രേഷ്ഠനെ നമുക്ക് വിസ്മരിക്കാനാവില്ല. കേരള കത്തോലിക്കാസഭയിൽ അല്മായ പ്രസ്ഥാനം (കേരള കാത്തലിക് ഫെഡറേഷൻ) രൂപമെടുക്കുന്നതും ഇതേ കാലഘട്ടത്തിലാണ്. കേരളത്തിലെ 3 റീത്തുകളിലെയും അത്മായ സംഘടനകളുടെ പൊതുവേദിയായ കേരള കാത്തലിക് ഫെഡറേഷന്റെയും പ്രഥമ പ്രസിഡന്റ് പദം അലങ്കരിക്കുവാൻ നമ്മുടെ രൂപതാംഗമായ ഈ അല്മായ നേതാവിനെ തന്നെ കണ്ടെത്തി. ഏറെ ശ്രദ്ധേയമായ പ്രവർത്തനങ്ങൾ ഈ കാലഘട്ടത്തിൽ സഭാതലത്തിൽ ഏറ്റെടുത്ത് നടത്തുന്നതിന് അദ്ദേഹം മുൻകൈയ്യെടുത്തു.

രാഷ്ട്രീയ രംഗത്ത് കരിപ്പായിൽ സാർ വ്യത്യസ്തനായിരുന്നു. മൂല്യാധിഷ്ഠിത രാഷ്ട്രീയത്തിന്റെ വക്താവായി എക്കാലവും അറിയപ്പെട്ടിരുന്ന അദ്ദേഹം കേരള കോൺഗ്രസിന്റെ ആദ്യകാല നേതാക്കളിൽ ഒരാളായിരുന്നു. 1980ൽ തിരുവല്ല നിയോജക മണ്ഡലത്തിൽനിന്നും കേരള നിയമസഭയിലേക്ക് മത്സരിച്ച അദ്ദേഹം തുഛമായ വോട്ടുകൾക്കാണ് പരാജയപ്പെട്ടത്. തന്റെ പരാജയത്തെക്കുറിച്ച് ചില കയ്പേറിയ അനുഭവങ്ങൾ അദ്ദേഹം സ്വകാര്യമായി പങ്കുവച്ചിരുന്നുവെങ്കിലും ആരോടും വിദ്വേഷം വച്ചു പുലർത്തിയിരുന്നില്ലായെന്നത് പ്രത്യേകം പരാമർശിക്കേണ്ടതുണ്ട്. ഉജ്ജ്വല വാഗ്മിയായിരുന്ന അദ്ദേഹത്തിന്റെ പ്രഭാഷണങ്ങൾക്കായി ആളുകൾ കാതോർത്തിരുന്നു. കേരളത്തിലെ ഒട്ടുമിക്ക ക്രൈസ്തവ ദൈവാലയങ്ങളിലും അദ്ദേഹം സുവിശേഷം പ്രസംഗിച്ചു. പല പള്ളികളിലും പെരുന്നാൾ പ്രസംഗത്തിനു പ്രഥമ പരിഗണന കരിപ്പായിൽ സാറിനു തന്നെയായിരുന്നുവെന്നത് ചരിത്രം. സഭയിലെ തന്റെ സേവനങ്ങളെക്കുറിച്ച് മതിവരാത്ത രീതിയിലാണ് അദ്ദേഹം പ്രവർത്തിച്ചത്. പുനരൈക്യ ആഘോഷവേദികളിൽ, മെത്രാഭിഷേക ചടങ്ങുകളിൽ തുടങ്ങി സഭയുടെ എല്ലാ ഔദ്യോഗിക പരിപാടികളിലും മുഖ്യ സംഘാടകനായി ഈ അല്മായ നേതാവ് സജീവ സാന്നിധ്യമായിരുന്നു. കോട്ടയത്തുവച്ച് 1980 ൽ നടന്ന പുനരൈക്യ സുവർണ്ണജൂബിലി പരിപാടികളുടെ മുഖ്യ സംഘാടകരിൽ ഒരാളായിരുന്നു സഭാസ്നേഹിയായ ഈ ഗുരുനാഥൻ. വിവിധ സഭാപ്രവർത്തനങ്ങളിൽ താൻ നല്കിയ സമഗ്ര സംഭാവനകളെ മാനിച്ച് പരിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പ അല്മായർക്കുള്ള പരമോന്നത ബഹുമതിയായ ഷെവലിയാർ പദവി നല്കി പ്രിയ കരിപ്പായിൽസാറിനെ ആദരിച്ചു.

87 വർഷക്കാലത്തെ ധന്യമായ ജീവിതത്തിൽ ഒട്ടേറെ നന്മകൾ, താൻ സ്നേഹിച്ച സഭയ്ക്കും സമൂഹത്തിനും നല്കി ശാന്തമായി വിടവാങ്ങിയ ഷെവലിയാർ വർഗീസ് കരിപ്പായിൽസാർ ആയിരക്കണക്കിന് ജനമനസ്സുകളിൽ ഇനിയും ജീവിക്കും. വന്ദ്യ ഗുരുനാഥന് പ്രണാമം.



www.malankaralibrary.com

# യേശുവിന്റെ മനുഷ്യാവതാരം മനുഷ്യചരിത്രത്തിലെ നവയുഗാരംഭം
## (രണ്ടാം ഭാഗം)



**ഫാ.മാത്യു ആലുംമൂട്ടിൽ**

### യേശുവിന്റെ മുന്നോടിയും പ്രവാചകനും സ്നാപകനുമായ യോഹന്നാൻ

യേശുവിന്റെ മുന്നോടിയായ സ്നാപകയോഹന്നാന്റെ ജന്മദൗത്യം യേശുവിനു വഴിയൊരുക്കുക എന്നതായിരുന്നു. യോഹന്നാന്റെ മഹിതമായ ജനന, ദൗത്യങ്ങളെ പരാമർശിച്ചുകൊണ്ടാണ് നാലു സുവിശേഷകരും അവരുടെ യേശു-ചരിത്ര വിവരണം ആരംഭിക്കുന്നത്. രക്ഷാകര ചരിത്രഗതിയിൽ അവർ തമ്മിൽ നിലനിന്ന ഗാഢബന്ധത്തെ അത് സുവ്യക്തമാക്കുന്നു. ഇരുവരുടെയും തിരുജനനത്തിനു മുമ്പുതന്നെ അതാരംഭിച്ചെന്ന് ലൂക്കാ കണ്ടെത്തുന്നുണ്ട്. ഇരുവരുടെയും ഗർഭാവസ്ഥയിൽ ആ സ്നേഹസൗഹൃദം മൊട്ടിട്ടു വളരാൻ തുടങ്ങി. അതേറെ വിസ്മയകരമാണ്. അതിലും വിസ്മയജന്യമാണ്, ''സ്ത്രീകളിൽനിന്നു ജനിച്ചവരിൽ സ്നാപകയോഹന്നാനെക്കാൾ വലിയവൻ ഇല്ല'' (മത്താ 11:11) എന്ന യേശുവിന്റെ പില്ക്കാല പ്രകീർത്തനം.



യേശുവിന്റെ ശൈശവകാല സംഭവങ്ങൾ കുറിക്കുമ്പോൾ മത്തായിയും ലൂക്കായും അവയെ പഴയനിയമ സൂചനകളുമായി ബന്ധിപ്പിക്കുന്നുണ്ട്. ജ്ഞാനികളുടെ സന്ദർശനം വർണ്ണിക്കുമ്പോൾ (മത്തായി 2:1-12) മിക്കായെ ഉദ്ധരിക്കുന്നു. ''ബേത്ലഹേം-എഫ്രാത്ത, യൂദാഭവനങ്ങളിൽ നീ ചെറുതാണെങ്കിലും, ഇസ്രായേലിനെ ഭരിക്കേണ്ടവൻ നിന്നിൽനിന്നും പുറപ്പെടും; അവൻ പണ്ടേ, യുഗങ്ങൾക്കു മുമ്പേ ഉള്ളവനാണ്'' (മിക്കാ 5:2). ഈജിപ്തിലേക്കുള്ള പലായനവും തിരിച്ചുവരവും പരാമർശിക്കുമ്പോൾ (മത്താ 2:13-15) 'ഈജിപ്തിൽനിന്ന് ഞാൻ എന്റെ മകനെ വിളിച്ചു' (ഹോസി 11:1) എന്ന ഹോസിയാ പ്രവചനത്തെ കൂട്ടുപിടിക്കുന്നു. ലൂക്കായാകട്ടെ, യേശുവിന്റെ ശൈശവകാലം വിവരിക്കുന്നതുതന്നെ പഴയനിയമ ഭാഷാ ശൈലിയിലാണെന്നു പറയാം. സെമറ്റിക് കൈയ്യൊപ്പിൽ



www.malankaralibrary.com

മുദ്രിതം എന്നർത്ഥം. ഉദാഹരണമായി, (1) മംഗള വാർത്തയിൽ (ലൂക്കാ 1:26-38) സാമുവേൽ, സാംസൺ എന്നിവരുടെ ജനന വിവരണ സാമ്യമുണ്ട്. (2) മറിയത്തിന്റെ സ്തോത്രഗീതത്തിൽ (ലൂക്കാ 1:46-56) ഹന്നായുടെ കീർത്തനത്തിന്റെ മുഴക്കം കേൾക്കാനാവും (1സാമു 2:1-10). പൊതുവേ വീക്ഷിച്ചാൽ, ലൂക്കാ കഥകളുപയോഗിച്ച് കാര്യത്തിലേക്കു കടക്കുന്നു എന്നു കാണാം. അതായത്, യഹൂദമതത്തിൽ നിലനിന്ന ഹഗ്ഗാദി മിദ്രാഷ് സാഹിത്യരൂപം (കഥകഥന ശൈലി) ലൂക്കാ ഉപയോഗിക്കുന്നു. പ്രത്യേകിച്ച് യേശുവിന്റെ ശൈശവകാല കഥാകഥനത്തിൽ (ലൂക്കാ 1-2 അദ്ധ്യായം). സുവിശേഷത്തിലെ മറ്റു ഭാഗങ്ങളിൽ ഈ രീതി കാണുന്നില്ല എന്നതും നാം ഓർക്കേണ്ടതാണ്. പഴയനിയമ തിരുവചനങ്ങളുടെ അർത്ഥവും ആഴവും വ്യക്തമാക്കുന്നത് അവ നിറവേറുന്ന പില്ക്കാല സംഭവങ്ങളുടെ വെളിച്ചത്തിലാണ്. അതുവരെ നിഴൽരൂപത്തിൽ നിലകൊള്ളുന്നു. അതിനാലാണ്, പഴയനിയമം, പുതിയനിയമ വെളിച്ചത്തിൽ കൂടുതൽ പ്രകാശിതമാകുന്നു എന്നു പറയുന്നത്.

ഈ സന്ദർഭത്തിൽ, മത്തായിയും ലൂക്കായും വിവരിക്കുന്ന ശൈശവകാല കഥകൾ അവർക്ക് എവിടെനിന്നു കിട്ടി എന്ന ചോദ്യം പ്രസക്തമാണ്. എന്താണ് അവരുടെ സ്രോതസ്? മറിയത്തിന്റെ കുടുംബ പാരമ്പര്യം എന്നതാവും ശരിയുത്തരം. കാരണം, മറിയത്തിൽ നിന്നാണ് അക്കഥകൾ തനിക്കു ലഭിച്ചതെന്ന് ലൂക്കായുടെ സുവിശേഷത്തിൽ സൂചനയുണ്ട്. 'മറിയമാകട്ടെ, ഇവയെല്ലാം ഹൃദയത്തിൽ സംഗ്രഹിച്ച് ധ്യാനിച്ചുകൊണ്ടിരുന്നു' (ലൂക്കാ 2:19) എന്നും, 'അവന്റെ അമ്മ ഇക്കാര്യങ്ങളെല്ലാം ഹൃദയത്തിൽ സംഗ്രഹിച്ചു' (ലൂക്കാ 2:51) എന്നാവർത്തിച്ചും പ്രസ്താവിക്കുമ്പോൾ ഇക്കാര്യങ്ങളെല്ലാം, ലൂക്കായ്ക്കു ലഭിച്ചത് മറിയത്തിൽ നിന്നാണെന്ന് നിശ്ചയിച്ചുറപ്പിക്കാവുന്നതാണ്. മാത്രവുമല്ല, മംഗളവാർത്തയുടെ സാക്ഷ്യം നല്കാൻ മറിയത്തിനല്ലാതെ മറ്റാർക്കു കഴിയും ? ആ മഹത് രഹസ്യത്തിന് സാക്ഷികളില്ലല്ലോ. മംഗളവാർത്ത മുതൽ യേശുവിനു പന്ത്രണ്ടു വയസ്സുള്ളപ്പോൾ മാതാപിതാക്കളോടൊപ്പം ''നസറത്തിൽ എത്തി അവർക്കു വിധേയനായി'' ജീവിതം തുടങ്ങുന്നതുവരെയുള്ള സംഭവങ്ങളുടെ നിജസ്ഥിതി മറിയത്തിൽനിന്ന് ലൂക്കായ്ക്കു ലഭിക്കുന്നു. മറിയത്തിന്റെയും അവളോടൊപ്പമുണ്ടായിരുന്ന കുടുംബവലയത്തിന്റെയും ജാഗ്രത്തായ കൈമാറ്റം വഴി അവ വിശ്വസനീയമായ പാരമ്പര്യസ്രോതസായി പരിണമിച്ചു.

യേശുവിന്റെ ശൈശവകാല സംഭവങ്ങളെ മത്തായിയും ലൂക്കായും വിശദമായും നിജസ്ഥിതിയിലും മനസിലാക്കിയിരുന്നു. അവർ അവയെ തിരുവചനാനുസൃതം വ്യാഖ്യാനിച്ച് നവമായി രൂപം കൊണ്ട സമൂഹത്തിന് സഹായകവും ആവശ്യവുമായ രീതിയിൽ വിവരിച്ചു നല്കി. അവ ബൈബിളിൽ ഇടം കണ്ടെത്തുകയും ചെയ്തു. സാർവത്രികമായ രക്ഷാചരിത്രം ഇതൾ വിടർത്തുന്നത് ചരിത്ര സംഭവങ്ങളിലൂടെയാണല്ലോ. മറ്റു വാക്കുകളിൽ, ദൈവവചനത്തിൽ നിഗൂഢമായിരിക്കുന്ന പൊരുളുകൾ ചരിത്ര സംഭവങ്ങൾ വെളിച്ചത്തു കൊണ്ടുവരുന്നു. അതോടെ അവ ജീവസ്സുറ്റതും നവജീവൻ പ്രദാനം ചെയ്യുവാൻ പ്രാപ്തവുമാണെന്ന് വെളിപ്പെടുകയും ചെയ്യുന്നു. പഴയനിയമത്തിൽ പലപ്പോഴും അനാഥമെന്നോ മൃതപ്രായമെന്നോ തോന്നാവുന്ന ചില വചനഭാഗങ്ങൾ പില്ക്കാല സംഭവങ്ങളിലൂടെ അർത്ഥപൂർണ്ണമാകുമ്പോൾ അവ യഥാക്രമം സനാഥവും ജീവപ്രദവുമായിത്തീരുന്നു. ഉദാഹരണമായി, ''യുവതി ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും. അവൻ ഇമ്മാനുവേൽ എന്നു വിളിക്കപ്പെടും'' (ഏശ 7:14) എന്ന ഏശയ്യായുടെ അടയാള സൂചന മറിയത്തിൽ നിറവേറും വരെ നിറം മങ്ങിയും അനാഥമായും നിലകൊണ്ടു; മറിയത്തിൽ നിറവേറിയപ്പോഴാകട്ടേ അത് മിഴിവുറ്റതും സനാഥവുമായ രക്ഷാ-സ്രോതസായി വെളിപ്പെട്ടു.

മത്തായിയും ലൂക്കായും അവർ ജീവിച്ച സ്ഥലകാല ക്യാൻവാസിൽ തെളിഞ്ഞ ചില സംഭവങ്ങൾ കാണാനിടയായി. അവർ അവയെ തിരുവചന വെളിച്ചത്തിൽ മനസിലാക്കി. മനസിലാക്കിയവയെ സംഭവിച്ച ക്രമത്തിൽ എഴുതി വച്ചു. അവ സംഭവിച്ചതുപോലെ എഴുതുക എന്നതായിരുന്നു അവരുടെ പരിശ്രമം; അല്ലാതെ ഏതാനും 'കഥകൾ മെനയുക' എന്നതായിരുന്നില്ല അവരുടെ ഉദ്ദേശം. ചരിത്രസംഭവങ്ങളെല്ലാം അവർ എഴുതിയതുമില്ല. കാരണം, അതവരുടെ ലക്ഷ്യമായിരുന്നില്ല. ചരിത്രകാരന്റെ കൺവെട്ടത്തിനപ്പുറം തിരുവചന വെളിച്ചമായിരുന്നു അവരിൽ പ്രഭ തൂകി നിന്നത്. അതിനാൽ അവരുടെ പാദം ചരിത്രവേദികളിലാണ് ഉറപ്പിച്ചിരുന്നതെങ്കിലും കണ്ണുകൾ നട്ടിരുന്നത് വിണ്ണിലായിരുന്നു. അതിനാൽ അവർക്ക് രക്ഷാകരസംഭവങ്ങൾ സർഗ്ഗാത്മകമായും സ്വർഗ്ഗോന്മുഖമായും വ്യാഖ്യാനിച്ച് നവജാത സമൂഹത്തിന് ആവശ്യാനുസരണം വിവരിച്ചു നല്കുവാൻ സാധിച്ചു. വിണ്ണ് മണ്ണിനെ അസാധാരണമാംവിധം ആശ്ലേഷിക്കുന്ന, കാലദേശങ്ങളെ കവിഞ്ഞു പോകുന്ന, രക്ഷാകര സംഭവങ്ങളാണ് കാലദേശങ്ങൾക്കുള്ളിൽ അത്ഭുതകരമായി അരങ്ങേറിയത്. കാത്തിരിപ്പിന്റെ യുഗം അവസാനിച്ചു; കാത്തിരിപ്പിന്റെ നാഥനെ അഭിമുഖം കാണാനായ നവയുഗം ആരംഭിക്കുകയും ചെയ്തു. അതുതന്നെയാണ് കാത്തിരിപ്പിന്റെ ക്രൈസ്തവ സവിശേഷതയും സംതൃപ്തിയും - കാത്തിരുന്ന നാഥനെ അഭിമുഖം കാണാനാവുക എന്ന സന്തോഷം!

### സ്നാപകന്റെ ജനനം

മരുഭൂമി വനമായി മാറുമോ? പൂത്തുലയുമോ? ഫലം ചൂടുമോ? അതെ! എന്ന് പ്രവാചകർ പറയുന്നു. ബൈബിൾ രേഖപ്പെടുത്തുന്നു. ദൈവത്തിന്റെ വാഗ്ദാനമാണ്: 'ജീവൻ നൽകാൻ എനിക്കു കഴിയും'എന്നത്. വന്ധ്യയായവൾക്ക് മക്കളെ നല്കാൻ ദൈവം കനിവു കാട്ടുന്നു. ദൈവ കനിവിന്റെ മകനായാണ് മരുഭൂതുല്യം വരണ്ടുപോയ എലിസബത്തിന്റെ ഉദരെ സ്നാപകയോ



www.malankaralibrary.com

ഹന്നാൻ ജന്മം കൊണ്ടത്. അവന്റെ ജനനകഥ പഴയനിയമ ബന്ധിയാണ്. അത് യേശുവിന് സമകാലികമായി നടന്ന വെറുമൊരു ചരിത്രസംഭവം മാത്രമായിരുന്നില്ല. അതിന് നമ്മുടെ ജീവിതമായും ജൈവബന്ധമുണ്ട്. സ്നാപകയോഹന്നാന്റെ മാതാപിതാക്കൾ, സഖറിയായും എലിസബത്തും പുരോഹിതഗണത്തിൽപ്പെട്ടവരായിരുന്നു - അഹറോന്റെയും ലേവ്യയുടെയും പാരമ്പര്യമുദ്ര പതിഞ്ഞവർ. അവരാകെ ഇരുപതു ഗണങ്ങളിലായി ഇരുപതിനായിരം പേർ വരും (1 ദിന 24:7-19). എല്ലാവർക്കും ഒരുമിച്ച് സംബന്ധിക്കാവുന്ന മൂന്നു തിരുനാളുകളേ ഉണ്ടായിരുന്നുള്ളൂ - Passover, Pentecost & Tabernacle. പൊതുശുശ്രൂഷകൾക്ക്, പ്രത്യേകിച്ച് ധൂപാർപ്പണത്തിന് കുറിയിട്ടാണ് പുരോഹിതരെ തിരഞ്ഞെടുത്തിരുന്നത്. എല്ലാവർക്കും അതിനവസരം കിട്ടിയിരുന്നുമില്ല. കിട്ടിയവർക്കാകട്ടെ, അതു ജീവിതത്തിലെ മറക്കാനാവാത്ത മഹാദിനം തന്നെയായിരുന്നു. പുരോഹിത വംശത്തിലെ എട്ടാം ഗണമായ അബിയാ കുടുംബത്തിൽപ്പെട്ട സഖറിയായും ലേവികുല ജാതയായ എലിസബത്തും (ദിന 6:1-3) നീതിനിഷ്ഠരും കർതൃകല്പനകൾ കുറ്റമറ്റവിധം അനുസരിക്കുന്നവരുമായിരുന്നു. എങ്കിലും അവർ ദുഃഖിതരാണ്. അവർക്ക് മക്കളില്ല. ഉണ്ടാകുമെന്ന് പ്രതീക്ഷയുമില്ല. കാരണം, പ്രായം കവിഞ്ഞിരിക്കുന്നു. വിശുദ്ധ ബീഡ് അവരെപ്പറ്റി നിരീക്ഷിക്കുന്നുണ്ട്: ''പഴയനിയമ പൗരോഹിത്യത്തെയും ഉടമ്പടിയെയുമാണ് അവർ പ്രതിനിധീകരിക്കുന്നത്. പൗരോഹിത്യം വിശുദ്ധമാണ്. നീതിനിഷ്ഠ ശ്രേഷ്ഠവുമത്രെ. എന്നിട്ടും മക്കൾക്കു ജന്മം നല്കാനുള്ള ദൈവകൃപ കണ്ടെത്താനവർക്ക് കഴിഞ്ഞില്ല. പുതിയ ഉടമ്പടിയുടെ തിരുനടയിൽ പുത്രനാശീർവാദം കാത്തിരിക്കുന്ന പ്രായം ചെന്ന പഴയ ഉടമ്പടിയുടെ വക്താക്കളായിട്ടാണ് അവർ കാണപ്പെടുന്നത്'' (St.Bede, in Lucan No.103). അത് പഴയ ഉടമ്പടിയുടെ ന്യൂനതകൊണ്ടല്ല. പഴയത് നിഴലായിരുന്നല്ലോ, പുതിയത് അതിന്റെ പൂർത്തീകരണവും (ഹെബ്രാ 9). അർപ്പിക്കുന്നവന്റെ അന്തഃകരണത്തെ വിശുദ്ധീകരിക്കാനാവാത്ത വസ്തുക്കളും മൃഗങ്ങളുമാണല്ലോ പഴയനിയമത്തിൽ സമർപ്പിക്കപ്പെട്ടിരുന്നത് (ഹെബ്രാ 9:9). പുതിയനിയമത്തിൽ യേശു നിത്യരക്ഷ സാധിച്ചത് സ്വരക്തത്തിലൂടെയാണ്, സ്വജീവൻ സമർപ്പിച്ചാണ്. ഹൃദയത്തിൽ മുദ്രിതമാകേണ്ട (ജെറ. 31:31-33) ഈ പുതിയ ഉടമ്പടിക്ക് ജനത്തെ ഒരുക്കാൻ ദൈവം അയച്ച പ്രവാചകനാണ് സ്നാപകയോഹന്നാൻ. അങ്ങനെ പഴയനിയമ പൗരോഹിത്യവും പ്രവാചകത്വവും യോഹന്നാനിലൂടെ യേശുവിലേയ്ക്കുള്ള ദിശ കണ്ടെത്തുന്നു, കൂടുതൽ അടുക്കുന്നു, യേശുമുഖത്തേക്ക് ഉറ്റുനോക്കുവാൻ നമ്മെ ഒരുക്കുകയും ചെയ്യുന്നു. പഴയനിയമ ദൈവശാസ്ത്രത്തിന്റെയും ആത്മീയാരാധനയുടെയും ധ്വനിസാന്ദ്രമായ ഈരടികളാണ് 118-ാം സങ്കീർത്തനത്തിൽ മുഴങ്ങുന്നത്. അതിലെ പ്രധാന പ്രകീർത്തനം യേശുവിലേയ്ക്ക് ഉറ്റുനോക്കുന്നു. ''കർത്താവിന്റെ കാരുണ്യം ശാശ്വതമാണെന്ന് അഹറോന്റെ ഭവനം പറയട്ടെ.... കർത്താവിന്റെ നാമത്തിൽ വരുന്നവൻ അനുഗൃഹീതൻ... അങ്ങാണ് എന്റെ ദൈവം'' (118:2,26-27). പഴയനിയമ ബലിസമ്പ്രദായവും ആരാധനാരീതിയും പുതിയനിയമത്തിൽ 'വചനാരാധന'യ്ക്ക് വഴിമാറുന്നു. എന്താണ് പുതിയനിയമ വചനാരാധന ? വിശുദ്ധ പൗലോസ് ശ്ലീഹാ വ്യക്തമായി പഠിപ്പിക്കുന്നു; ''സഹോദരരേ, നിങ്ങളുടെ ശരീരങ്ങളെ വിശുദ്ധവും ദൈവത്തിനു പ്രീതികരവുമായ സജീവബലിയായി സമർപ്പിക്കുവിൻ. ഇതായിരിക്കട്ടെ നിങ്ങളുടെ യഥാർത്ഥ ആരാധന'' (റോമ 12:1). ഈ യഥാർത്ഥ ആരാധന, പുതിയനിയമത്തിലെ ആത്മീയാരാധന, വചനാരാധനയാണ്; വചനത്തിന് അനുസൃതമായ ആരാധന, വചനത്തിന്റെ ശക്തി സ്ഥിതങ്ങളിലേക്ക് ഉയർത്തുന്ന ആരാധനയാണ്. ''ശരീരങ്ങളെ സജീവബലിയായി സമർപ്പിക്കുവിൻ'' എന്ന ആഹ്വാനത്തിൽ പൗലോസ് ശ്ലീഹാ ശാരിരീക മാനത്തെ ഊന്നിപ്പറഞ്ഞിരിക്കുന്നു. അതിനാൽ നമ്മുടെ ശരീരം, ഭൗതികാസ്തിത്വം തന്നെയാണ് ദൈവത്തിനുള്ള സമർപ്പണയായി, സമ്മാനമായി, തിരുമുൽക്കാഴ്ചയായി ആരാധനയിൽ രൂപാന്തരപ്പെടേണ്ടത്. ക്രിസ്തീയാരാധനയിലെ ഈ പുതിയ രൂപം സാദ്ധ്യമാകുന്നത് നമ്മുടെ നീതിമത്ക്കരണം കൊണ്ടല്ല; തന്റെ പരിശുദ്ധിയിൽ എല്ലാ അശുദ്ധിയേയും ഇല്ലാതാക്കുന്ന യേശുവിന്റെ മാംസം ധരിച്ച സ്നേഹത്തിൽ നാം മാമോദീസായിലൂടെയും ആരാധനയിലൂടെയും ഉൾച്ചേരുന്നതുകൊണ്ടാണ്. സജീവവും വിശുദ്ധവുമായ തന്റെ ശരീരത്തിലേക്ക് യേശു നമ്മെ സ്വീകരിച്ചതുവഴി നാം തന്നെ അവന്റെ വചനമായി, ശക്തിയായി, ശരീരമായി മാറുന്നു. അതെ! ദൈവമായ അവൻ മനുഷ്യനായി വന്നത് നമ്മെ ദൈവമക്കളാക്കാനാണ്; അവനൊപ്പം നിത്യാരാധനയിൽ ആനന്ദിക്കാനും.

### സഖറിയായുടെ സായാഹ്നബലി

എരിയുന്ന കനലിൽ പുരോഹിതൻ കുന്തിരിക്കം സമർപ്പിക്കുന്ന സമയം സമാഗതമായി. ധൂപാർപ്പണത്തിന് കുറി ലഭിച്ച സഖറിയാ, അത് ജീവിതത്തിലെ മഹാദിനമെന്നപോലെ കരുതി ദൈവാലയത്തിൽ പ്രവേശിച്ചു. ധൂപാർപ്പണത്തിലുയരുന്ന സുഗന്ധം സ്വർഗ്ഗത്തേയ്ക്കുയരുന്ന പ്രാർത്ഥനയുടെ പ്രതീകമാണ്. ധൂപാർച്ചനയിലും പ്രാർത്ഥനയിലും മനസുറപ്പിച്ച് ജനം വെളിയിൽ കാത്തുനിന്നു. 141-ാം സങ്കീർത്തനത്തിൽ അപേക്ഷിക്കുന്നുണ്ട്: ''എന്റെ പ്രാർത്ഥന അങ്ങയുടെ സന്നിധിയിലെ ധൂപാർച്ചനയും സായാഹ്നബലിയുമായി സ്വീകരിക്കണമേ'' (141:2). പ്രസ്തുത പ്രാർത്ഥനയെ ''വീണയും സ്വർണ്ണകലശങ്ങളും കൈകളിലേന്തി'' (വെളിപാട് 5:8) യുള്ള ആരാധനയായിട്ടാണ് വെളിപാടു ഗ്രന്ഥം പരാമർശിക്കുന്നത്. ധൂപാർച്ചനയിൽ സംപ്രീതനാകുന്ന ദൈവം മനുഷ്യനുമൊത്ത് പുതിയ തുടക്ക


www.malankaralibrary.com

ങ്ങൾ കുറിക്കുന്നു. അവയുടെ നവീനതയും ചൈതന്യവുമാണ് രക്ഷാകര ചരിത്രത്തിന്റെ ചാലകശക്തി. ഇത്, ലൂക്കായുടെ സുവിശേഷത്തിന്റെ ആരംഭത്തിലെന്ന പോലെ അവസാനത്തിലും വ്യക്തമാണ് - യഥാക്രമം സ്നാപകയോഹന്നാന്റെ ജന്മവും ദൗത്യവും സാക്ഷ്യവും; ശ്ലീഹന്മാരുടെ പരിശുദ്ധാത്മാഭിഷേകവും ലോകമിഷൻ ദൗത്യവും (ലൂക്കാ 24:47-53).

സഖറിയായുടെ ധൂപാർപ്പണ സമയം സംഭവിച്ച സംഗതികൾക്ക് പഴയനിയമ തിരുവചനങ്ങളിൽ സൂചനകളുണ്ട്. അവ നിറവേറിക്കഴിയുമ്പോൾ അവയുടെ ധ്വനിസാന്ദ്രമായ അർത്ഥതലങ്ങൾ മിഴിവുറ്റു പ്രകാശിതമാകുന്നു. തിരുവചനങ്ങളിൽ സാന്നിദ്ധ്യവും സാക്ഷ്യവും ഉള്ളതുകൊണ്ടാണ് പ്രസ്തുത സംഭവങ്ങൾക്ക് സാംഗത്യമേറുന്നതും, അവ ''നിറവേറപ്പെട്ട വചനങ്ങളായി'' നിലകൊള്ളുന്നതും. സ്നാപകയോഹന്നാൻ വാഗ്ദാനത്തിന്റെ മകനാണ്. തന്റെ സായാഹ്നബലിമദ്ധ്യേ സഖറിയായ്ക്ക് ലഭിച്ച ദൈവത്തിന്റെ വാഗ്ദാനം ഇതാണ്: എലിസബത്തിൽ തന്റെ പുത്രൻ ജനിക്കും; അവന് യോഹന്നാൻ എന്ന് പേരിടണം. സഖറിയായുടെയും എലിസബത്തിന്റെയും പ്രായാധിക്യം കാരണം തീർത്തും അസാദ്ധ്യമായ സമയം ദൈവത്തിന്റെ വാഗ്ദാന മകനായി ജനിച്ചതുകൊണ്ട് യോഹന്നാൻ പൂർണ്ണമായും ദൈവത്തിന്റെതാണ്; ദൈവദാനമാണ്. തത്തുല്യനായ മറ്റൊരു വാഗ്ദാന മകനാണ് ഇസഹാക്ക്. വൃദ്ധരായ അബ്രഹാമിനും സാറായിക്കും പ്രായാധിക്യത്താൽ ആശയറ്റ വേളയിൽ ദൈവം നല്കിയ വാഗ്ദാനമാണ്: ''വസന്തത്തിൽ ഞാൻ തീർച്ചയായും തിരിയെ വരും. അപ്പോൾ നിന്റെ ഭാര്യ സാറായ്ക്ക് ഒരു മകനുണ്ടായിരിക്കും'' (ഉല് 18:10). അവനാണ് അബ്രഹാമിനു നല്കപ്പെട്ട സന്താന പരമ്പരകളുടെ വാഗ്ദാനത്തിന്റെ അവകാശിയായ ഇസഹാക്ക്. പിന്നീട്, തന്റെ ഭാര്യ റബേക്കാ വന്ധ്യയെന്നു കണ്ട് ഇസഹാക്ക് ദൈവത്തോട് മനംനൊന്ത് പ്രാർത്ഥിക്കുന്നുണ്ട്. ''അവന്റെ പ്രാർത്ഥന കേട്ട് ദൈവം അവന് റബേക്കായിൽ രണ്ടു മക്കളെ ഒരുമിച്ചു നല്കി - ഏശാവും യാക്കോബും'' (ഉല് 25:21-26). മനോവയ്ക്കും അവന്റെ വന്ധ്യയായ ഭാര്യയ്ക്കും ദൈവം കനിഞ്ഞു നല്കിയ മകനാണ് സാംസൺ (ന്യായ 13:2-7). എൽക്കാനയുടെ ഭാര്യ ഹന്ന ദൈവാലയ കവാടത്തിൽ കരഞ്ഞു നടത്തിയ പ്രാർത്ഥനയിൽ സംപ്രീതനായ ദൈവം നല്കിയ മകനാണ് സാമുവേൽ (1 സാമു 1:1-20). അസാദ്ധ്യതകളെ സാദ്ധ്യതകളാക്കി പരിണമിപ്പിക്കുന്ന ദൈവം പ്രായമേറിയ ദമ്പതികൾക്ക് മഹിത മക്കളെ നല്കി ചരിത്രത്തെ നവോന്മേഷത്തോടെ മുന്നോട്ടു നയിക്കുന്നു. ഗർഭാവസ്ഥയിൽ മനുഷ്യജീവനെ നശിപ്പിക്കുകയും പ്രായമായവരെ വലിച്ചെറിയുകയും ചെയ്യുന്ന ആധുനിക അപചയത്തിന്റെ നേരേ ദൈവം ഉയർത്തുന്ന ശക്തമായ ശബ്ദം കൂടിയാണ് മുകളിൽ സൂചിപ്പിച്ച മഹത് ജന്മങ്ങൾ. അവരുടെ നീണ്ട നിരയിലെ ശ്രേഷ്ഠസ്ഥാനീയനാണ് സ്നാപകയോഹന്നാൻ.

സഖറിയായും ഗബ്രിയേൽ ദൂതനും തമ്മിൽ നടന്ന സംഭാഷണത്തിനു തുല്യമായ സംഭവം ബൈബിളിൽ മറ്റെവിടെയെങ്കിലും സന്നിഹിതമാണോ ? അതിന്റെ മുഴക്കം മലാക്കിയുടെയും ദാനിയേലിന്റെയും പ്രവചനങ്ങളിൽ കേൾക്കാനാവും. മലാക്കി പ്രവചിക്കുന്നു: ''ഏലിയായെ ഞാൻ നിങ്ങളുടെ അടുത്തേയ്ക്കയയ്ക്കും..... അവൻ പിതാക്കന്മാരുടെ ഹൃദയം മക്കളിലേയ്ക്കും മക്കളുടെ ഹൃദയം പിതാക്കന്മാരിലേയ്ക്കും തിരിക്കും'' (മലാക്കി 4:5-6). മലാക്കി മറ്റൊന്നുകൂടി പറഞ്ഞു വച്ചിട്ടുണ്ട്: ''ഇതാ! എനിക്കു മുമ്പേ വഴിയൊരുക്കുവാൻ ഞാൻ എന്റെ ദൂതനെ അയയ്ക്കുന്നു. നിങ്ങൾ തേടുന്ന കർത്താവ് ഉടൻതന്നെ തന്റെ ആലയത്തിലേയ്ക്ക് വരും'' (മലാക്കി 3:1). ഏലിയായുടെ നിയോഗവും യോഹന്നാന്റെ കർമ്മദൗത്യവും തമ്മിൽ സാമ്യമുണ്ടെന്ന് ഈ പ്രവചനങ്ങൾ വ്യക്തമായി സൂചിപ്പിക്കുന്നു. ഏലിയായുടെ ശക്തിയും ചൈതന്യവുമാണ് യോഹന്നാന്റെ മുഖശോഭയിൽ നിഴലിക്കുന്നത്. കർത്താവിന്റെ വരവിനുവേണ്ടി ഒരു ജനതയെ ഒരുക്കുവാൻ ഏലിയാ വീണ്ടും വരുമെന്നുള്ള പ്രതീക്ഷയാണ് യോഹന്നാൻ നിറവേറ്റിയത്. 'കർത്താവിനുവേണ്ടി വഴിയൊരുക്കുന്നവൻ' എന്ന പേരിനു പോലും അവൻ അർഹനായി. യോഹന്നാനിലൂടെ ഏലിയാ ഇതാ! തിരിച്ചു വരുന്നു എന്ന പ്രതീതിയാണ് ജനങ്ങളിലുണ്ടായത്. തന്മൂലം യോഹന്നാൻ പ്രവാചക സ്ഥാനത്തു പ്രതിഷ്ഠിക്കപ്പെടുക മാത്രമല്ല പ്രവാചകന്മാരുടെ ഉന്നത പീഠത്തിൽ അവരോധിക്കപ്പെടുകയും ചെയ്തു. ഈ പ്രവചന പ്രകാശങ്ങളിലൂടെ നാം എത്തിച്ചേരുന്നത് യേശുവിന്റെ വരവിലേക്കും യേശുവിൽ വരുന്നത് കർത്താവ് തന്നെയാണെന്നുള്ള ചരിത്രസത്യത്തിലേക്കുമാണ്.

ദാനിയേലിന്റെ പ്രവചനത്തിലേക്കു പ്രവേശിക്കുമ്പോൾ സഖറിയായ്ക്കെന്നപോലെ 'സായാഹ്ന ബലിയുടെ സമയത്താണ്' ഗബ്രിയേൽ ദാനിയേലിനേയും സന്ധിക്കുന്നത് എന്നു കാണാം (ദാനി 9:21). ഗബ്രിയേലിനെ പേരുചൊല്ലി വിളിക്കുന്ന ഏക പഴയനിയമഗ്രന്ഥം ദാനിയേലിന്റേതാണ്. ദൈവജനത്തിന്റെ ശോഭനഭാവിയുടെ ദൂതുമായി വന്ന ഗബ്രിയേൽ സഖറിയായുടെ സംശയ നിവാരണാർത്ഥം സ്വയം പരിചയപ്പെടുത്തിയത് ശ്രദ്ധേയമാണ്: ''കർത്താവിന്റെ സന്നിധിയിൽ നില്ക്കുന്ന ഗബ്രിയേലാണു ഞാൻ'' (ലൂക്കാ 1:19). ദൈവസന്നിധിയിൽനിന്നു വരുന്ന ഗബ്രിയേലിന്റെ ദാനിയേലിനോടുള്ള പ്രവചനത്തിൽ സംഭവിക്കാനിരിക്കുന്ന ദുരിതപർവങ്ങളുടെ സൂചനകളുണ്ടായിരുന്നു. അവയോടൊപ്പം രക്ഷയുടെ നിർണ്ണായക സമയം വെളിപ്പെടുത്തുന്നുമുണ്ട്. അതു തന്നെയാണ് ഗബ്രിയേലിന്റെ ദൗത്യനിർവഹണത്തിന്റെ കാതലും. ദാനിയേലിന്റെ


www.malankaralibrary.com

പ്രവചനം തുടരുന്നു: ''ശാശ്വതനീതി നടപ്പാക്കുന്നതിന്... വർഷങ്ങളുടെ എഴുപത് ആഴ്ചകൾ നിശ്ചയിക്കപ്പെട്ടിരിക്കുന്നു... അഭിഷിക്തനായ ഒരു രാജാവു വരുന്നതുവരെ എഴുപത് ആഴ്ചകൾ ഉണ്ടായിരിക്കും (ദാനി 9:24-25). സഖറിയായോട് ഗബ്രിയേൽ മാലാഖ ദൂതറിയച്ചതു മുതൽ ശിശുവായ യേശുവിനെ ദൈവാലയത്തിൽ സമർപ്പിച്ചതു വരെ എഴുപത് ആഴ്ചകളുണ്ടെന്ന് റെനെ ലൗറെന്റിൻ എന്ന പണ്ഡിതൻ അഭിപ്രായപ്പെടുന്നു. ഇവിടെ സൂചിതയായിരിക്കുന്ന പ്രധാന കാര്യം ദൈവത്തിന്റെ ശാശ്വത നീതി സമയത്തിൽ പ്രവേശിച്ചിരിക്കുന്നു എന്നതാണ്. അതൊരു ചരിത്ര യാഥാർത്ഥ്യമായിരിക്കുന്നു! അതിനാൽ സുവിശേഷകൻ പറഞ്ഞു വയ്ക്കുന്നു: പ്രവചനങ്ങൾ നിറവേറിയിരിക്കുന്നു. സഖറിയായുടെ സായാഹ്നബലിയിൽ സംഭവിച്ച നിഗൂഢ രഹസ്യങ്ങൾ, രക്ഷയുടെ മണിക്കൂറിന്, യേശുവിന്റെ സമാഗമനത്തിന്, അകമ്പടി പോവുകയായിരുന്നു. സ്നാപകൻ യേശുവിന് മുന്നോടിയായതു പോലെ.

**യേശുവിന്റെ ജനനം-ലൂക്കായുടെ സുവിശേഷത്തിൽ**

ഭൂതകാല സംസ്കാരങ്ങളിലെവിടെയും ഒരു സുവർണ്ണകാലം ഉണ്ടായിരുന്നെന്ന് കണ്ടെത്താനാവും. മനുഷ്യവർഗ്ഗത്തിന്റെ തന്നെ സുവർണ്ണകാലം സൃഷ്ടിയുടെ ആരംഭം, പറുദീസാ നഷ്ടത്തിനു മുമ്പുള്ള കാലമായിരുന്നു. എങ്ങും കളങ്കമേശാത്ത അതിസ്വാഭാവിക കാലം! പ്രപഞ്ചം പാട്ടിലും നൃത്തത്തിലുമായിരുന്നു; പൂവും പൂക്കളവും കൊണ്ടലംകൃതവും! പ്രസ്തുത പ്രപഞ്ചസൗന്ദര്യം പെട്ടെന്നു തകിടം മറിയുകയോ ? അതെ! പറുദീസ നഷ്ടപ്പെട്ടു. ആ നഷ്ടത്തിന് ദൈവകല്പന ധിക്കരിച്ച ഒരു സ്ത്രീ (ഹവ്വാ)യും അവളുടെ അനുസരണക്കേടും നിമിത്തമായി. എങ്കിൽ, പറുദീസായുടെ പുനഃസൃഷ്ടിക്ക് മറ്റൊരു സ്ത്രീയും അവളുടെ അനുസരണയും കാരണമായി ഭവിച്ചു. അവളാണ് അതുലിതയായ പരിശുദ്ധ മറിയം. അവളുടെ ധീരമായ അനുസരണയെ പ്രകീർത്തിച്ച് രണ്ടാം നൂറ്റാണ്ടിലെ സഭാപിതാവ് ഇരണേവൂസ് നടത്തിയ പ്രസിദ്ധ വാക്കുകളുപയോഗിച്ചുകൊണ്ട് രണ്ടാം വത്തിക്കാൻ സുനഹദോസ് ഇപ്രകാരം വ്യക്തമാക്കുന്നു; ''ഹവ്വായുടെ അനുസരണക്കേടിന്റെ കെട്ടഴിച്ചത് മറിയത്തിന്റെ അനുസരണയാണ്''. അപ്രകാരം, ഹവ്വായിലാരംഭിച്ച ധാർഷ്ട്യത്തിന്റെയും അനുസരണക്കേടിന്റെയും പാത അവസാനിച്ചത് മറിയത്തിന്റെ ദൈവത്തോടുള്ള വിനയത്തിലും അനുസരണയിലുമാണ്.

**മറിയത്തോടുള്ള മംഗളവാർത്ത**

മറിയത്തോടുള്ള മംഗളവാർത്തയിൽ എലിസബത്തിനേയും മറിയത്തേയും അവരുടെ ഗർഭാവസ്ഥ ശിശുക്കളേയും തമ്മിൽ ലൂക്കാ ബന്ധിപ്പിക്കുന്നുണ്ട്. ''ആറാം മാസം'' എന്ന രണ്ടു വാക്കുകളിലൂടെയാണ് അപ്രകാരം ചെയ്യുന്നത് (ലൂക്കാ 1:26). ആറുമാസം ഇടവിട്ട് ഗബ്രിയേൽ മാലാഖ എലിസബത്തിനേയും മറിയത്തേയും സന്ദർശിച്ച് അവരിലൂടെ യഥാക്രമം യോഹ





www.malankaralibrary.com

ന്നാനും യേശുവും ജനിക്കുമെന്നുള്ള മംഗളവാർത്തയാണ് അറിയിക്കുന്നത്. അപ്രകാരം, അവരുടെ ജനനവും ജന്മദൗത്യങ്ങളും, അവയിൽ എലിസബത്തിനും മറിയത്തിനുമുള്ള അനന്യമായ ഭാഗധേയങ്ങളും ലൂക്കാ ഭംഗ്യന്തരേണ ബന്ധിപ്പിക്കുന്നു. തന്റെ മംഗളവാർത്തയെ തുടർന്ന് മറിയം എലിസബത്തിനെ തിടുക്കത്തിൽ സന്ദർശിക്കുന്നുണ്ട്. അത്, മറ്റൊരു പ്രധാന രംഗത്തിന് കളമൊരുക്കുന്നു. ജന്മത്തിനു മുമ്പുതന്നെ യേശുവും യോഹന്നാനും തമ്മിൽ പരിശുദ്ധാത്മാവിൽ കൂടിക്കാഴ്ച നടത്തുന്ന നാടകീയ രംഗം! യേശു പിന്നാലെ വരാനിരിക്കുന്നവനാണെങ്കിലും ഇപ്പോൾ മുന്നമേ വന്ന് യോഹന്നാനെ സന്ധിച്ച് പരിശുദ്ധാത്മാവിനെ പകരുന്നു. അതിന്റെ അതുല്യ സന്തോഷം, തന്റെ അമ്മയുടെ ഉദരത്തിൽ കുതിച്ചുചാടി നിഗൂഢമായെങ്കിലും പ്രകടിപ്പിക്കുവാൻ യോഹന്നാനു സാധിക്കുന്നുണ്ട്. പില്ക്കാലത്ത്, ''എന്റെ പിന്നാലെ വരുന്നവൻ എന്നെക്കാൾ വലിയവനാണെന്നു പറഞ്ഞത് ഇവനെപ്പറ്റിയാണ്. കാരണം, എനിക്കു മുമ്പുതന്നെ അവനുണ്ടായിരുന്നു'' (യോഹ 1:30) എന്ന സ്നാപകയോഹന്നാന്റെ ലോകത്തോടുള്ള സാക്ഷ്യം മംഗളവാർത്തയോടനുബന്ധിച്ച് ഇപ്രകാരം സാർത്ഥകമായതാണ്.

### മാലാഖയുടെ അഭിസംബോധനയും മറിയത്തിന്റെ മറുപടിയും

മംഗളവാർത്തയിൽ ഗബ്രിയേൽ മാലാഖ മറിയത്തെ അഭിസംബോധന ചെയ്ത രീതി ഏറെ അർത്ഥപൂർണ്ണമാണ്. അത് അല്പമൊന്ന് ആഴത്തിൽ കാണുന്നത് ഇത്തരുണത്തിൽ ഉചിതമായിരിക്കും. ''ദൈവകൃപ നിറഞ്ഞവളേ'' എന്നാണല്ലോ പ്രസ്തുത അഭിസംബോധന. സാധാരണമായ യഹൂദ സംബുദ്ധി ഹെബ്രായ ഭാഷയിൽ 'ഷാലോം' എന്നാണ്. 'സമാധാനം നിന്നോടുകൂടെ' എന്നർത്ഥം. എന്നാൽ 'കൈറേ' എന്ന ഗ്രീക്കുവാക്കുകൊണ്ടാണ് ദൈവദൂതൻ മറിയത്തെ അഭിസംബോധന ചെയ്തത്. 'സ്വസ്തി' എന്ന പദം കൊണ്ടാണ് 'കൈറേ'യെ പരിഭാഷപ്പെടുത്തിയിരിക്കുന്നത്. എന്നാൽ 'ആനന്ദിച്ചാലും' എന്നതാണ് കൂടുതൽ അർത്ഥഭംഗിയുള്ള പരിഭാഷ. വലിയ ആനന്ദത്തിന്റെ സദ്വാർത്തയാണ് ദൈവദൂതൻ ദൈവപക്കൽനിന്ന് കൊണ്ടുവന്നത്. ഹർഷോന്മാദത്തോടെയാണ് അത് മറിയത്തെ അറിയിച്ചതും. കാരണം, അതോടുകൂടി പുതിയനിയമ സദ്വാർത്തയുടെ - സുവിശേഷാനന്ദത്തിന്റെ - തുടക്കം കുറിക്കുകയാണ്. മറിയമാകട്ടെ, അത് അപ്പോൾതന്നെ തിരിച്ചറിഞ്ഞു എന്നതാണ് അവളുടെ ശ്രേഷ്ഠത. സ്തോത്രഗീതത്തിൽ അവൾ പാടി പ്രകീർത്തിക്കുന്നുണ്ടല്ലോ: ''എന്റെ ചിത്തം എന്റെ രക്ഷകനായ ദൈവത്തിൽ ആനന്ദിക്കുന്നു''(ലൂക്കാ 1:47). വലിയ ആനന്ദത്തിന്റെ സദ്വാർത്തയാണ് രാത്രിയാമങ്ങളിൽ ആട്ടിടയന്മാരുടെ കർണ്ണപുടങ്ങളിൽ ദൈവദൂതന്മാർ 'ആനന്ദിച്ചാലും' എന്ന അഭിസംബോധനയോടെ അറിയിച്ചത് (ലൂക്കാ 2:10). ബേത്‌ലഹേമിലെ അത്ഭുതശിശുവിൽ വിശുദ്ധ രാത്രിയിൽ അവർ കണ്ടതാകട്ടേ, പിതാവായ ദൈവം സമുദ്ഘാടനം ചെയ്ത രക്ഷയുടെ - ആനന്ദത്തിന്റെ - ആൾരൂപത്തെയാണ്. ഉത്ഥിതനായ യേശുവിനെ കണ്ട ശിഷ്യന്മാരുടെ പ്രതികരണം ''ആനന്ദ''മാണ് (യോഹ 20:20). യേശുവിന്റെ ഹൃദയസ്പർശിയായ വിടവാങ്ങൽ പ്രസംഗത്തിൽ ശിഷ്യരെ അവിടുന്ന് വീണ്ടും കാണുമ്പോൾ അവർ ''ആനന്ദിക്കു''മെന്നും അത് അവരിൽനിന്ന് ആരും എടുത്തു കളയുകയില്ലെന്നും (യോഹ 16:22) പ്രഖ്യാപിക്കുന്നു. ആനന്ദം യേശുവിനെ സ്വീകരിക്കുന്ന സകലരുടെയും ആത്മഭാവമായി പരിണമിക്കുന്നു. കാരണം, ആനന്ദം പരിശുദ്ധാത്മാവിന്റെ സവിശേഷമായ ദാനവും സാർത്ഥകമായ വിമോചന സമ്മാനവുമാണ്. മറിയത്തിന്റെ ആത്മവീണയിൽ സ്വർഗ്ഗം തൊട്ടുണർത്തിയ 'ആനന്ദഗീതം' ക്രിസ്തുധർമ്മത്തിന്റെ മർമ്മമായി മാറ്റൊലി കൊള്ളുന്നു. സഭയെ മാത്രമല്ല, സഭയെ പുൽകാൻ ആഗ്രഹിക്കുന്നവരേയും പ്രസ്തുത ആനന്ദത്തിന്റെ ഈരടികൾ മാടിവിളിക്കുന്നുണ്ട്. കാരണം, കൈറേ എന്നത് യവന സംസ്കാരത്തിൽ നിന്നെടുത്തിട്ടുള്ള ഗ്രീക്കുപദമാണ്. പുറജാതിക്കാരുടെ ഭാഷാപദംകൊണ്ട് മംഗളവാർത്തയിൽ മറിയത്തെ മാലാഖ അഭിസംബോധന ചെയ്യുക വഴി സർവജനത്തിനും യേശുവിലുള്ള ആനന്ദത്തിന്റെ വാതിൽ വിശാലമായി തുറന്നിടുകയാണു ചെയ്തത്. അതേ സമയം കൈറേ പഴയനിയമ രക്ഷാകര ചരിത്രത്തിൽ സ്ഥിരപ്രതിഷ്ഠ നേടിയ നിയോഗങ്ങളോട് ബന്ധിതവുമാണ്. ഒരുദാഹരണം ശ്രദ്ധിക്കാം: മറിയത്തോടുള്ള ദൈവദൂതന്റെ അഭിസംബോധനയും അറിയിപ്പും അവയുടെ പ്രാക് രൂപത്തിൽ സെഫാനിയായുടെ പ്രവചനത്തിൽ കാണാനാവും. ''സീയോൻ പുത്രീ, ആനന്ദിച്ചാലും, ഇസ്രായേലേ, ആർത്തു വിളിച്ചാലും. ഇസ്രായേലിന്റെ കർത്താവ് നിന്റെ മദ്ധ്യത്തിലുണ്ട്'' (സെഫാ 3:14-17). ആനന്ദത്തിന്റെ കാരണം, കർത്താവ് ഇസ്രായേൽ ജനതയുടെ മദ്ധ്യത്തിലുണ്ട് എന്നതാണ്. 'കർത്താവ് മദ്ധ്യത്തിലുണ്ട്' എന്നതിന്റെ ഗ്രീക്ക് പദപ്രയോഗം പദാനുപദം മൊഴിമാറ്റം ചെയ്താൽ ''കർത്താവ് ഉദരത്തിൽ ഉണ്ട്'' (പുറ 33:3; 34:9) എന്നത്രെ. ഇസ്രായേലിനൊപ്പം സഞ്ചരിക്കുന്ന പേടകത്തിലെ ദൈവസാന്നിദ്ധ്യം സൂചിപ്പിക്കുവാൻ 'ഇസ്രായേലിന്റെ ഉദരത്തിൽ കർത്താവുണ്ട്' എന്ന സത്യമാണിവിടെ വിവക്ഷ. അതിനാൽ, സെഫാനിയായുടെ മനോമുകരത്തിൽ തെളിഞ്ഞ ചിത്രം തന്നെയാണ് മറിയത്തിന്റെ മനസാകുന്ന ക്യാൻവാസിൽ മംഗള



www.malankaralibrary.com

വാർത്ത വേളയിൽ മാലാഖ വരച്ചിടുന്നതും! നീ നിന്റെ ഉദരത്തിൽ പരിശുദ്ധാത്മാവിനാൽ ഗർഭം ധരിക്കും (ലൂക്കാ 1:31). ഈ വിചിന്തനത്തിൽ സീയോൻപുത്രിയായി മറിയം പ്രത്യക്ഷപ്പെടുന്നു. കാരണം, അവളിൽ സീയോൻപുത്രിയെപ്പറ്റിയുള്ള പ്രവചനങ്ങൾ നിറവേറിയിരിക്കുന്നു. അതിനാൽ ആദിമ നൂറ്റാണ്ടുകളിലെ പിതാക്കന്മാരുടെ കാല്പനികമായ ദർശനത്തിൽ മറിയം 'സഞ്ചരിക്കുന്ന സക്രാരിയാണ്'. ആധുനിക നൂറ്റാണ്ടിൽ മാതൃഭക്തനായ വിശുദ്ധ ജോൺപോൾ രണ്ടാമൻ മാർപാപ്പയുടെ ഹൃദയ വെളിച്ചത്തിൽ അവൾ 'വിശുദ്ധ കുർബാനയുടെ സ്ത്രീരത്നവുമത്രെ'. ''കൃപനിറഞ്ഞവളേ, ആനന്ദിച്ചാലും'' എന്ന അഭിസംബോധനയ്ക്ക് മറ്റൊരു മാനം കൂടിയുണ്ട്. ആനന്ദവും കൃപയും തമ്മി

എന്നു വിളിക്കപ്പെടും'' (ലൂക്കാ 1:35) എന്ന വാഗ്ദാനമാണ്. അതു നിറവേറുന്നതോടെ മറിയം ദൈവസാന്നിദ്ധ്യത്തിന്റെ വിശുദ്ധ കൂടാരമായി മാറുന്നു. ദൈവാലയത്തിന്റെ ദൈവശാസ്ത്ര ദർശനവും ദൈവസാന്നിദ്ധ്യത്തിന്റെ സ്വർഗ്ഗസായൂജ്യവും സംയോജിതമായ ശുഭദ്രസ്ഥാനമാണ് തങ്ങളുടെ ജീവിതത്തിൽ ഇസ്രായേൽജനം സമാഗമ കൂടാരത്തിന് ചാർത്തിക്കൊടുത്തിരുന്നത്. കൂടാരത്തിനു മുകളിൽ കാണപ്പെട്ട മേഘങ്ങൾ ഉള്ളിലെ ദൈവസാന്നിധ്യം വിശുദ്ധമായി മറച്ചും അതേ സമയം സാക്ഷ്യപ്പെടുത്തിയും നിലകൊണ്ടു. മറിയമാകട്ടെ, പുതിയ ഇസ്രായേലിന്റെ പുതുയുഗാരംഭത്തിൽ ദൈവപുത്രന്റെ സാന്നിദ്ധ്യം തന്നിൽ മറച്ചും, സമയസമ്പൂർണ്ണതയിൽ വെളിപ്പെടുത്തുകയും ചെയ്തുകൊണ്ട് ജീവിക്കുന്ന പേടകമായി സ്ഥിതി ചെയ്തു. അതോടെ,



ലുള്ള ബന്ധമാണത്. ഗ്രീക്കുഭാഷയിൽ ആനന്ദത്തിനുള്ള 'കൈറേയും' കൃപയ്ക്കുള്ള 'കാരിസും' ഒരേ ധാതുവിൽ നിന്നുള്ള പദങ്ങളാണ്. അവ തമ്മിലുള്ള ജൈവബന്ധം സൂചിപ്പിക്കുന്നത് ദൈവകൃപയുള്ളവർക്കേ യഥാർത്ഥ ആനന്ദമുണ്ടാകൂ എന്നാണ്.

മംഗളവാർത്തയിലെ ഉള്ളടക്കത്തിന്റെ മർമ്മം, ''പരിശുദ്ധാത്മാവു നിന്റെ മേൽ വരും; അത്യുന്നതന്റെ ശക്തി നിന്റെ മേൽ ആവസിക്കും. ആകയാൽ, ജനിക്കുവാൻ പോകുന്ന ശിശു പരിശുദ്ധൻ; ദൈവപുത്രൻ

പഴയനിയമ സൂചനകൾക്ക് യാഥാർത്ഥ്യങ്ങളുടെ നവീനമായ നിറരൂപം കൈ വരുകയും ചെയ്തു. മംഗളവാർത്തയിൽ നിഗൂഢമായി സന്നിഹിതമായിരിക്കുന്ന മറ്റൊരു യാഥാർത്ഥ്യമാണ് പരിശുദ്ധ ത്രിത്വത്തിന്റെ രഹസ്യം. പൊതുവിൽ പ്രവർത്തിക്കുന്നത് പിതാവാണ്. എന്നേക്കും നിലനില്ക്കുന്ന, ഒരിക്കലും അവസാനിക്കാത്ത, ദാവീദിന്റെ സിംഹാസനം ഒരുക്കുന്നത് പിതാവായ ദൈവമാണ്. അവിടുന്നാണ് ദാവീദിന്റെ അനന്തരാവകാശിയെ വാഗ്ദാനം ചെയ്യുന്നതും. ''ഞാൻ അവനു പിതാവും അവൻ എനിക്കു പുത്രനു


www.malankaralibrary.com

മായിരിക്കും'' (2 സാമു 7:14). പിതാവായ ദൈവവും യേശുവും തമ്മിലുള്ള പിതൃപുത്ര ബന്ധവും വ്യക്തമാക്കപ്പെട്ടിരിക്കുന്നു. ഈ സത്യം രണ്ടാം സങ്കീർത്തനം ശ്രേഷ്ഠമായി പ്രഖ്യാപിക്കുന്നുണ്ട്: ''നീ എന്റെ പുത്രനാണ്. ഇന്ന് ഞാൻ നിനക്കു ജന്മം നല്കിയിരിക്കുന്നു'' (സങ്കീ 2:7). പുത്രന് ജന്മം നല്കുന്നത് പരിശുദ്ധാത്മാവിലൂടെയാണ്. അതാണ് മംഗളവാർത്തയുടെ മർമ്മമെന്ന് നാം കണ്ടതാണല്ലോ. ഇപ്രകാരം, ദൈവാസ്തിത്വം ത്രിത്വാത്മകമാണെന്ന് ചിന്തിക്കാത്ത കാലയളവിൽ ദൈവപ്രവർത്തനങ്ങളിലൂടെ സ്വയം പ്രകാശിതമായ തെറ്റുവരാനാവാത്ത സത്യമാണ് ദൈവം ത്രിത്വമാണെന്നുള്ള പരിശുദ്ധ രഹസ്യം.

കന്യകാസുതന്റെ ദൈവപുത്രസ്ഥാനം വിവരിക്കുന്നത് യഹൂദ ഭാഷാശൈലിയിലും പൗരാണിക പദാവലിയിലുമാണ്. തത്വമീമാംസയുടെയും സാങ്കേതികതയുടെയും കൂട്ടുപിടിച്ചല്ലെന്നർത്ഥം. അതിനാൽത്തന്നെ വിവരണത്തിന്റെ ലാളിത്യവും അതിൽ നിറഞ്ഞു കവിയുന്ന അർത്ഥശ്രുതിയും നമ്മെ ഹഠാദാകർഷിക്കുന്നു. യഹൂദ മതവൃത്തങ്ങളിലും വാഗ്ദാനവചനങ്ങളിലും ഗോപ്യമായിരുന്നവ, മറിയത്തിൽ രൂപംകൊണ്ട നവസംഭവങ്ങൾ പ്രകാശിതമാക്കുന്നു. അവയ്ക്ക് നവജീവനും അർത്ഥപൂർണ്ണതയും കൈവരുന്നു. യേശുവിന്റെ പാതയിലും വിശ്വാസികളുടെ മാർഗ്ഗത്തിലും മാത്രമേ അവ വികസിതമാവുകയുള്ളൂ. കാരണം, അവ കാണുവാൻ വിശ്വാസത്തിന്റെ കണ്ണുകൾ ആവശ്യമാണ്. ''വിശ്വാസമുള്ളവൻ എല്ലാം കാണുന്നു'' എന്ന് ഫ്രാൻസിസ് പാപ്പാ പഠിപ്പിക്കുന്നു.

### യേശു എന്ന നാമവും അവന്റെ രാജത്വവും

മംഗളവാർത്ത അറിയിക്കാനെത്തിയ മാലാഖ ജനിക്കുവാനിരിക്കുന്ന ശിശുവിന് പേരുമായാണ് മറിയത്തെ സന്ധിച്ചത് ''നീ അവന് യേശു എന്ന് പേരിടണം'' (ലൂക്കാ 1:31). സീനായ്മലയിൽവച്ച് അപൂർണ്ണമായി വെളിപ്പെടുത്തിയ ദൈവനാമം ഇപ്പോൾ പൂർണ്ണതയിൽ ആവിഷ്കരിക്കപ്പെട്ടിരിക്കുന്നു. കത്തുന്ന അത്ഭുത മുൾപ്പടർപ്പിൽ രഹസ്യാത്മകമായി കാണപ്പെട്ട ദൈവനാമാവിഷ്ക്കാരം ഇതാ! പൂർണ്ണതയും ജീവനും പ്രാപിച്ചിരിക്കുന്നു. പഴയനിയമ ദൈവനാമം, 'യഹോവ' എന്നത് രക്ഷിക്കുന്ന ദൈവമാണ്. യേശു കൊണ്ടുവരുന്ന രക്ഷ ദാവീദിന്റെ രാജ്യത്തിനു കൈവരുന്ന ശാശ്വതമായ വിമോചനമാണ്. നാഥാൻ പ്രവാചകനിലൂടെ ദൈവം വാഗ്ദാനം ചെയ്തിരിക്കുന്നത് ദാവീദു രാജ്യത്തിനുള്ള ശാശ്വതീകത്വം ആണല്ലോ; ''നിന്റെ കുടുംബവും രാജത്വവും എന്റെ മുമ്പിൽ സ്ഥിരമായിരിക്കും. നിന്റെ സിംഹാസനം എന്നേക്കും നിലനില്ക്കും'' (2 സാമു.7:16). ഒരു ഭാഗത്ത്, ദാവീദിന്റെ രാജത്വത്തിന്റെ ശാശ്വതത്വം. മറുഭാഗത്ത്, അതിന്റെ ചരിത്രപരമായ പതനം. ഈ വൈരുദ്ധ്യമാണ് 89-ാം സങ്കീർത്തനത്തിന്റെ നൊമ്പരം. ദാവീദിന്റെ രാജ്യത്തെ ശാശ്വതമാക്കുമെന്നും എന്നാൽ ദൈവകല്പനയുടെ ലംഘനത്തിൽ കഠിനമായി ശിക്ഷിക്കപ്പെടുമെന്നും ദൈവം ഒരേ സ്വരത്തിൽ ഓർമ്മപ്പെടുത്തുന്നു. എന്നാൽ വിഷമസന്ധികളിൽ തന്റെ കാരുണ്യം പിൻവലിക്കില്ലെന്ന് ദൈവം ഉറപ്പു നല്കുന്നുമുണ്ട് (സങ്കീ 89:29-33). സങ്കീർത്തനത്തിന്റെ സമാപനത്തിൽ നാം കാണുക ദാവീദ് വേദനയുടെ അനേകം പടവുകൾ താണ്ടുന്നതാണ്; ദൈവം അവനെ പരിത്യജിക്കുന്നു, അവന്റെ നേരെ മുഖം മറയ്ക്കുന്നു, ക്രുദ്ധനായിരിക്കുന്നു, കിരീടം നിലത്തെറിയുന്നു. മതിലുകൾ തകർക്കുന്നു, ചെങ്കോൽ എടുത്തു മാറ്റുന്നു, സിംഹാസനത്തെ മറിച്ചിടുന്നു, യൗവനത്തെ ഹ്രസ്വമാക്കുന്നു. ശത്രുക്കളുടെ നിന്ദാവചസുകൊണ്ടും പരിഹാസശരം കൊണ്ടും ഹൃദയം പിളർന്നു മാറുന്നു. വിലാപസ്വരം അത്യുച്ചത്തിലുയരുന്നു (സങ്കീ 89:38-51). വേദനകളുടെ കൊടുമുടി കയറുന്നെങ്കിലും സമാപനത്തിൽ ദാവീദ് ദൈവത്തിൽ ശരണപ്പെടുകയും അവനെ വാഴ്ത്തിസ്തുതിക്കുകയും ചെയ്യുന്നത് അത്ഭുതമെന്നോണം നാം കാണുന്നു (സങ്കീ 89:52).

എന്താണ് ഈ ശുഭവാഗ്ദാനവും വിലാപകാവ്യവും ഓർമ്മിപ്പിക്കുന്നത്? അതിൽ നാം മനസ്സിരുത്തേണ്ടതുണ്ട്. കാലിത്തൊഴുത്തിൽ പിറക്കുന്ന പുതിയ രാജാവ് ദാവീദിന്റെ സിംഹാസനത്തിൽ ഉപവിഷ്ടനാകേണ്ടവനാണ്. അവന്റെ സിംഹാസനത്തിന് അവസാനവുമില്ല. ഇക്കാര്യം മാലാഖ മറിയത്തെ അറിയിക്കുമ്പോൾ മംഗളവാർത്തയുടെ പശ്ചാത്തല സംഗീതമായി മുഴങ്ങുന്നത് ഇസ്രായേലിന്റെ ഹൃദയരക്തത്തിലെഴുതിയ ദാവീദിന്റെ വിലാപകാവ്യമാണ്. അതിന്റെ അനുരണനങ്ങളാണല്ലോ പിൽക്കാലത്ത് ഗത്സമെനിയിൽ രക്തം വിയർത്തു പ്രാർത്ഥിക്കുന്നതു മുതൽ ഗാഗുൽത്തായിൽ തന്റെ പിതാവിന്റെ കൈകളിൽ ജീവൻ സമർപ്പിക്കുന്നതുവരെ യേശുവിലും പ്രതിസ്പന്ദിക്കുന്നത്. എല്ലാവരും ജനിക്കുന്നത് വളരാനും വലുതാകാനുമാണ്; എന്നാൽ യേശുവാകട്ടെ, ചെറുതാകാനും ഗാഗുൽത്തായിൽ മരിക്കാനുമത്രേ. ഈ ജന്മദൗത്യവും മംഗളവാർത്തയിൽ സന്നിഹിതമാണ്; ദൈവസന്നിധിയിൽ നിത്യമായി സന്നിഹിതമെന്നപോലെ. യേശുവിന്റെ കാലത്ത് യൂദയാ ഭരിച്ചിരുന്ന റോമൻ ഭരണകൂട-ക്രൂരത ദാവീദിന്റെ വാഗ്ദത്ത രാജത്വത്തെ ദാരുണമായി പരിഹാസിതമാക്കുകയും നിലംപരിശാക്കുകയും ചെയ്തു. എന്നിട്ടും ദൈവം തന്റെ കരുണയുടെ വാഗ്ദാനം മറന്നില്ല എന്നതിന്റെ ഓർമ്മ പുതുക്കൽ കൂടിയാണ് മംഗളവാർത്ത. ഇതാ! പരിശുദ്ധാത്മാവിലൂടെ മറിയംവഴി ആ വാഗ്ദാനം പുനഃസ്ഥാപിക്കാൻ പോകുന്നു. മാലാഖ ഉറപ്പു കൊടുത്തു: ''അവന്റെ രാജ്യത്തിന് അവസാനം ഉണ്ടാകുകയില്ല''. നാലാം നൂറ്റാണ്ടു മുതൽ യേശുവിന്റെ രാജത്വം വിസ്തൃതമാകാൻ തുടങ്ങി. ഇന്ന് നമുക്ക് അറിയാം, 'സമുദ്രം മുതൽ സമുദ്രം വരെയും, ഭൂഖണ്ഡം മുതൽ ഭൂഖണ്ഡം വരെയും, സഹസ്രാബ്ദം മുതൽ സഹസ്രാബ്ദം വരെയും', അത് വ്യാപിച്ചു കിട



www.malankaralibrary.com

ക്കുന്നു. തീർച്ചയായും ചരിത്രഗതിയിൽ ഈ ലോക ത്തിന്റെ ഭീകര ഭരണകൂടങ്ങൾ യേശുവിന്റെ രാജ ത്വത്തെ തകർക്കാനും തച്ചുടയ്ക്കാനും നിരന്തരം പരി ശ്രമിച്ചിട്ടുണ്ട്. എങ്കിലും, അത് അതിന്റെ ജൈത്രയാത്ര തുടരുന്നു. കാരണം, അതുറപ്പിച്ചിരിക്കുന്നത് ഭൂമിയിലെ മണ്ണിന്റെ ചിതൽപ്പുറ്റുകളിലല്ല; സ്വർഗ്ഗത്തിന്റെ ശക്തി വൈഭവത്തിലാണ്. യേശു പറഞ്ഞിട്ടുണ്ടല്ലോ; ''എന്റെ രാജ്യം ഐഹികമല്ല'' (യോഹ 18:36). യേശുവെന്ന മഹാസ്നേഹം അതിന്റെ അടിസ്ഥാന ശിലയായതി നാൽ മാലാഖ മറിയത്തിനു നല്കിയ 'അവന്റെ രാജ്യ ത്തിന് അവസാനം ഉണ്ടാകുകയില്ല' എന്ന വാഗ്ദാനം നിത്യ നൂതനമായി നിറവേറുന്നു.

ഇപ്പോൾ, മാലാഖയോടുള്ള മറിയത്തിന്റെ ആത്മസ്പന്ദനങ്ങളിലേക്ക് കണ്ണോടിക്കുക സന്ദർഭോ ചിതമാണ്. അവ പ്രധാനമായി മൂന്ന് പ്രതികരണങ്ങ ളാണ്. (1.) മാലാഖയിൽനിന്നു കേട്ട ദൂതിന്റെ അർത്ഥ മെന്തെന്ന് മറിയം ചിന്തിക്കാൻ തുടങ്ങി. അവൾ അസ്വ സ്ഥയും ആകുലചിത്തയുമായി. എന്നാൽ സമാന സന്ദേശം കിട്ടിയ സഖറിയ അസ്വസ്ഥനാവുകയും ഭയ പ്പെടുകയുമാണ് ചെയ്തത്. ഇരുവരും അസ്വസ്ഥരായി എന്നത് ശരി തന്നെ. പക്ഷേ, സഖറിയാ ഭയപ്പെട്ടപ്പോൾ മറിയം ആത്മാവിൽ വിചാരപൂർണ്ണയായി. അവളുടെ ഭാവംതന്നെ മൗനവും മനനവുമാണല്ലോ. തിരുവചന ങ്ങളെ ഹൃദയത്തിൽ സംഗ്രഹിച്ച് അവയുമായി ഇണ ങ്ങിയും ഇഴുകിയും ലയിക്കുന്നവളാണ് മറിയം. അതി നാൽ, അവൾ ദൈവവചനത്തെ ധ്യാനിച്ചു വളരുന്ന സഭയുടെ പ്രശാന്ത പ്രതീകമാണ്. ഇപ്പോൾ സ്വർഗ്ഗം നല്കുന്ന ദിവ്യസന്ദേശത്തിന്റെ വെളിപാടു തുല്യമായ അർത്ഥതലങ്ങളിലേക്ക് മാലാഖയുമായി മറിയം സംവ ദിച്ചിറങ്ങുന്നു. അവിടെ അവൾ ഭയരഹിതയും ധീരയു മായി കാണപ്പെടുന്നു. അപ്രതീക്ഷിതവും അത്ഭുതക രവും ജീവിതത്തെ അടിമുടി പിടിച്ചുലയ്ക്കാൻ പോരു ന്നതുമായ പുതിയ ജീവിത ഭാഗധേയത്തിന്റെ മുമ്പിൽപ്പോലും പ്രശാന്തചിത്തയും ആന്തരികശ്രീയുള ളവളും സ്വർഗ്ഗീയ തേജസ്വരൂപിണിയുമായി പ്രശോഭി ക്കുന്ന മറിയം സഭയുടെ എക്കാലത്തേയും മാതൃകയും പ്രചോദനവുമാണ്.

2. മറിയത്തിന്റെ രണ്ടാമത്തെ പ്രതികരണം മാലാഖയോ ടുള്ള അന്വേഷണാത്മകമായ ചോദ്യമാണ്: ''ഇതെ ങ്ങനെ സംഭവിക്കും ? എനിക്കു ഭർത്താവില്ലല്ലോ'' (ലൂക്കാ 1:34). യേശുവിന്റെ അമ്മയാകാൻ, തന്നെ ദൈവം തിരഞ്ഞെടുത്തിരിക്കുന്നു എന്ന സന്ദേശത്തെ തുടർന്നാണ് മാലാഖയോട് പ്രസ്തുത ചോദ്യം മറിയം ഉന്നയിക്കുന്നത്. ഇതെങ്ങനെ സംഭവിക്കുമെന്നാണ് അറിയേണ്ടത്. അതിനുള്ള മാർഗ്ഗം മറിയം കാണുന്നില്ല. വിവാഹനിശ്ചയമേ കഴിഞ്ഞിട്ടുള്ളൂ. വിവാഹം നടന്നിട്ടി ല്ല. കുടുംബജീവിതത്തിൽ പ്രവേശിച്ചിട്ടില്ല. സഖറി യായ്ക്ക് മകനുണ്ടാകുമെന്ന് മാലാഖ അറിയിച്ചപ്പോൾ അതിന്റെ സാദ്ധ്യതയെയാണ് സഖറിയാ സംശയിച്ചത്. മറിയമാകട്ടേ, ദൈവവാഗ്ദാനത്തിന്റെ സാദ്ധ്യതയെ സംശയിച്ചില്ല. അത് നിറവേറുന്ന രീതിയെപ്പറ്റിയാണ് അവൾ അന്വേഷിച്ചത്. ഇതാണ് സഖറിയായും മറി യവും തമ്മിലുള്ള അന്തരം. മറിയം ജോസഫിനെ വിവാഹം ചെയ്ത് കുടുംബജീവിതത്തിൽ പ്രവേശിച്ച ശേഷം ദാമ്പത്യബന്ധം വഴി സാധാരണ ശിശു ജനിക്കും പോലെയല്ല മറിയം ഗർഭം ധരിക്കുന്നതെന്ന് മാലാഖയുടെ വാക്കുകളിൽ വ്യക്തമായിരുന്നു: 'പരിശു ദ്ധാത്മാവ് അവളുടെമേൽ വരുമെന്നും അത്യുന്നതന്റെ ശക്തി അവളുടെമേൽ ആവസിക്കുമെന്നും അതിനാൽ ജനിക്കുവാൻ പോകുന്ന ശിശു ദൈവപുത്രനായിരിക്കു മെന്നും' മാലാഖ വ്യക്തമാക്കിയിരിക്കുന്നു. ''ദൈവ ത്തിന് ഒന്നും അസാദ്ധ്യമല്ല'' (ലൂക്കാ 1:37) എന്ന് ഊന്നിപ്പറഞ്ഞുകൊണ്ട് വാഗ്ദാനം സ്വീകരിക്കുവാൻ മാലാഖ മറിയത്തെ പ്രേരിപ്പിക്കുന്നുമുണ്ട്. അങ്ങനെ ഒന്നും അസാദ്ധ്യമല്ലാത്ത ദൈവത്തിന്റെ ശക്തിയാലും പരിശുദ്ധാത്മാവിന്റെ ആവാസത്താലുമാണ്, മാനു ഷിക രീതിയാലല്ല, മറിയം യേശുവിന് ജന്മം നല്കിയ തെന്ന് ലൂക്കാ ഒന്നുകൂടി പറഞ്ഞുറപ്പിക്കുന്നു.

3. മാലാഖയോടുള്ള മൂന്നാമത്തെ പ്രതിസ്പന്ദനം മറി യത്തിന്റെ ധീരവും ആത്മപ്രേരിതവുമായ ഒരു ഉജ്ജ്വല പ്രഖ്യാപനമായിരുന്നു: ''നിന്റെ വാക്ക് എന്നിൽ നിറവേ റട്ടെ'' (ലൂക്കാ 1:38). ''സൃഷ്ടിയുടെ ആരംഭത്തിൽ ദൈവം അരുളിച്ചെയ്ത പ്രകാശം ഉണ്ടാകട്ടെ (Fiat Lux) എന്ന വാക്കിനേക്കാൾ ശ്രേഷ്ഠമാണ് മറിയത്തിന്റെ വാക്ക്. കാരണം, സൃഷ്ടിയിൽ ഉണ്ടായത് സൂര്യനാണ്; മറിയത്തിൽ രൂപം കൊണ്ടതാകട്ടേ, എല്ലാ മനുഷ്യരേ യും, പ്രകാശിപ്പിക്കുന്ന യഥാർത്ഥ വെളിച്ചമായ യേശുവും'' എന്ന് ഫുൾട്ടൻ.ജെ.ഷീൻ പ്രസ്താവിച്ചിട്ടു ണ്ട്. മറിയം തന്റെ തീരുമാനം അറിയിച്ചതോടെ അവൾ ദൈവത്തിന്റെ അമ്മയായി. സ്ത്രീത്വത്തിന്റെ മഹനീയ തയുടെ അത്യുന്നത പദവിയാണത്. രക്ഷകൻ പിറ ക്കുന്നതും ലോകം അതുവഴി രക്ഷ പ്രാപിക്കുന്നതും അവളുടെ തീരുമാനത്തെ ആശ്രയിച്ചു നിന്നു! ''അതറി യുവാൻ സ്വർഗ്ഗവും ഭൂമിയും ഒരുപോലെ ശ്വാസമടക്കി കാത്തുനിന്നു' എന്ന് ക്ലെയർവോയിലെ ബർണാർദ് പ്രസ്താവിക്കുന്നുണ്ട്. സ്വതന്ത്രനായി മനുഷ്യനെ സൃഷ്ടിച്ച ദൈവം, അവനെ രക്ഷിക്കാനാണെങ്കിലും അവന്റെ സ്വതന്ത്രമായ തീരുമാനത്തിന് കാത്തുനില്ക്കുന്നു. വിധിനിർണായകമായ ആ നിമിഷ ത്തിൽ തന്റെ സ്വതന്ത്രവും വിനീതവും എന്നാൽ അതി ശ്രേഷ്ഠവും ധീരവും ഹൃദയംഗവുമായ അനുസരണ യിലെടുത്ത മറിയത്തിന്റെ ''നിന്റെ വാക്ക് എന്നിൽ നിറ വേറട്ടെ'' എന്ന തീരുമാനം ഭൂസ്വർഗ്ഗങ്ങൾക്ക് ആശ്വാസ മായി ഭവിച്ചു. മറിയത്തിന്റെ തീരുമാനം താഴ്മയുടെ അടിത്തട്ടിൽ നിന്നാണ് ഉയർന്നു വന്നത്. മാലാഖയോട് അവൾ ആദ്യം പറഞ്ഞത് ''ഇതാ കർത്താവിന്റെ ദാസി'' (ലൂക്കാ 1:38) എന്നായിരുന്നല്ലോ. മറിയത്തിന്റെയും ജോസഫിന്റെയും യേശുവിന്റെയും പാതകൾ താഴേയ്ക്കു ഇറങ്ങുന്ന, താഴ്മയിലേയ്ക്കു പോകുന്ന, പാതകളാണ്. താഴ്മയനുസരിച്ചാണ് ഉയർച്ച. കുരിശുമ



www.malankaralibrary.com

രണത്തോളം എത്തുന്ന താഴ്മയിൽ നിന്നാണ് ഉത്ഥാന ത്തിന്റെ ഉയർച്ച ഉരുവാകുന്നത്. രക്ഷയുടെ മഹാരഹ സ്യങ്ങൾ അജ്ഞാതവും വിനീതവുമായ ഇടങ്ങ ളിൽനിന്ന് അത്ഭുതകരമായി രൂപം കൊണ്ട് വളരുന്നു.

മംഗളവാർത്തയുടെ സമാപനരംഗം എങ്ങനെ യായിരുന്നു? എന്താണ് രംഗവേദിയിൽ സംഭവിച്ചത്? ''അപ്പോൾ ദൂതൻ അവളുടെ മുമ്പിൽനിന്നു മറഞ്ഞു''. മാലാഖയുടെ വിടവാങ്ങലാണ് മറിയത്തിന്റെ സമ്മ തത്തെ തുടർന്ന് സംഭവിച്ചത്. മാലാഖയുടെ ദൗത്യം സമാപിച്ചു; മറിയത്തിന്റെ ദിവ്യദൗത്യം സമാരംഭിച്ചു. അവൾ ഏകാകിനിയായി. അവളുടെ ജീവിതപാതയിൽ ഇരുൾ പരന്നു. ആത്മാവിൽ അഗ്നിയാളുന്ന, പാദങ്ങൾ പരിക്ഷീണമായിടറുന്ന, ഹൃദയത്തിലൂടെ വാൾ കടക്കു ന്ന, പ്രതീക്ഷകളറ്റു പോകുന്ന എത്രയെത്ര അഗ്നിപരീ ക്ഷണങ്ങൾ താണ്ടി നിണമണിഞ്ഞ കാൽവരിപ്പടവുകൾ കടന്ന് കുരിശിന്റെ കൊടുംക്രൂരാനുഭവം വരെ നീണ്ടു പോകുന്ന നെടുങ്കൻ പാതയിലൂടെ അവൾ യാത്ര തുട രേണ്ടിയിരിക്കുന്നു; യാത്രയുടെ പര്യവസാനത്തിലോ ? കുരിശിൽ നിന്നിറക്കിയ അരുമ മകന്റെ ശരീരം സ്വമടി യിൽ കിടത്തിയ അമ്മയുടെ കണ്ണുകളിൽ ഘനീഭവിച്ച കണ്ണുനീർത്തുള്ളികളാണ് ബാക്കിപത്രം. പക്ഷേ, അവ യിൽ മനുഷ്യവംശത്തിന്റെ നിലയ്ക്കാത്ത വിലാപങ്ങ ളുടെ കടലിരമ്പങ്ങൾ മുഴങ്ങുന്നുണ്ട്. അങ്ങനെ അവൾ മനുഷ്യവർഗ്ഗത്തിന്റെ അമ്മയായി സാത്മീഭവിച്ച് അവർക്കൊപ്പം ആശ്വാസദായകിയായി പ്രസ്തുത യാത്ര യുഗാന്ത്യോത്മുഖമായി തുടരുന്നു എന്നതാണ് അത്ഭുതകരം!.

**യേശുവിന്റെ ജനനം - മത്തായിയുടെ സുവിശേഷ ത്തിൽ**

മത്തായിയുടെ സുവിശേഷത്തിൽ യേശുവിന്റെ ജനനം വിവരിക്കുന്നത് ജോസഫിനു പ്രാധാന്യം കൊടുത്തു കൊണ്ടാണ്. ലൂക്കായുടെ സുവിശേഷത്തി ലാകട്ടേ, പ്രസ്തുത വിവരണത്തിൽ മറിയത്തിനായി രുന്നു കൂടുതൽ പ്രാധാന്യം. മത്തായി വിവരണം ആരംഭിക്കുന്നത് ജോസഫും മറിയവും തമ്മിലുള്ള വിവാഹനിശ്ചയം കഴിഞ്ഞ കാര്യം സൂചി പ്പിച്ചുകൊണ്ടാണ് (1:18). നിശ്ചയം കഴിഞ്ഞ് ഒരു വർഷ മുണ്ട് വിവാഹം നടക്കാൻ. വിവാഹത്തിനു മുമ്പാണ് മറിയം പരിശുദ്ധാത്മാവിന്റെ ആവാസത്താൽ ഗർഭിണി യായി കാണപ്പെടുന്നത്. അതോടെ ജോസഫിന്റെ വിവാഹ സ്വപ്നം തകർന്നടിഞ്ഞു. അഗ്നിപരീക്ഷയുടെ ചക്രവ്യൂഹത്തിൽ അകപ്പെട്ടത് പെട്ടന്നാണ്. തള്ള ണമോ ? കൊള്ളണമോ ? മനസ്സിനിണങ്ങിയ ഭാവി വധു വിനെ എങ്ങനെ തള്ളും ? തന്നിൽ നിന്നല്ലാതെ ഗർഭവ തിയായവളെ എങ്ങനെ കൊള്ളും ? ദൈവം ഇടപെടുക യാണ്. ജോസഫിലൂടെ രക്ഷാചരിത്രത്തെ മുന്നോട്ടു നയിക്കാൻ തിരുമനസ്സായ ദൈവം ദൂതൻ മുഖേന ജോസഫിനെ അറിയിക്കുകയാണ്: മറിയം ഗർഭം ധരിച്ചി രിക്കുന്നത് പരിശുദ്ധാത്മാവിൽ നിന്നാണ്. അവളെ സ്വീകരിക്കുവാൻ ശങ്കിക്കേണ്ടാ. അവൾ പ്രസവിക്കുന്ന ശിശുവിന് നീ യേശു എന്നു പേരിടണം. അവൻ ജന ങ്ങളെ പാപങ്ങളിൽനിന്ന് മോചിപ്പിക്കും (1:20-21). മറി യത്തെ ഭാര്യയായി സ്വീകരിക്കുക, അവൾ പ്രസവി ക്കുന്ന ശിശുവിന് യേശുവെന്ന പേരിടുക എന്നീ രണ്ടു ദൗത്യങ്ങളാണ് ദൂതൻ ജോസഫിനെ ഭരമേല്പിക്കു ന്നത്. പേരിടുന്നതുവഴി നിയമത്തിനു മുമ്പിൽ തന്റെ ശിശുവായി പരിഗണിക്കുവാനും സംരക്ഷിക്കുവാനും ജോസഫിനോട് ദൈവം ആവശ്യപ്പെടുകയാണ്. ജോസഫ് ദാവീദിന്റെ വംശ പാരമ്പര്യത്തിലുൾപ്പെ ടുന്നു. 'ദാവീദിന്റെ പുത്രനായ ജോസഫ്' എന്ന അഭിസം ബോധനയോടെയാണ് ദൈവദൂതൻ ജോസഫിനെ സ്വപ്നത്തിൽ സന്ധിക്കുന്നതു തന്നെ! ഇവ സൂചിപ്പി ക്കുന്ന യാഥാർത്ഥ്യം ഇതാണ്: ദാവീദിന്റെ വംശത്തിൽ അവസാനം ഇല്ലാത്ത രാജ്യത്തിന്റെ അവകാശിയായി ജനിച്ച രാജാവാണ് യേശു. അവന്റെ രക്ഷാപഥങ്ങളിലെ ദൈവവാഗ്ദാനങ്ങളുടെ വിശ്വസ്ത സാക്ഷിയാകുക യാണ് ജോസഫിന്റെ ദൈവനിയോഗവും കർമ്മദൗത്യ വും. ദൂതൻ വിടവാങ്ങുംമുമ്പ് ഏശയ്യായുടെ പ്രവചനം (ഏശയ്യാ 7:14) ഉദ്ധരിച്ച് ജോസഫിനെ തന്റെ പുതിയ ദൗത്യങ്ങൾ ഏറ്റെടുക്കുവാൻ പ്രേരിപ്പിക്കുന്നുണ്ട്: ''കന്യക ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും. ദൈവം നമ്മോടുകൂടെ എന്നർത്ഥമുള്ള ഇമ്മാനുവേൽ എന്ന് അവൻ വിളിക്കപ്പെടും'' (1:22-23). പരിശുദ്ധാത്മാ വിൽനിന്നാണ് മറിയം ഗർഭം ധരിച്ചിരിക്കുന്നത് എന്ന ദൈവദൂതിനെ ആത്മാവിൽ ആവാഹിച്ച് ദൈവവുമായി സംവദിച്ചു കഴിയുമ്പോഴാണ് മാലാഖയുടെ വിശദീകര ണവും പ്രേരണയും ജോസഫിന് തെല്ലൊരാശ്വാസമായി ലഭിച്ചത്. മറിയത്തോടുള്ള കനിവിന്റെയും കരുതലി ന്റെയും കരുണാർദ്ര തീരുമാനത്തിലേക്ക് നീതിമാനായ ജോസഫ് എത്തിച്ചേർന്നു: മറിയത്തെ ഭാര്യയായി സ്വീക രിക്കുക തന്നെ! 'ഭയപ്പെടേണ്ടാ' എന്ന ദൈവദൂതന്റെ ആഹ്വാനത്തിൽ സ്വർഗ്ഗത്തിന്റെ ശക്തി അഭിദർശിച്ച് മനു ഷ്യാവതാര രഹസ്യത്തിന്റെ തിരുനടയിൽ കാവൽപിതാ വാകുക എന്ന ദൈവനിയോഗത്തിന് ജോസഫ് സ്വയം സമർപ്പിച്ചു. കാവൽ പിതാവായ വി. ജോസഫിന്റെ വർഷമായി 2020 ഡിസംബർ 8 മുതൽ 2021 ഡിസംബർ 8 വരെ പ. ഫ്രാൻസിസ് മാർപാപ്പാ പ്രഖ്യാപിച്ചിരിക്കുന്നത് ഇത്തരുണത്തിൽ ഒരു ദൈവനിയോഗമായി നമുക്ക് മന സ്സിലാക്കാം.





www.malankaralibrary.com




**ഫാ. കോശി മണ്ണിൽ**
(അസി. വികാരി, സെന്റ് ജോൺസ് കത്തീഡ്രൽ)

# പുതുവർഷവും പുത്തൻ പ്രതീക്ഷകളും

**കാ**ലചക്രത്തിന്റെ ചലനത്തിൽ ഒരു വർഷം കൂടി കടന്നുപോകുന്നു. പതിവുപോലെ ആ വർഷത്തിന്റെ അവസാനയാമങ്ങളിലും ഗുരു കരങ്ങളുയർത്തി നിറമിഴികളോടെ ദൈവത്തെ സ്തോത്രം ചെയ്തു.ഈ ദിനങ്ങളിലെ എണ്ണിത്തീർക്കാനാവാത്ത കൃപകൾക്ക് നന്ദി. ശിഷ്യൻ കലഹിച്ചു. 'എന്തു കൃപ, അനേകം രാത്രികളിൽ അത്താഴമില്ലാതെ നാം പട്ടിണിയായിരുന്നു, തകർന്ന ചുവരുകളെ ഭേദിച്ച് മജ്ജയിലേക്ക് ഇറങ്ങുന്ന കൊടിയ ശീതക്കാറ്റ്, മദ്യപിച്ചൊരാൾ നമ്മളെ ചീത്തവിളിച്ച് ഇപ്പോൾ ഈ പടികൾ ഇറങ്ങിപ്പോയതേയുള്ളൂ'. ഗുരു പറഞ്ഞു: 'ഈ ദിനങ്ങളിലേക്ക് എനിക്കാവശ്യമുള്ള കൃപകൾ ഇങ്ങനെയൊക്കെ ആവണമെന്ന് ദൈവം നിശ്ചയിച്ചാൽ എതിർക്കാനും കലഹിക്കാനും നമ്മളാരു കുഞ്ഞേ....' ശിഷ്യനുമപ്പോൾ തേങ്ങി. 'ദൈവമേ, പ്രണാമം'.

വിചിന്തന വിധേയമാകേണ്ട ഒരു വർഷംകൂടി നമ്മെ വിട്ടുപോകുന്നു. പ്രതീക്ഷയുടെ പുത്തൻ വർഷം കടന്നുവരുന്നു. കാലം അതിവേഗം മുന്നോട്ട് കുതിക്കുന്നു. നവംബർ 30 ഉം ഡിസംബർ 1 ഉം തമ്മിലുള്ള അകലവ്യത്യാസമല്ലാതെ, ഡിസംബർ 31 ഉം ജനുവരി 1 ഉം തമ്മിൽ എന്ത് അകലമെന്നോർത്ത് ഞാൻ അമ്പരക്കുന്നു.! എന്തെങ്കിലുമൊക്കെ അകലമുണ്ടാകണം നമ്മുടെ ജീവിതത്തിൽ. ഗ്രിഗോറിയൻ കലണ്ടർ അനുസരിച്ചാണ് ജനുവരി ഒന്നിന് നാം പുതുവത്സരം ആഘോഷിക്കുന്നത്. വർഷത്തിലെ ആദ്യമാസം ജനുവരി, ജാനുസ് ദേവനിൽ നിന്നാണ് ഈ പേര് സ്വീകരിച്ചിരിക്കുന്നത്. ജാനുസിന്റെ പ്രത്യേകത മുന്നോട്ടും പിന്നോട്ടും നോക്കുന്ന ഇരട്ടമുഖം. ഒന്ന് കഴിഞ്ഞ കാലത്തിലേക്ക് നോക്കിനിൽക്കുമ്പോൾ, മറ്റേത് വരുംകാലത്തിലേക്ക് പ്രത്യാശയോടെ നോക്കുന്നു. പഴയതിൽനിന്ന് പാഠം പഠിച്ച് മുന്നോട്ട് പോവുക, പ്രത്യാശയോടെ മുന്നേറുക – അതാണ് പുതുവർഷം നമുക്ക് നല്കുന്ന സന്ദേശം.

### ഋതുഭേദങ്ങൾ നൽകുന്ന പാഠം

പ്രകൃതിയിലെന്നപോലെ ഋതുഭേദങ്ങൾ ജീവിതത്തിലുമുണ്ടെന്നു തിരിച്ചറിയുന്നവർക്കാണ് പുതുവത്സരം പിറക്കുക. ഋതുക്കളെ പ്രാർത്ഥനാപൂർവ്വം വീക്ഷിക്കുക. ഏപ്രിലിൽ വെയിൽ പൊള്ളുന്നു. മേയിൽ പ്രകൃതി കൂറെക്കൂടി സൗമ്യയാണ്. മേയിൽമാത്രം വിരിയുന്ന ചില പൂക്കളുടെ സുഗന്ധവും, സൗന്ദര്യവും ഭൂമിയെ കുറെക്കൂടി മനോഹരിയാക്കുന്നു. ജൂണിൽ മഴ പെയ്ത് നിലയ്ക്കാത്ത



www.malankaralibrary.com

വെള്ളിനൂലിന്റെ കസവുകൊണ്ട് ദൈവം ഭൂമിയെ തൊടുന്നു. ഈ ഋതുപ്പകർച്ചകൾപോലെ മനുഷ്യജീവിതത്തിലുമുണ്ട് ഒരായിരം കാലങ്ങൾ. ഇന്നലെവരെ ഭൂമിയിൽ ശിശിരമായിരുന്നു. കാറ്റ് വൃക്ഷച്ചില്ലകളിലെ അവസാനത്തെ ഇലകളെപ്പോലും വീഴ്ത്തിയ ശിശിരം. ഒരു പച്ചില നാമ്പുപോലുമില്ല, കണ്ണിന് കണികാണാൻ. എന്നാൽ ഇന്ന് വസന്തമാരംഭിച്ചിരിക്കുകയാണ്. വസന്തം പച്ചിലകളുടെയും പൂമൊട്ടുകളുടെയും കാലമാണ്. ഭൂമിക്കതിന്റെ വർണ്ണങ്ങൾ തിരികെ ലഭിച്ചിരിക്കുന്നു. ഈ ഭൂമിയിലെ ഋതുഭേദങ്ങൾ പോലെ മനുഷ്യന്റെ ആയുസ്സിലുമുണ്ട് ഋതുഭേദങ്ങൾ. ഇപ്പോൾ എന്റെ ജീവനിൽ ഇലകൊഴിയുന്ന ശിശിരമാണ്. നാളെ തീർച്ചയായും വെളിപാടാണ്. ഭൂമിയ്ക്കും പ്രകൃതിയ്ക്കും ദൈവം നല്കുന്ന വെളിപാട്. ഈ വെളിപാട് നമ്മുടെ ജീവിതത്തിന് ഉണർവ് നല്കട്ടെ, പ്രത്യാശ നല്കട്ടെ.....

**പഴയകാല കുറവുകളെ തിരുത്തി മുന്നേറാനുള്ള അവസരം**

1914 ഡിസംബർ മാസത്തിൽ തോമസ് ആൽവാ എഡിസന്റെ ന്യൂജഴ്സിയിലുള്ള വെസ്റ്റ് ഓറഞ്ചിലെ പരീക്ഷണശാലയിൽ അഗ്നിബാധയുണ്ടായി. സകലവും കത്തിചാമ്പലായപ്പോൾ അദ്ദേഹം മകനോട് പറഞ്ഞു. 'പോയ വർഷത്തെ എല്ലാ തെറ്റുകളും ഇതാ കത്തിത്തീർന്നിരിക്കുന്നു. ദൈവത്തിനു നന്ദി. നമുക്കിനി എല്ലാം പുതുതായി തുടങ്ങാം'. പരീക്ഷണശാല കത്തിയതിന്റെ പിറ്റേദിവസംതന്നെ ഗവേഷണം തുടങ്ങി. മൂന്ന് ആഴ്ച കഴിഞ്ഞപ്പോൾ ആദ്യത്തെ ഫോണോഗ്രാഫ് വികസിപ്പിച്ചു. 1931 ഒക്ടോബർ 18 ന് അദ്ദേഹം മരിക്കുന്നതിനുമുമ്പ് 1093 കണ്ടുപിടുത്തങ്ങൾ നടത്തിയതായി ചരിത്രം സാക്ഷ്യപ്പെടുത്തുന്നു. പിന്നോട്ടുനോക്കി പഴയകാല പരാജയങ്ങൾ കണ്ടറിഞ്ഞ് തിരുത്തി മുന്നേറാനുള്ള അവസരം പുതുവത്സരം നമുക്ക് നല്കുന്നു. ഹെൻഡ്രിഫോർഡിന്റെ ഒരു ഉദ്ധരണി പ്രസിദ്ധമാണ്. 'പരാജയം പൂർവ്വാധികം ജാഗ്രതയോടും ദീർഘവീക്ഷണത്തോടുംകൂടെ ജീവിതം പുനരാരംഭിക്കാനുള്ള അവസരം തരുന്നു. "The Magic of Thinking' എന്ന ഗ്രന്ഥത്തിൽ ഡോക്ടർ ഡേവിഡ് ഷാവാർട്സ് പറയുന്നത് പുതുവത്സരത്തിൽ ചിന്തനീയമാണ്. 'നിങ്ങൾ എന്താണെന്ന് നിങ്ങൾ ചിന്തിക്കുന്നുവോ അതാണ് നിങ്ങൾ. നിങ്ങളുടെ മനസ്സ് ചിന്തയുടെ ഫാക്ടറിയാണ്. ക്രിയാത്മക ചിന്തകളും നിഷേധാത്മക ചിന്തകളും ഈ ഫാക്ടറിയിൽ ഉല്പാദിപ്പിക്കപ്പെടുന്നു'. ക്രിയാത്മകമായി ചിന്തിക്കുന്നവർ ഏതു പ്രതികൂല സാഹചര്യത്തേയും അനുകൂല സാഹചര്യമായി മാറ്റുവാൻ പ്രാപ്തരാണ്. നിഷേധാത്മകമായി ചിന്തിക്കുന്നവർ ഏതു അനുയോജ്യമായ സാഹചര്യങ്ങളിലും ഫലം പുറപ്പെടുവിക്കാതെ പരാതികളും, പരിഭവങ്ങളുമായി മുന്നോട്ടു പോകുന്നു. ഈ പുതുവത്സരത്തിൽ നമ്മുടെ ചിന്താ ഫാക്ടറിയിലെ ക്രിയാത്മക



ചിന്തകളെ പ്രോത്സാഹിപ്പിക്കുവാനും, നിഷേധാത്മക ചിന്തകളെ ഉപേക്ഷിക്കാനും പരിശ്രമിക്കാം.



www.malankaralibrary.com

**മറുപിറവി**

വീണ്ടും പിറവിയെന്ന് ക്രിസ്തു നിക്കോദേമോസിനോടാണ് ആദ്യം പറയുന്നത്. രാത്രിയിലെത്തിയ ജ്ഞാന സഞ്ചാരിയാണയാൾ. ക്രിസ്തുവിന്റെ മരണത്തോളം അയാൾ ഇരുളിൽ നിൽക്കുകയായിരുന്നു. ഗുരുവിന്റെ പ്രകാശകിരണങ്ങൾ തന്നെ സ്പർശിച്ചപ്പോൾ അദൃശ്യമായ മാറ്റങ്ങൾ ജീവിതത്തിൽ സംഭവിക്കുന്നു, ഒരു മറുപിറവി ഉടലെടുക്കുന്നു. എല്ലാ തടസ്സങ്ങളേയും മറികടന്ന് അരിമത്തിയായിലെ ജോസഫിനൊപ്പം ക്രിസ്തുവിന്റെ ശരീരം ചുമക്കുവാനുള്ള ധൈര്യം ലഭിക്കുന്നു. പിന്നീട് അങ്ങോട്ടുള്ള ജീവിതം വെളിച്ചത്തിന് സാക്ഷ്യം നല്കുന്നതായിരുന്നു. അഗസ്തീനോസ് ഒരിക്കൽ, കുലീനമല്ലാത്ത തന്റെ ബന്ധങ്ങൾക്ക് കൂട്ടുകാരിയായിരുന്ന ഒരുവളെ തെരുവിൽവച്ച് തിരിച്ചറിയാതെ പോകുമ്പോൾ, ഞാൻ പഴയ ഇന്നയാളാണെന്ന് പറഞ്ഞ് സ്വയം പരിചയപ്പെടുത്തുവാൻ അവൾ ശ്രമിച്ചെങ്കിലും, ആ ശ്രമത്തിൽ അവൾ പരാജയപ്പെടുന്നു. 'അല്ല, ഞാൻ അഗസ്റ്റിൻ അല്ല' എന്ന് മന്ത്രിച്ച് അയാൾ കടന്നുപോകുന്നു. മറുപിറവിയിൽ ഭൂതകാലമില്ല, വർത്തമാനകാലവും, ഭാവികാലവും മാത്രമേ മുന്നിൽ ഉള്ളൂ. ഈ ജന്മത്തിൽതന്നെ ഒരു മറുപിറവി എല്ലാവർക്കും സാദ്ധ്യമാണ്. അതിനായുള്ള അവസരത്തെ നമുക്ക് പ്രയോജനപ്പെടുത്താം.

ആറ്റുവക്കിൽ വെളിച്ചം വീശുന്നതിനുമുമ്പേ ചൂണ്ടയിടാനിരുന്ന ഒരു മുക്കുവൻ കാത്തിരിപ്പിന്റെ വിരസതയകറ്റാൻ മുമ്പിലുള്ളൊരു കൽക്കൂമ്പാരത്തിൽനിന്ന് ഓരോ കല്ലെടുത്ത് അയാൾ ആഴങ്ങളിലേക്ക് വലിച്ചെറിഞ്ഞു കൊണ്ടിരുന്നു. വെളിച്ചം വീശുമ്പോൾ അയാളുടെ കൈയ്യിൽ ഒടുവിലത്തെ കല്ലായിരുന്നു. ഒരു നിലവിളിയോടെ അയാൾ അപ്പോഴറിഞ്ഞു. എറിഞ്ഞു കളഞ്ഞതൊന്നും കല്ലുകളായിരുന്നില്ല, വിലപിടിപ്പുള്ള മുത്തുകളായിരുന്നു. കൈമോശം വന്ന മുത്തുകളുടെ കൂമ്പാരങ്ങൾ. അതുപോലെ, കാലത്തിന്റെ പുഴയിലേക്ക് നാം അലസമായി എറിഞ്ഞു കളയുന്ന നിമിഷമുത്തുകൾ എന്നെന്നേക്കുമായി നഷ്ടമാകുമെന്ന അറിവ് ജീവിതത്തെ കുറെക്കൂടി ഗൗരവപൂർവ്വം കാണാൻ നമ്മെ പഠിപ്പിക്കുന്നു. പുതുവർഷത്തെ കുറെക്കൂടി നന്മയോടും പ്രത്യാശയോടും കർത്തവ്യബോധത്തോടുംകൂടി നമുക്ക് സ്വാഗതം ചെയ്യാം. ബൈബിളിൽനിന്ന് ഒരു ചിന്തകൂടി; 'ഇവൻ എന്റെ പ്രിയപുത്രനാകുന്നു. ഇവനിൽ ഞാൻ സംപ്രീതനായിരിക്കുന്നു'. ഈ വചനത്തിന്റെ ആദ്യഭാഗം ഓരോ പുലരിയിലും നമ്മുടെ മനസ്സിനോട് പ്രാർത്ഥനാപൂർവ്വം മന്ത്രിക്കേണ്ടതാണ്. ഞാൻ ദൈവത്തിന്റെ പ്രിയങ്കരനാണെന്ന സുവിശേഷം. 'ഇവനിൽ ഞാൻ സംപ്രീതനായെന്ന രണ്ടാം പാദം കേൾക്കുന്നുണ്ടോയെന്ന് സ്വയം ധ്യാനിക്കേണ്ടത് രാത്രിയിലാണ്. കിടക്കയിലേക്ക് മടങ്ങുമ്പോൾ ഈ രണ്ടു സ്വരങ്ങളും വരുംവർഷത്തിലെ എല്ലാ ദിനങ്ങളിലും കേൾക്കാൻ നമുക്കു കഴിയട്ടെയെന്ന പ്രാർത്ഥനയോടെ.....പുതുവത്സരത്തിന്റെ എല്ലാ പ്രാർത്ഥനാശംസകളും നേരുന്നു.

## ആദരാഞ്ജലികൾ



**സി.എമിലി.എസ്.ഐ.സി**

## Matrimonial

**Looking for groom**

Girl (B.Sc nurse, working in Saudi Gov. hospital), Malankara Catholic, age - 29, slim, fair, height - 158 cm, weight - 50 kg, hobbies- cooking , traveling, reading etc, God fearing n caring person

Address - Chalumattu house, Edapavoor P.O, Ranni , Pathanamthitta, Contact : 9995228199

Looking for a suitable groom (Degree or Masters, working abroad, engineer, nurse, CA, physiotherapist, B pharmacy or working in medical field)




www.malankaralibrary.com

# കോവിഡാനന്തരകാലത്തെ മതം - ആത്മീയത ?
# ഫ്രാൻസിസ് പാപ്പയാണുത്തരം



**ഫാ. ഡോ. ഏബ്രഹാം ഇരിമ്പിനിക്കൽ**
(KCBC മീഡിയ കമ്മീഷൻ സെക്രട്ടറി)

'Let Us Dream: The Path to a Better Future' എന്ന ഫ്രാൻസിസ് പാപ്പയുടെ ഏറ്റവും പുതിയ പുസ്തകം കോവിഡ് മഹാവ്യാധിയുടെ കാലത്തെ ചിന്തകളുടെ ശേഖരമാണ്. കോവിഡ് എന്ന രോഗത്തെ ഏകാന്തതയും വ്യാകുലതയും നിറയുന്ന കാലമായി കരുതി, ജീവിതത്തെ ആകമാനം പരിശോധിക്കുകയാണ് പാപ്പാ. ഇക്കാലത്ത് എല്ലാവരും ചോദിക്കുന്നു. കോവിഡിനുശേഷമുള്ള സാമ്പത്തിക വ്യവസ്ഥ എന്താകും? വിദ്യാഭ്യാസ സമ്പ്രദായം എങ്ങനെയായിരിക്കണം? മതം? സഭ? എല്ലാ കോവിഡാനുഭവങ്ങൾക്കും ശേഷമുണ്ടാകുന്ന അനുഭവമാണ് ക്രിസ്തു. അങ്ങനെയെങ്കിൽ ഇപ്പോൾ സംഭവിക്കുന്ന മാറ്റങ്ങളോ? സഹനപർവ്വങ്ങളിലൂടെ മനുഷ്യൻ വളരുന്നതങ്ങനെയാണ്. പരിണാമത്തിനു തയ്യാറാകുക എന്നതാണ് പുതുവർഷം പറയാൻ പോകുന്നത്. ഏതു തരം പരിണാമം? പഠിച്ചിട്ടും പഠിച്ചിട്ടും പൂർത്തിയാക്കാത്ത ക്രിസ്തുവിനെക്കുറിച്ച് പുതിയൊരു പാഠത്തിലെത്തുന്ന പരിണാമസഞ്ചാരത്തിലെ ചാലകശക്തിയാണ് ഫ്രാൻസിസ് എന്ന വലിയ മുക്കുവൻ. പുതിയ കാലത്തിലെ മനുഷ്യസഞ്ചാരത്തെ ഇത്ര മനോഹരമായി മനസ്സിലാക്കിയ ഒരു മനുഷ്യൻ വേറെയില്ല. അദ്ദേഹത്തിന്റെ വാക്കുകൾ മനുഷ്യന്റെ മതബോധത്തെ നവീകരിക്കും, ക്രിസ്ത്യാനിയുടെ മാത്രമല്ല, കത്തോലിക്കന്റെ മാത്രമല്ല, സകല മനുഷ്യന്റെയും സാംസ്കാരിക-ആത്മീയ ഭാവത്തെ നിർണ്ണയിക്കാൻ ഫ്രാൻസിസ് പാപ്പയുടെ ജീവിതവും സന്ദേശവും വഴിയൊരുക്കും.




**ശൂന്യമായ വാക്കുകളല്ല ജീവനുള്ളവയാണാവശ്യം**

സെമിനാരിയിൽ രണ്ടാം വർഷം പഠിക്കുന്ന കാലത്തെ അനുഭവം ഫ്രാൻസിസ് പാപ്പ പറയുന്നു. ''വേദനയുടെയും ഏകാന്തതയുടെയും ആദ്യാനുഭവം അന്നാണ്. ജീവിതദർശനം മാറ്റിയ സംഭവം. ജീവിക്കുമെന്നോ മരിക്കുമെന്നോ അറിയാതെ മാസങ്ങളോളം ആശുപത്രിയിൽ കഴിഞ്ഞു. ഡോക്ടർക്കും അറിയില്ല. അമ്മയെ കെട്ടിപ്പിടിച്ച് ഞാൻ ചോദിച്ചു, 'ഞാൻ മരിക്കുമെങ്കിൽ അതെന്നോട് പറയുക'. മൂന്ന് മാസത്തിനുശേഷം ശ്വാസകോശത്തിനു ഗൗരവമായ ശസ്ത്രക്രിയ നടത്തി. വെന്റിലേറ്ററിൽ കോവിഡ് രോഗികൾ ശ്വാസത്തിനായി മല്ലിടുന്നത് ഇപ്പോൾ എനിക്ക് മനസിലാകുന്നുണ്ട്''. അവിടെ ഒരു സിസ്റ്റർ ഉണ്ടായിരുന്നു, സിസ്റ്റർ കൊർണേലിയ കരാലിയോ. ആശുപത്രിയിലെ അനുഭവപരിചയത്താൽ അവർ മരുന്നിന്റെ അളവ് കൂട്ടി നല്കി. അങ്ങനെയാണ് അസുഖം ഭേദപ്പെട്ട് തുടങ്ങിയത്. ശൂന്യമായ വാക്കുക



www.malankaralibrary.com

ളുടെ അർത്ഥം അന്ന് മനസ്സിലാക്കിയതാണ്. 'എല്ലാം ശരിയാകും'. ശരിയാക്കാനുള്ള പ്രവർത്തിയോ പിന്തുണയോ അതിനു പിറകിൽ ഇല്ലെങ്കിൽ ഈ വാക്കുകൾക്ക് എന്തർത്ഥമാണുള്ളത്? സിസ്റ്ററിന്റെ വാക്കുകൾ ജീവനുള്ളതായിരുന്നു. അതിൽ ജീവൻ പകരാനുള്ള പ്രവർത്തിയുടെ തുടർച്ചയും ചേർത്തു വച്ചിരുന്നു. ആളുകളോടൊപ്പമിരിക്കാനും ചുരുങ്ങിയ വാക്കുകൾ പറയാനും ആ സന്ന്യാസിനിയിൽനിന്നാണ് ഫ്രാൻസിസ് പാപ്പ പഠിച്ചത്. ഒരു ജെസ്യൂട്ട് പുരോഹിതനാകാൻ തീരുമാനിച്ചത് ഈ അനുഭവത്തിന് ശേഷമാണ്.

ആചാരങ്ങളിൽ മാത്രം അഭിരമിക്കുകയും, അത്തരം പെരുങ്കളിയാട്ടങ്ങൾക്കപ്പുറം കഥയും അർത്ഥവും മറന്നു പോവുകയും, പിന്നീട് കമ്പോളസമാനമായ ലാഭമോഹങ്ങളാൽ കണക്കെടുക്കാൻ താൽപര്യപ്പെടുകയും ചെയ്യുന്നിടമായി മതരൂപത്തെ ചിലർ അവതരിപ്പിക്കുന്നു, മറ്റു ചിലർ ആഘോഷിക്കുന്നു. അതിലും തൃപ്തരല്ലാത്തവർ ചുറ്റിലും കറുത്ത തുണിവിരിച്ച് സ്വന്തം മതരൂപങ്ങളെ സംരക്ഷിക്കുകയും അപരന്റെ സ്വാതന്ത്ര്യത്തിലേക്കും ജീവനിലേക്കും കത്തിയാഴ്ത്തുകയും ബോംബ് പൊട്ടിക്കുകയും ചിലപ്പോഴൊക്കെ നിറയൊഴിക്കുകയും ചെയ്ത് മതം തെരുവിൽ കോളാമ്പികെട്ടി പടർത്തുന്നു. ഇത്തരത്തിൽ മതങ്ങളെ മനസ്സിലാക്കാൻ ശ്രമിക്കുന്നവർക്കും അത്തരം പ്രചരണങ്ങളാൽ മതാത്മകത അവതരിപ്പിക്കുന്നവർക്കും ഫ്രാൻസിസ് പാപ്പ കോവിഡാനന്തരകാലത്തെ തിരുത്തൽ ശക്തിയാണ്. ദിക്കുകൾതോറും മാറ്റൊലിക്കൊള്ളുന്ന ശൂന്യപദങ്ങൾക്ക് പുതുവർഷത്തിൽ പ്രസക്തി നഷ്ടമാകും. പക്ഷെ സഹസ്രാബ്ദങ്ങൾക്ക് മുൻപേ ഉയർന്ന 'എന്റെ ദൈവമെ എന്റെ ദൈവമെ എന്നെ കൈവിട്ടതെന്തേ'? 'നിന്റെ ഇഷ്ടം നിറവേറട്ടെ 'യെന്ന നിലവിളിക്ക് പ്രസക്തി വർദ്ധിക്കും. കർഷകന്റെ പ്രതിരോധത്തിന്, ദളിതന്റെ കണ്ണീരിന്, അഭയാർത്ഥികളുടെ ചങ്കിടിപ്പിന്, സ്വവർഗ്ഗാനുരാഗിയുടെ ജൈവവിശേഷത്തിന് ഒക്കെ ആത്മീയതയുടെ സ്പർശം ആവശ്യമാണെന്ന് വിളിച്ചുപറയുന്ന അർജന്റീനക്കാരൻ പുതിയ കാലത്തിലെ മനുഷ്യനാണ്. എല്ലായിടത്തും പലവിധത്തിൽ കൊല്ലപ്പെടുന്നവർക്കുവേണ്ടി അദ്ദേഹം നിലവിളിക്കുന്നു. "I cannot stay silent over 30 to 40 million unborn lives cast aside every year through abortion" (let us dream). പിറക്കാതെ പോകുന്ന ജീവിതങ്ങളെയോർത്ത് വിലപിക്കുന്നതും ഈ പുതുലോകമനുഷ്യൻ തന്നെ.

'ഫ്രത്തേല്ലി തൂത്തി' (Fratelli Tutti) എന്ന പുതിയ ചാക്രികലേഖനം ഇന്നത്തെ കാലത്തിനു ലഭ്യമായ മികച്ച സാമൂഹ്യപ്രബോധനമാകുന്നതോടൊപ്പം പുതിയ ലോകത്തെ രാഷ്ട്രീയവും സമ്പത്തും അധികാരവും ജനതയും മനുഷ്യനും കലരുന്ന ജീവിതാവസ്ഥയുടെ പുതിയകാല ദർശനം കൂടിയാണ്. 'ഏവരും സഹോദരർ' എന്ന് ഇത്രകാലം പറഞ്ഞതിന്റെ പുതുപുത്തൻ വ്യാഖ്യാനമാണ് ഈ എഴുത്ത്. പ്രത്യാശാഭരിതവും സാഹോദര്യസങ്കല്പങ്ങളാൽ ദീപ്തവുമായി മനുഷ്യജീവിതാവസ്ഥയ്ക്കുവേണ്ടിയുള്ള പ്രമാണമാണിത്. "A realistic and inclusive social covenant must be a 'Cultural Covenant', one that respects and acknowledges that diferent world views, cultures, and life style that coexists in society (no. 219). സാഹോദര്യവും സാമൂഹ്യസൗഹാർദ്ദവുമാണ് നീതിയും സമാധാനവുമുള്ള ലോകത്തിന്റെ നിർമിതിക്കാവശ്യമെന്ന് ഫ്രത്തേല്ലി തൂത്തി പഠിപ്പിക്കുന്നു. ഇതിനാണ് 'നല്ല രാഷ്ട്രീയത്തിന്റെ' ആഗോളീകരണത്തെക്കുറിച്ച് ചിന്തിക്കുന്നത്. ആഗോള കുത്തകകൾ സമൂല ഉല്പാദനത്തിന്റെയും വിതരണത്തിന്റെയും അധികാരം ഏറ്റെടുക്കുന്നതിനെതിരായി വികാരമുണ്ടാകുന്നത് ആത്മീയാവശ്യമാണെന്ന് പറയാൻ ധൈര്യമുള്ള മനുഷ്യന്റെ പേരാണ് ഫ്രാൻസിസ് പാപ്പാ. ഗ്ലോബൽ വാല്യു ചെയിൻ (GVC) എന്ന സങ്കൽപ്പം മഹാവ്യാധികളുടെ കാലത്ത് പരാജയമാണെന്ന് ഇപ്പോൾ ബോധ്യമായി. റീജണൽ വാല്യു ചെയിനുകളിലൂടെ, geostrategic criteria അടിസ്ഥാനമാകണമെന്ന് ലോകം ചിന്തിക്കുന്നു. പഞ്ചാബിലെയും ഹരിയാനയിലെയും യു.പി.യിലെയും കർഷകർ ശീതകാല വെല്ലുവിളികളെ നേരിട്ട് ഇന്ദ്രപ്രസ്ഥത്തിൽ സമരം ചെയ്യുന്നത് നാം കണ്ടു. ഇത് കർഷകന്റെ ഇന്ത്യ ആണോ എന്ന് അവർ വാദിക്കുന്നു. യേസ് അല്ലെങ്കിൽ നോ എന്ന് ഉത്തരം പറയാനാകാതെ, ഒരുമിച്ച് ഒരു ചായ പോലും കുടിക്കാനാകാതെ ഭരണകൂടം കർഷകനെ തീവ്രവാദിയെന്നു വിളിച്ച് സ്വയം ചെറുതാകുന്ന കാഴ്ച, പൂർണ്ണമായും ഇനിയും വിലയ്ക്കെടുക്കപ്പെടാത്ത ചില ഇന്ത്യൻ മാധ്യമങ്ങൾ ഇതെഴുതുമ്പോൾ റിപ്പോർട്ട് ചെയ്യുന്നു.


**എല്ലാവരും ഭക്ഷണം കഴിച്ചോ?**

ഈ ഭൂമിയിലുള്ള എല്ലാ മനുഷ്യരും ഭക്ഷണം കഴിച്ചോ? ഈ ചോദ്യം ചോദിക്കേണ്ടത് ആരാണ്? ഭക്ഷണത്തിന്റെ പേരിൽ കൊലപാതകം നടക്കുന്ന നാടാണ് ഇന്ത്യ. ചില പ്രത്യേക ഭക്ഷണം വിളമ്പിയെന്നതിന്റെ പേരിൽ കലാപം സൃഷ്ടിക്കുന്ന മതവിഭാഗങ്ങൾ ഈ ഉത്തരാധുനികയുഗത്തിലും നമ്മുടെ കേരളത്തിൽ പോലുമുണ്ട്. ''വല്ലതും കഴിച്ചോ? കഴിക്കാൻ നിങ്ങളുടെ പക്കൽ എന്തുണ്ട്?'' ഇങ്ങനെ ചോദിച്ച ദൈവപുത്രൻ മനുഷ്യരാശിയുടെ ആത്മീയതയും മതവും പുനർമൂല്യനിർണ്ണയം ചെയ്യുന്നു. കലാപങ്ങളിലൂടെയും കൊലപാതകങ്ങളിലൂടെയും മതം പറയുന്നത് കോവിഡാനന്തര ലോകം കഠിനമായി തള്ളിപ്പറയും. വെറുപ്പിന്റെ മതരാഷ്ട്രീയമല്ല മനുഷ്യനാവശ്യം. 2019 ലെ ഭക്ഷ്യദിന സന്ദേശത്തിൽ ഫ്രാൻസിസ് പാപ്പാ പറഞ്ഞത് ശ്രദ്ധേയമാണ്. "It is cruel, unjust and paradoxical reality that, today, there is food for everyone and yet not everyone has access to it, and that in some areas of the world food is wasted, discarded and consumed in excess". ഭക്ഷണം പാഴാക്കുന്നതിന്റെ വാർഷിക കണക്കെടുത്തപ്പോൾ യു.എ.ഇ.യിൽ ഒരാൾ ശരാശരി 197 കിലോയും, യൂറോപ്പിൽ 95 കിലോയും പാഴാക്കുന്നു. 700 മില്ല്യൺ ആളുകൾ അമിതഭാരത്തിലും 820 മില്ല്യൺ ആളുകൾ പട്ടിണിയിലും കഴിയുന്നുവെന്ന് ഫ്രാൻസിസ് പാപ്പാ 2019 ലെ ഭക്ഷ്യദിന സന്ദേശത്തിൽ താരതമ്യപ്പെടുത്തി.

വിശക്കുന്നവന്റെ മുൻപിൽ ദൈവം അപ്പത്തിന്റെ രൂപത്തിൽ പ്രത്യക്ഷനാകുമെന്ന് നാം പ്രസംഗിക്കുന്നു. ദൈവപുത്രൻ തന്റെ സാന്നിധ്യം ഈ ഭൂമി



www.malankaralibrary.com




യിലെ ഏറ്റവും പവിത്രമായ ആരാധനയിലൂടെ തുടരുന്നത് അപ്പത്തിന്റെ രൂപത്തിലാണ്. അഞ്ചപ്പം അയ്യായിരത്തിലധികം ആളുകളിലേക്ക് വ്യാപിക്കുന്നതിന്റെ അടയാളങ്ങൾ നമ്മുടെ നാട്ടിലും ധാരാളം വർദ്ധിക്കുന്നുവെന്നത് പുതുപുലരിയെ പ്രതീക്ഷയോടെ സ്വീകരിക്കാൻ പ്രേരിപ്പിക്കുന്നു. 2020 ൽ കോവിഡ് വ്യാധിയുടെ ആദ്യ നാലുമാസം മാത്രം പട്ടിണിമൂലം 3.7 മില്ല്യൺ ആളുകൾ മരിച്ചത് 'Let Us Dream' എന്ന ഗ്രന്ഥത്തിൽ പാപ്പ ഓർമ്മിച്ചെടുക്കുന്നു. ഇത് മഹാവ്യാധിയിലൂടെയും മറ്റ് പ്രശ്നങ്ങളാലും തകർന്നു പോകുന്നവരെ ലോകം ഗൗരവമായി പരിഗണിക്കണമെന്ന് ഓർമ്മപ്പെടുത്താനാണ്. പട്ടിണിയും അക്രമവും കാലാവസ്ഥാവ്യതിയാനവും നിഗൂഢമായ മഹാമാരികളാണെന്ന് അദ്ദേഹം പറഞ്ഞു. ലോകത്തെല്ലായിടത്തും വിശക്കുന്നവർക്ക് ഭക്ഷണം നല്കാൻ കടൽകടന്ന് സഞ്ചരിച്ച മിഷനറിമാരുടെ കഥ പഴയകാലത്തിൽ മാത്രം ഒതുങ്ങി നിൽക്കുന്നതല്ല. ആഫ്രിക്കയിലും ലാറ്റിനമേരിക്കയിലും ഇന്നും ഇത്തരം സഹായം ക്രിസ്ത്യൻ മിഷനറിമാർ നിർവ്വഹിക്കുന്നു. എന്തിന് ഉത്തരേന്ത്യൻ ഇടങ്ങളിൽ കേരളത്തിലെ എത്രയോ മിഷനറി സന്ന്യാസിനിസന്ന്യാസികൾ ഇത്തരം കർമ്മങ്ങൾ നിർവ്വഹിച്ചുകൊണ്ടിരിക്കുന്നു. പള്ളിയുടെ ഭരണം പിടിച്ചെടുക്കാനും അധികാരത്തിന്റെ ആനുകൂല്യത്താൽ മരിച്ചവനുള്ള നീതി നിഷേധിക്കാനും കേരളത്തിലെ ക്രൈസ്തവ സമൂഹങ്ങളിൽ ചിലർ മൽസരിക്കുമ്പോൾ നാം എന്ത് സന്ദേശമാണ് ഈ ജനതയ്ക്ക് നല്കുന്നത്? ഇത്തരം തെരുവ് യുദ്ധങ്ങളിൽ ക്രിസ്തുവിന് എന്ത് പങ്കാണുള്ളത്? ഇതായിരുന്നോ ഇത്രയും കാലം ക്രിസ്ത്യാനികൾ ഈ നാടിന് നല്കിയ സംഭാവനകളുടെ തുടർച്ചയായി ഇന്നത്തെ തലമുറ മനസ്സിലാക്കേണ്ടത്?

**നല്ല ഇടയന്റെ മതം: കാരുണ്യം**


വത്തിക്കാനിൽ കാരുണ്യവർഷത്തിന്റെ സമാപനബലിയിൽ ഫ്രാൻസിസ് പാപ്പ നല്കിയ സന്ദേശം സഭയുടെ എക്കാലത്തെയും സ്വഭാവം വ്യക്തമാക്കുന്നതായിരുന്നു. നല്ല ഇടയന്റെ സ്വഭാവമാണത്. "For the flock he is a shepherd, not an inspector, and he devotes himself to the mission not fifty or sixty percent, but with all he has". നിയമങ്ങളുടെ പരിപാലനത്തിൽ ഒരു വാതിൽപോലും കാരുണ്യപൂർവ്വം തുറക്കാതെ കഴിയുന്ന മതനിയമങ്ങളും ആചാരങ്ങളും ഇന്നും ലോകത്തിലുണ്ട്. ഇവിടെയാണ് ഈ ആചാര്യന്റെ വാക്കുകൾ പ്രസക്തമായി തുടരുന്നത്. "Not only does he keep his doors open, but he also goes to seek out those who no longer wish to enter them". വിശാലമായി തുറന്നിട്ട വാതിലുമായി കാത്തിരിക്കുന്ന ഇടയന്റെ ആലയമാണ് ദൈവാലയം. ക്രിസ്തുവിനെപ്പോലെ ഇത്ര സുന്ദരമായി മനുഷ്യലോകത്തെ കാത്തിരിക്കാൻ കഴിയുന്ന മറ്റൊരു ആത്മീയ ഇടം കോവിഡാനന്തരകാലത്തും മനുഷ്യനു മറ്റൊന്നില്ല. പുതിയ വർഷം എല്ലാ മതങ്ങളുടെയും ആത്മീയത ഇത്തരമൊരു വഴിയെ സഞ്ചരിക്കണം.

പുതിയ പുസ്തകത്തിലും ഫ്രാൻസിസ് പാപ്പ സ്വീകരിച്ച സമീപനം നല്ല ഇടയന്റേതാണ്. ലോകത്തിലെ എല്ലാ സംഭവവികാസങ്ങളും നല്ല ഇടയന്റെ കണ്ണിലൂടെ കാണുക. സങ്കുചിത മനസ്സ് മാറ്റിനിർത്തി വിശാലമായ ചിന്തകളിലൂടെ കടന്നുപോകാൻ ആത്മീയ നേതൃത്വം തയ്യാറാകണമെന്ന് എല്ലായിടത്തും അദ്ദേഹം ആവശ്യപ്പെടുന്നു. നല്ല ഇടയനായ യേശുക്രിസ്തുവിന്റെ വഴിയാണ് മതവും ആത്മീയതയും, അതു കാരുണ്യത്തിന്റേതാണ് (യോഹ. 10:11,14). നല്ല ഇടയനും കവാടവും ഒരാൾ തന്നെയാകുന്ന കാവ്യാത്മകമായ



www.malankaralibrary.com

ദർശനമാണ് ക്രിസ്തുവിനെ അനുഗമിക്കുന്നവരുടെ ശക്തി. ആത്മാക്കളുടെ സംരക്ഷകനായ (1 പത്രോ. 2:25) ഇടയനിലാണ് നാം പ്രതീക്ഷയർപ്പിക്കുന്നത്. 15 മാസത്തെ ഇടവേളയ്ക്ക് ശേഷം നല്ല ഇടയനായ മാർപാപ്പ തിരഞ്ഞെടുത്ത ആദ്യത്തെ അന്തർദേശീയ സന്ദർശനം ഇറാഖിലേക്കാണ്. 2021 മാർച്ച് 5 മുതൽ 8 വരെ അദ്ദേഹം ബാഗ്ദാദ്, ഊർ, മൊസൂൾ തുടങ്ങിയ മുറിവുണങ്ങാത്ത നഗരങ്ങൾ സന്ദർശിക്കും.




**പടരുന്ന വേരുകൾ**

അടിസ്ഥാനപരമായ ചോദ്യങ്ങളാൽ യഥാർത്ഥ സത്തയെ കണ്ടെത്തുന്ന കാലമാണ് കോവിഡ് മനുഷ്യന് സമ്മാനിച്ചുകൊണ്ടിരിക്കുന്നത്. ജീവനും അതിന്റെ സംരക്ഷണവുമായി ബന്ധപ്പെട്ടാണ് എല്ലാറ്റിന്റെയും മൂല്യം നിർണ്ണയിക്കപ്പെടുന്നത്. അടിസ്ഥാന മൂല്യം നിർണ്ണയിക്കുന്ന ശക്തിയാണ് ആത്മീയത. "The pandemic poses fundamental questions about happiness in our lives and about the treasure of one Christian faith" (Being Christians in the Corona virus crisis, Ed. Cardinal Walter Kasper & Fr. George Augustin). നമ്മുടെ ആഴത്തിലുള്ള വേരുകൾ കണ്ടെത്താൻ മഹാവ്യാധിയുടെ കാലം കാരണമാകുന്നു. മഹായുദ്ധങ്ങളും വ്യാധികളും സംഘർഷഭരിതമായ വ്യഥകളും മനുഷ്യനെ അവനവനിലേക്കും മനുഷ്യജീവിതാർത്ഥങ്ങളിലേക്കും സഞ്ചരിക്കാൻ പ്രേരിപ്പിക്കുന്നു. ജോൺ പോൾ രണ്ടാമൻ മാർപാപ്പയുടെ 'സാൽവിഫിച്ചി ദൊളോറിസ്' (Salvifici Doloris) ഇത്തരം വേദനകളുടെ രക്ഷാകരവഴി വരച്ചു കാട്ടുന്നു. ഫ്രാൻസിസ് പാപ്പയുടെ വാക്കുകൾ മനുഷ്യവംശത്തിന്റെ ആത്മീയവ്യഥകൾക്ക് ദൈവിക സാന്ത്വനം പകരുന്നതാണ്. പാവപ്പെട്ടവരുടെയും ഭൂമിയുടെയും കരച്ചിൽ ശ്രദ്ധാപൂർവ്വം കേൾക്കാൻ ഈ കാലഘട്ടത്തിന്റെ ആത്മീയാചാര്യൻ ആവശ്യപ്പെടുന്നത് പുതുയുഗത്തിന്റെ പ്രവചനസ്വരമാണ്. അർജന്റീനയിലെ ജീവിതം അദ്ദേഹത്തെ അതിന് ഏറെ സഹായിച്ചു. ഫ്രാൻസിസ് പാപ്പ പ്രധാനാചാര്യശുശ്രൂഷ ആരംഭിച്ചതു മുതൽ എത്രയോ ആയിരങ്ങളാണ് സഭാജീവിതത്തിലേക്ക് മടങ്ങിയെത്തിയത്. ഫുട്ബോൾ ഇതിഹാസം മറഡോണ ഒരുദാഹരണം മാത്രം. പുതിയ പ്രതീക്ഷകളും പുതിയ ഐക്യദാർഢ്യവും പുതുപുലരിയുടെ മന്ത്രമായി മാറുകയാണ് ഇദ്ദേഹത്തിലൂടെ.

**പുതിയ കാലത്തിലെ മനുഷ്യൻ ആരാണ്?**

ജീവിതത്തിലെ സ്വഭാവികവും നൈസർഗ്ഗികവുമായ നിമിഷങ്ങൾക്ക് ദൈവശാസ്ത്രദർശനം സിദ്ധിക്കുകയാണ് പോപ് ഫ്രാൻസിസിലൂടെ. അസീസിയിലെ ഫ്രാൻസിസിന്റെ ദർശനം നമ്മുടെ കാലത്തോട് ചേർത്തു വായിക്കാൻ കഴിയുന്നു. 'ഫ്രത്തേല്ലി തൂത്തി'



www.malankaralibrary.com

യിലും 'ലൗദാത്തോ സി' യിലും ഈ ദർശനം ആഴത്തിൽ വായിച്ചറിയാം. സ്നേഹത്തിന്റെ സാന്നിധ്യത്തിൽ ദൈവസാന്നിധ്യം മഹത്തായ മിസ്റ്റിക് അനുഭവമുള്ള മനുഷ്യജീവിതത്തിന്റെ അനുദിനവ്യാപാരങ്ങളിലേക്ക് തുറന്നു വിടുകയാണ് പാപ്പ (1 യോഹ. 4:16). പുതുമകൾക്ക് വേരോട്ടം വർദ്ധിപ്പിക്കണമെന്ന് തെറ്റിദ്ധരിച്ചിരുന്ന മാനവരാശിയെ കോവിഡ് 19 വഴിമാറി ചിന്തിക്കാൻ പഠിപ്പിക്കുന്നു. നിലനിൽക്കുന്ന സാങ്കേതികതകളെ പരിപോഷിപ്പിക്കുക മാത്രമാണാവശ്യം എന്നു കരുതിയത് തെറ്റി. It is my desire that, in this time, by acknowledging the dignity of each human person, we can contribute to the rebirth of a universal aspiration to fraternity. Fraternity between all men and women' (Fratelli Tutti no. 8). മാനവസൗഹൃദത്തിന്റെ സുവിശേഷമാണ് ക്രിസ്തുമതത്തിന്റെ സന്ദേശം. തീവ്രവാദനിലപാടുകൾ മതത്തെയും ആചാരങ്ങളെയും 'ഹൈജാക്' ചെയ്യുന്നതിന്റെയും ചെയ്തതിന്റെയും കടുത്ത ദോഷം നാം വിവിധ ഇടങ്ങളിലും സമൂഹങ്ങളിലും കാണുന്നുണ്ട്. അത്തരമൊരു വിധി ക്രൈസ്തവദർശനത്തിനു വന്നു ഭവിക്കാതിരിക്കാൻ കരുതലുണ്ടാകണം. അതിതീവ്ര നിലപാടുകൾ മതത്തെ സങ്കുചിത താല്പര്യങ്ങളിലേക്ക് തള്ളിയിടാൻ ശ്രമിക്കുകയാണ്. അത് അനുവദിക്കരുതെന്ന് നിർബന്ധമുള്ളവരിൽ ഒന്നാമൻ ഫ്രാൻസിസ് പാപ്പയാണ്. സാഹോദര്യത്തിന്റെ ആഘോഷമാണ് ക്രിസ്തുമതം. ക്രിസ്തു എല്ലാവരുടേതുമാണ്, എല്ലാവർക്കുമുള്ളതാണ് എന്ന് എക്കാലവും നമുക്കറിയാം. പുതിയ കാലം ഇത്തരം നന്മ നിറഞ്ഞ സങ്കല്പങ്ങളിലൂടെ മാത്രമേ ആത്മീയതയും മതവും മനസ്സിലാക്കൂ. അല്ലാത്തവയെ തിരസ്ക്കരിക്കും. തീവ്രവാദികളുടെ മതസങ്കല്പങ്ങൾക്ക് അധികം ആയുസ്സുണ്ടാവില്ല.

ഫ്രാൻസിസ് പാപ്പയുടെ ചിന്തകളിലൂടെ പുതുകാലത്തെ മനുഷ്യനെയും മതസങ്കല്പത്തെയും ആത്മീയതയെയും വായിച്ചെടുക്കാൻ ശ്രമിക്കാം. പുതിയ കാലത്തെ മനുഷ്യന്റെ വാക്കുകൾ അദ്ദേഹത്തിലുണ്ട്. മനുഷ്യനെ അവന്റെ എല്ലാവിധ വ്യാപാരങ്ങളോടുകൂടെയും അറിയുകയും നല്ല ഇടയനെപ്പോലെ പിൻതുടരുകയും ചെയ്യുന്ന ഫ്രാൻസിസ് പാപ്പയുടെ ദർശനമാണ് കോവിഡാനന്തര ലോകത്തിനാവശ്യം.

**വി. യൗസേഫിന്റെ വർഷം: സാധാരണക്കാർക്കു വേണ്ടി ഒരു അസാധാരണ ആചരണം**

കോവിഡാനന്തരകാലത്തെ ആത്മീയതയ്ക്ക് മികച്ച ദർശനം ഫ്രാൻസിസ് പാപ്പാ നല്കുന്നതിന്റെ മറ്റൊരു ഉദാഹരണമാണ് 2021 നെ വി. യൗസേഫിന്റെ വർഷമായി പ്രഖ്യാപിച്ചത്. പാത്രിസ് കോർദെ (Patris Corde) എന്ന അപ്പസ്തോലിക തിരുവെഴുത്തിലൂടെ 2021 ഡിസംബർ 8 വരെ യൗസേപ്പിതാവിനായി സമർപ്പിക്കുന്നു. പാത്രിസ് കോർദെ എന്നാൽ 'പിതാവിന്റെ ഹൃദയത്തോട് കൂടെ' എന്നർത്ഥം. കരുതലും സ്നേഹവും ആർദ്രതയും പുലർത്തിയ ദൈവത്തോട് വിശ്വസ്തനും ധൈര്യശാലിയും അധ്വാനിയുമായിരുന്ന പിതാവായിരുന്നു വി. യൗസേഫ്. നിഴലിൽ നിലനിന്ന വ്യക്തി. ഇങ്ങനെയാണ് യൗസേഫ് പിതാവിനെ മാർപാപ്പാ അവതരിപ്പിക്കുന്നത്. ആഗോളസഭയുടെ രക്ഷാധികാരിയായി വി. യൗസേഫിനെ പീയൂസ് 17-ാമൻ മാർപാപ്പ പ്രഖ്യാപിച്ചതിന്റെ 150-ാം വാർഷികത്തോട് അനുബന്ധിച്ചാണ് ഈ പ്രഖ്യാപനം.

കോവിഡ് 19 ന്റെ പശ്ചാത്തലത്തിലാണ് ഈ പ്രഖ്യാപനം. കാരണം വെള്ളിവെളിച്ചത്തിൽനിന്നും അകലെ നിൽക്കുന്ന സാധാരണക്കാരായ മനുഷ്യരുടെ പ്രാധാന്യം വെളിപ്പെടുത്തുന്ന കാലമാണ് ഇത്. അവരുടെ ക്ഷമയും അധ്വാനവും മഹാവ്യാധിയുടെ കാലത്ത് മനുഷ്യനു പ്രത്യാശ പകരുന്നു. ഇത്തരത്തിൽ അവരെല്ലാം വി. യൗസേപ്പിന്റെ ജീവിതത്തോട് സാമ്യം പുലർത്തുന്നു. രക്ഷാകര ചരിത്രത്തിൽ പകരം വയ്ക്കാനാകാത്ത സാന്നിധ്യമായിരുന്നിട്ടും ആരാലും ആഘോഷിക്കപ്പെടാതെപോയ വ്യക്തിത്വമായിരുന്നു അദ്ദേഹത്തിന്റേത്. ഉപാധികളില്ലാതെ പരിശുദ്ധ മറിയത്തെ സ്വീകരിച്ചതിലൂടെ ദൈവിക പദ്ധതിയുടെ ഭാഗമായി മാറി. പ്രതിസന്ധികളെ നേരിട്ടപ്പോൾ ക്രിയാത്മകമായ ധൈര്യം പ്രകടിപ്പിച്ചവൻ എന്ന് പാത്രിസ് കോർദെ യൗസേപ്പിതാവിനെ വിശേഷിപ്പിക്കുന്നു. കോവിഡ് കാലം ഇത്തരം ക്രിയാത്മക ധൈര്യം പ്രകടിപ്പിച്ചവരുടെ പേരിൽ അറിയപ്പെടും. കോവിഡാനന്തര ആത്മീയതയുടെ മാർഗ്ഗദർശികൾ ഇത്തരം ആളുകളായിരിക്കും. പുതിയ വർഷം നമുക്ക് നല്കുന്ന ധൈര്യം ഇത്തരം ക്രിയാത്മകമായ ആത്മീയതയുടേതാണ്. കുടുംബത്തിൽ സംഭവിച്ച പ്രതിസന്ധിയെ നസ്രത്തിലെ മരപ്പണിക്കാരൻ അതിജീവിച്ച രീതി അനുകരണീയമാണ്. അധ്വാനത്തിന്റെ ആനന്ദവും മൂല്യവും പഠിപ്പിച്ച യൗസേപ്പിതാവിനെ ഫ്രാൻസിസ് പാപ്പാ അവതരിപ്പിക്കുന്നു.

വാക്കുകളുടെ മൂർച്ചകൂട്ടി ചുറ്റുമുള്ള മനുഷ്യരെയും അവരുടെ ജീവിതങ്ങളെയും അപഹസിക്കുന്നത് എത്ര അപകടമാണെന്ന് നമ്മൾ തിരിച്ചറിയണം. ധ്യാനപ്രസംഗവേദിയിൽനിന്ന് രൂക്ഷമായ വിമർശനം നടത്തുന്നത് സത്യവിരുദ്ധവും നന്മയില്ലാത്തതുമാണെന്ന് ചിലരെങ്കിലും മനസ്സിലാക്കണം. മനുഷ്യനെ അവന്റെ ഏതു സാഹചര്യത്തിലും ബഹുമാനിക്കാനും കാരുണ്യപൂർവ്വം ഇടപെടാനും പുതുവർഷവും ആഗ്രഹിക്കുന്നു. മനുഷ്യരക്ഷക്കായി കുരിശിൽ മരിച്ച ക്രിസ്തുവിനെ പ്രഘോഷിക്കുന്നതിനും പകരം തീവ്രവാദികളെ അനുകരിക്കണമെന്ന ആഗ്രഹം ക്രൈസ്തവ മതാത്മകതയല്ല. കോവിഡാനന്തര ലോകത്തിന്റെ ആത്മീയതയും മതദർശനവും ഫ്രാൻസിസ് മാർപാപ്പയുടെ വാക്കുകളിലൂടെ വെളിപ്പെടുന്ന ക്രിസ്തുദർശനത്താൽ ജ്വലിക്കും, തീർച്ച.


www.malankaralibrary.com

# പി. യു. തോമസ് (നവജീവൻ)
# ദൈവം കൈയ്യൊപ്പു ചാർത്തിയ നല്ല സമരിയാക്കാരൻ

**നാ**മേവരും എന്തിന്റെയൊക്കെയോ തടവറയിലാണ്. ജീവിതം മെച്ചപ്പെടുത്തുവാനായി നാം തിരക്കിട്ടോടുമ്പോൾ, നാടോ, കുടുംബമോ, മാതാപിതാക്കളോ, ബന്ധുക്കളോ ഇല്ലാതെ നമ്മുടെ കരുണയ്ക്കായി കൊതിക്കുന്ന മറ്റു ധാരാളം മനുഷ്യരും നമ്മുടെ ചുറ്റിലുമുണ്ട്. അങ്ങനെയുള്ളവർക്കായി 'നവജീവൻ' എന്ന പേരിൽ കോട്ടയം ജില്ലയിൽ മെഡിക്കൽ കോളേജിനടുത്ത് ഒരു ഭവനം സ്ഥാപിതമായിരിക്കുന്നു. മാതാപിതാക്കളോ ബന്ധുക്കളോ ഇല്ലാത്ത അനാഥരെയും, തെരുവോരങ്ങളിലെ കുപ്പത്തൊട്ടിയിൽനിന്നും ഭക്ഷണം കഴിച്ച് ജീവിക്കുന്നവരെയും സംരക്ഷിക്കാനായി ആരംഭിച്ച ഈ ഭവനം ഇത്തരത്തിലുള്ള കേരളത്തിലെ ആദ്യത്തെ സംരംഭമാണ്. മെഡിക്കൽ കോളേജ്, കുട്ടികളുടെ ആശുപത്രി, ജില്ലാ ആശുപത്രി തുടങ്ങിയ സ്ഥലങ്ങളിലേക്കെത്തുന്ന നിരവധി പാവപ്പെട്ട ആളുകൾക്ക് രാവിലെയും ഉച്ചയ്ക്കും വൈകിട്ടും സുഭിക്ഷമായി നവജീവൻ ഭക്ഷണം നല്കുന്നു. ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ ദൈവംത്തിന്റെ തിരഞ്ഞെടുത്ത ഒരു മനുഷ്യൻ - കൽക്കട്ടായുടെ തെരുവുകളിൽ പാവങ്ങളുടെ പക്ഷം ചേർന്ന വിശുദ്ധ മദർ തെരേസായെപ്പോലെ കോട്ടയത്തിന്റെ തെരുവീഥികളിൽ ആരോരുമില്ലാത്തവരെ നെഞ്ചോടു ചേർത്തു പിടിക്കുവാൻ ഒരു നല്ല സമരിയാക്കാരൻ - ജീവകാരുണ്യരംഗത്ത് കഴിഞ്ഞ 50 വർഷത്തിലേറെയായി പ്രവർത്തിക്കുന്ന, അനേകായിരങ്ങളെ ജീവിതത്തിന്റെ സുരക്ഷിതത്വത്തിലേക്കു വഴി കാട്ടുന്ന, ദൈവത്തിന്റെ കൈയ്യൊപ്പു പതിഞ്ഞ പി.യു. തോമസുചേട്ടനുമായി ഐക്യദീപത്തിനുവേണ്ടി ഫാ. മാത്യു പൊട്ടുകുളത്തിൽ നടത്തിയ അഭിമുഖം.



**1. തോമസുചേട്ടന്റെ കുടുംബപശ്ചാത്തലവും ബാല്യകാലവും സംബന്ധിച്ച് എന്താണ് പറയാനുള്ളത്?**

കോട്ടയം ജില്ലയിലെ അതിരമ്പുഴ എന്ന ഗ്രാമത്തിലാണ് ഞാൻ ജനിച്ചത്. പാക്കത്തുകുന്നേൽ കുടുംബത്തിൽ ഉലഹന്നാന്റെയും അന്നമ്മയുടെയും അഞ്ചു മക്കളിൽ മൂത്ത ആളാണ് ഞാൻ. കൃഷിയും കന്നുകാലി വളർത്തലുമൊക്കെയായി താരതമ്യേന ഒരു ഇടത്തരം കാർഷിക കുടുംബമായിരുന്നു ഞങ്ങളുടേത്. വീട്ടിലെ തിരുസ്വരൂപത്തിന്റെ മുന്നിൽ പ്രാർത്ഥിച്ചശേഷം നാളികേര കച്ചവടത്തിനായി വീടുകളിൽ പോയി നാളികേരം വാങ്ങി ചന്തയിലും മറ്റുള്ളയിടങ്ങളിലും പോയി വിൽക്കുമായിരുന്നു. അതിൽനിന്നു കിട്ടുന്ന വരുമാനംകൊണ്ടാണ് അപ്പൻ ഞങ്ങളെ പോറ്റിയിരുന്നത്. കഷ്ടതകളുടെയും ദാരിദ്ര്യത്തിന്റെയും നടുവിലും, ജീവിതത്തെ കൈവിട്ടുകളയാതെ ഭാര്യയെയും ഞങ്ങൾ അഞ്ചു മക്കളെയും അപ്പൻ പോറ്റി. അതിരമ്പുഴ പള്ളിയുടെ സെന്റ് അലോഷ്യസ് സ്കൂളിലായിരുന്നു ഞാൻ സ്കൂൾ പഠനത്തിനായി പോയത്. വെറും എട്ടാം ക്ലാസ്സുകൊണ്ട് പൂർത്തിയായ ആ പരിശീലനം തീർന്നതുപോലും രണ്ടു ഘട്ടമായാണ്. പത്താംതരം പോലും തികയ്ക്കാൻ കഴിഞ്ഞില്ല. എങ്കിലും മെഡിക്കൽ കോളേജ് പോലൊരു മഹാപാഠശാലയുടെ ചുറ്റുപാടുകളിൽ, കഴിഞ്ഞ അരനൂറ്റാണ്ടു കാലം ഒരു ജീവകാരുണ്യ പ്രവർത്തകനായി ജീവിക്കാനും പ്രവർത്തിക്കാനുമുള്ള ജ്ഞാനം നൽകി ദൈവം അനുഗ്രഹിച്ചു.



www.malankaralibrary.com

**2. ഇങ്ങനെയൊരു ജീവിതക്രമത്തിലേക്ക് ഇറങ്ങുവാൻ തോമസുചേട്ടന് പ്രചോദനമായത് എന്താണെന്ന് പറയാമോ?**

1966 സെപ്റ്റംബർ മാസത്തിൽ കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽ അൾസറിനുള്ള ഓപ്പറേഷനുവേണ്ടി കുറച്ചുനാൾ ആശുപത്രിയിൽ എനിക്ക് കിടക്കേണ്ടി വന്നു. അവിടെ ഞാൻ കിടന്നതിന്റെ വലതുവശത്ത്, ഒരു ഓപ്പറേഷനുവേണ്ടി രാമചന്ദ്രൻ എന്നൊരാളും കിടപ്പുണ്ടായിരുന്നു. രാമചന്ദ്രനു സ്വന്തമെന്നു പറയാൻ അയാളുടെ പേരു മാത്രമെ ഉണ്ടായിരുന്നുള്ളൂ. കൂടെ നിൽക്കാനോ സഹായിക്കാനോ ആരുമില്ലായിരുന്നു. ഇടയ്ക്ക് അയാളുടെ കവിളിലൂടെ കണ്ണീർത്തുള്ളികൾ ഒഴുകിയിറങ്ങും. ആ ദിവസങ്ങളിൽ എന്റെ അമ്മ എനിക്ക് ഭക്ഷണം വീട്ടിൽനിന്നും കൊണ്ടുവന്ന് തരുമായിരുന്നു. ഞാൻ കഴിക്കാൻ തുടങ്ങുമ്പോൾ രാമചന്ദ്രൻ അതിലേക്ക് പ്രതീക്ഷയോടെ നോക്കും. ഞാൻ നേരിട്ട ജീവിതപരീക്ഷകളിൽ നിർണ്ണായകമായ ഒന്നായി മാറി രാമചന്ദ്രന്റെ ആ നോട്ടം. മതപഠനക്ലാസ്സുകളിൽ പഠിച്ച പരസ്നേ



ഹത്തിന്റെ ഉരകല്ലായി എനിക്ക് ആശുപത്രിമുറി മാറി. രാമചന്ദ്രനുമായി ഭക്ഷണം പങ്കുവച്ചു, അങ്ങനെ ഞാൻ എന്റെ ദൈവവിളി തിരിച്ചറിഞ്ഞു. രാമചന്ദ്രന്റെ രൂപത്തിൽ സർവ്വശക്തൻ എന്നെ വിളിച്ചു. രോഗീശുശ്രൂഷ, പാവങ്ങൾക്ക് ഭക്ഷണം, അനാഥർക്ക് അഭയം......ചിറകുമുളയ്ക്കുന്ന ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് ഉൾവിളി ലഭിച്ചു. പാവപ്പെട്ടവന്റെ പക്ഷം ചേരുന്നതാണ് ക്രിസ്തുനാഥൻ നമ്മെ പഠിപ്പിച്ച യഥാർത്ഥ ക്രിസ്തീയതയെന്ന് തിരിച്ചറിഞ്ഞ് ഈ ജീവിതക്രമം ആരംഭിച്ചു.

**3. ഇങ്ങനെയെത്ര ആളുകളെ ഇതിനോടകം സഹായിക്കാൻ സാധിച്ചിട്ടുണ്ട്? സഹായം സ്വീകരിക്കുന്ന വ്യക്തികളുടെ പ്രതികരണം എന്താണ്?**

ആശുപത്രിക്കിടക്കയിൽവച്ച് രാമചന്ദ്രൻ എന്നൊരാളെ തുടക്കത്തിൽ കണ്ടുമുട്ടിയ കാര്യം നേരത്തെ സൂചിപ്പിച്ചുവല്ലോ. അമ്പതു വർഷങ്ങളായി ഓരോ ദിവസവും അയ്യായിരത്തിലധികം പാത്രങ്ങളിലേക്കുകൂടി എളിയവനായ എന്റെ ഭക്ഷണപ്പൊതി ദൈവം വ്യാപിപ്പിച്ചു. ആയിരക്കണക്കിനു മനുഷ്യർ സ്നേഹപൂർവ്വം നൽകിയ സംഭാവനകൾ ചേർത്തപ്പോൾ, വർഷത്തിൽ ഇരുപത് ലക്ഷത്തോളം പേർക്ക് നല്കുന്ന ഭക്ഷണശുശ്രൂഷയായി അത് വളർന്നു. കൂടാതെ, തെരുവീഥികളിൽ അലഞ്ഞു തിരിയുന്ന, ആരോരുമില്ലാത്ത ആളുകളെ സംരക്ഷിക്കുന്ന ഒരു സംരംഭംകൂടി തുടങ്ങുവാൻ ദൈവം എന്നെ സഹായിച്ചു. സഹായം സ്വീകരിക്കുന്ന വ്യക്തികളെക്കുറിച്ച് ചിന്തിക്കുമ്പോൾ പലപ്പോഴും നാം കൊടുക്കുന്ന ഭക്ഷണപ്പൊതി കൈയിൽ വാങ്ങി നന്ദി നിറഞ്ഞ ഹൃദയത്തോടെ അവരുടെ കണ്ണുകൾ നിറയുന്നത് ഞാൻ കണ്ടിട്ടുണ്ട്.

**4. സമൂഹം ഇതിനെ എപ്രകാരം കാണുന്നുവെന്നാണ് തോമസുചേട്ടൻ ചിന്തിക്കുന്നത്? അതുപോലെ, സമൂഹം അങ്ങയെ അംഗീകരിച്ചിട്ടുള്ള സാഹചര്യങ്ങൾ (അവാർഡുകൾ) ഇവയെപ്പറ്റി പറയാമോ?**

തീർച്ചയായും, ആര് സമൂഹത്തിൽ നന്മ ചെയ്താലും അത് സ്വീകരിക്കപ്പെടും എന്നതിന് ഒരു സംശയവുമില്ല. അതിന്റെ പ്രതിഫലനങ്ങളാണല്ലോ അവുടെ സാമ്പത്തികമായും സാന്നിധ്യപരമായും വാക്കുകൾകൊണ്ടും നൽകുന്ന പിന്തുണ. അതോടൊപ്പംതന്നെ അനേക സ്ഥലങ്ങളിൽ ക്ലാസ് എടുക്കുന്നതിനും, ഈ ജീവിതക്രമത്തെക്കുറിച്ച് പങ്കുവയ്ക്കുന്നതിനും എന്നെ ക്ഷണിച്ചിട്ടുണ്ട്. അവാർഡുകളെക്കുറിച്ച് പറഞ്ഞാൽ, ഞാൻ ചെയ്യുന്ന ഈ നല്ല പ്രവർത്തിക്ക് ഒട്ടേറെ അവാർഡുകൾ ലഭിച്ചിട്ടുണ്ട്. ഇരുനൂറ്റിയറുപത്തിയേഴിലേറെ ചെറുതും വലുതുമായ അവാർഡുകളും ബഹുമതികളും ഇതിനോടകം ലഭിച്ചിട്ടുണ്ട്. 2015ൽ വിപുലമായ പരിപാടികളോടെ കോട്ടയം നഗരസഭ ആദരിക്കുകയുണ്ടായി. ഏറ്റവുമടുത്ത് ലഭിച്ച അവാർഡ്, ജീവകാരുണ്യ പ്രവർത്തനങ്ങൾക്കു പരി



www.malankaralibrary.com

ശുദ്ധ ഫ്രാൻസിസ് മാർപാപ്പ നൽകുന്ന ഉന്നത ബഹുമതിയായ 'ബേനെമെരേന്തി' ആയിരുന്നു. എന്നാൽ ഏറ്റവും വലുതായി ഞാൻ കാണുന്നത് ഈ പാവപ്പെട്ട മനുഷ്യരോട് ഒപ്പം ആയിരിക്കുവാൻ ലഭിക്കുന്ന നിമിഷങ്ങളാണ്.

**5. സഭാധികാരികളിൽനിന്ന് എത്രമാത്രം പിന്തുണ തോമസുചേട്ടനു ലഭിച്ചു. പ്രത്യേകിച്ച് അഭിവന്ദ്യ പിതാക്കന്മാർ, വൈദികർ എന്നിവരിൽനിന്നും ലഭിച്ചിട്ടുള്ള പിന്തുണയെക്കുറിച്ച് പറയാമോ?**

സഭാധികാരികൾ എപ്പോഴും വലിയ പിന്തുണയോടുകൂടി എന്നോടൊപ്പമുണ്ടെന്ന് പറയുന്നതിൽ ഞാൻ അഭിമാനിക്കുന്നു. ഇവിടുത്തെ ഓരോ പ്രവർത്തനത്തിലും, പ്രത്യേകിച്ച് ഭക്ഷണം ഉണ്ടാക്കുന്നതിലും അത് കൊണ്ടുപോയി നൽകുന്നതിലുമൊക്കെ വൈദികരും സന്യസ്തരും ഞങ്ങളോടൊപ്പം ശുശ്രൂഷ ചെയ്യുന്നുണ്ട്. എന്നെ ഏറ്റവും കൂടുതൽ സന്തോഷഭരിതനാക്കിയ ഒരു ദിവസമാണ് സീറോ മലബാർസഭയുടെ പരമാദ്ധ്യക്ഷൻ കർദ്ദിനാൾ ജോർജ് ആലഞ്ചേരി പിതാവ് ഇവിടെ കടന്നുവന്ന്, ഒരു ദിവസം മുഴുവനും ഭക്ഷണം ഉണ്ടാക്കുന്നതിനും അതു വിളമ്പിക്കൊടുക്കുന്നതിനും ഇവിടുത്തെ അന്തേവാസികളോടൊപ്പം ഭക്ഷണം കഴിക്കുന്നതിനും സന്മനസ്സ് കാണിച്ചുവെന്നതാണ്. അതോടൊപ്പംതന്നെ കേരളത്തിലെ മൂന്ന് കത്തോലിക്കാറീത്തുകളിലെ മേലദ്ധ്യക്ഷൻമാരുടെയും സഹായസഹകരണവും ലഭിക്കുന്നുണ്ട്. മറ്റ് സഭാവിഭാഗങ്ങളിൽനിന്നുള്ള പിതാക്കന്മാരും വൈദികരും, മറ്റ് മതനേതാക്കന്മാരും ഈ സ്ഥാപനത്തിന്റെ അഭ്യുദയകാംക്ഷികളാണെന്നു പറയുന്നതിലും എനിക്ക് സന്തോഷമുണ്ട്. കൂടാതെ മുൻപ് സൂചിപ്പിച്ചതുപോലെ, ദേവാലയങ്ങളിൽ ദൈവവചനവും അനുഭവങ്ങളും പങ്കുവയ്ക്കുന്നതിന് വൈദികർ എന്നെ ക്ഷണിക്കുകയും പാരിതോഷികങ്ങൾ നൽകുകയും ചെയ്യാറുണ്ട്.

**6. തോമസുചേട്ടന്റെ ജീവിതത്തിൽ ഈ പ്രവർത്തനങ്ങൾക്ക് എന്തെങ്കിലും ബുദ്ധിമുട്ട് നേരിട്ട നിമിഷങ്ങൾ ഓർക്കുന്നുണ്ടോ? വരുംഭാവിയിൽ ഏതെങ്കിലും ബുദ്ധിമുട്ട് നേരിട്ടാൽ എപ്രകാരം അതിനെ അഭിമുഖീകരിക്കും?**

പിന്നിലേക്കു തിരിഞ്ഞുനോക്കുമ്പോൾ ഒത്തിരി പ്രതിസന്ധികളിലൂടെ കടന്നുപോയ നിമിഷങ്ങളുണ്ട്. നാളെ എങ്ങനെ ഭക്ഷണമെത്തിക്കുമെന്ന് ചിന്തിച്ചിരുന്ന ദിവസങ്ങളുണ്ട്. അവിടെയൊക്കെ അദൃശ്യനായ ദൈവത്തിന്റെ ദൃശ്യമായ കരങ്ങൾ സമൂഹത്തിലെ മറ്റു മനുഷ്യരിലൂടെ ദർശിക്കുവാനും സാധിച്ചിട്ടുണ്ട്. 2000–2005 കാലഘട്ടങ്ങളിൽ സഹായം ചോദിച്ച് നവജീവന്റെ ഭവനത്തിലേക്ക് ആളുകൾ പതിവായി വന്നുകൊണ്ടേയിരുന്നപ്പോൾ ഒന്നും കൈയിൽ ഉണ്ടായിരുന്നില്ല. അപ്പോൾ അവരോട്, മെഡിക്കൽ കോളേജിൽ നഴ്സുമാർ ഒപ്പിടുന്നിടത്ത് നാളെ രാവിലെ വരാൻ പറയും. അതിനുശേഷം കാണുന്നവരോട് രാവിലെ പതിനൊന്നു മണിയ്ക്ക് കാൻസർ വാർഡിനു മുന്നിൽ വരാൻ പറയും. ഉച്ചയ്ക്ക് ഒന്നരയാകുമ്പോൾ മെഡിക്കൽ കോളേജിലെ തൊഴിലാളികൾ ഒപ്പിടുന്ന സ്ഥലത്തേക്കു വരാൻ പറയും... ഇതെല്ലാം കഴിഞ്ഞ് അഞ്ച് മണിക്ക് സഹായങ്ങൾ രഹസ്യമായും വിതരണം ചെയ്തുകൊണ്ടിരുന്നു. ഈ സഹായങ്ങളൊക്കെ നല്കുവാൻ സഹായിച്ചവരെ നന്ദിയോടെ ഈയവസരത്തിൽ ഓർക്കുന്നു. വരുംഭാവിയിൽ ബുദ്ധിമുട്ട് നേരിട്ടാൽ അതിനെ എങ്ങനെ അഭിമുഖീകരിക്കുമെന്ന് അച്ചൻ ചോദിച്ചല്ലോ. ഇത്രയും നാളും ദൈവമാണ് എന്നെക്കൊണ്ട് ഇതെല്ലാം ചെയ്യിച്ചത്. അങ്ങനെയെങ്കിൽ തുടർന്നും ആ ദൈവംതന്നെ വേണ്ടതെല്ലാം ക്രമീകരിച്ച് നൽകും.





www.malankaralibrary.com

**7. ഇത്തരം കാര്യങ്ങൾ ചെയ്യുവാൻ അങ്ങ് ആപ്തവാക്യമായി ഏതെങ്കിലും വചനം സ്വീകരിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അത് എന്താണെന്നും, അതിനെപ്പറ്റി ഒരു വിശദീകരണവും നൽകാമോ?**

'ലോകത്തിൽ ഒരു മനുഷ്യനും വേദനിക്കരുത്, സ്നേഹിക്കപ്പെടാതെ മരിക്കരുത്, അവഗണിക്കപ്പെട്ടതിന്റെ പേരിൽ കണ്ണീർ പൊഴിക്കരുത്. ഈ മഹത്തായ ചിന്തകളാണ് 'നവജീവൻ' എന്ന സംരംഭത്തിന് തുടക്കം കുറിക്കാൻ എന്നെ പ്രേരിപ്പിച്ചത്. ഒട്ടേറെ വേദനകളിലൂടെയും പ്രയാസങ്ങളിലൂടെയുമാണ് ഞാൻ വളർന്നുവന്നത്. ചെറുപ്പം മുതൽതന്നെ മറ്റുള്ളവരുടെ വേദനകളും പ്രയാസങ്ങളും കാണുമ്പോൾ എനിക്ക് വലിയ സങ്കടമായിരുന്നു. സ്കൂളിൽ പഠിക്കുന്ന കാലത്ത് ഉച്ചസമയത്ത് ഭക്ഷണം കൊണ്ടുവരാതെ ഇരിക്കുന്ന ഒരു കൂട്ടുകാരൻ എനിക്കുണ്ടായിരുന്നു. ഞാൻ കൊണ്ടുവരുന്ന ഭക്ഷണം അവനുമായും, ഭക്ഷണം ഇല്ലാതെ വരുന്ന മറ്റു കൂട്ടുകാരുമായും പങ്കുവച്ചിരുന്നു. അങ്ങനെ മറ്റുള്ളവരുടെ വിശപ്പ് എന്റെയും വിശപ്പായി ചെറുപ്പം മുതലേ അനുഭവപ്പെട്ടിരുന്നു.

**8. നമ്മുടെ സഭാ-സാമൂഹിക മേഖലകളിലുള്ള പൊതുസമൂഹത്തിന് അങ്ങു നൽകുന്ന സന്ദേശം എന്താണ്?**

ആകുന്ന കാലത്ത് അധ്വാനിച്ചു... ഇപ്പോൾ സമ്പന്നനായി... ഇനി വിശ്രമിക്കാം... സുഖിക്കാം... മക്കൾക്കും അവരുടെ മക്കൾക്കുമൊക്കെയായി സ്വത്ത് വീതിച്ച് നല്കാം എന്നു മാത്രം ചിന്തിക്കുന്നവരുണ്ട്. അങ്ങനെ, താനും തന്റെ തലമുറകളുമായി മാത്രം ഈ ഭൂമിയെ ക്രമീകരിക്കുന്നവർ. ഇവർക്ക് തന്റെ വീടിന്റെ സമീപത്തുള്ള മറ്റുള്ളവരുടെ ദുരന്തകഥകൾ അറിയുന്നതുപോലും ഇഷ്ടമല്ല. അതെല്ലാം അവരവർതന്നെ സഹിക്കട്ടെയെന്നു വിചാരിക്കുന്നു. വീടിന്റെ അപ്പുറത്തെ ദുഃഖിതരുടെ കാഴ്ചകൾ മറയ്ക്കാൻ തക്കവിധം മതിലുകളും ഉയർത്തുന്നു. എന്നാൽ, മറ്റുള്ളവരെ സഹായിക്കാൻ മനസ്സുള്ള മഹത്ജന്മങ്ങളും നമുക്കിടയിലുണ്ട്. മനുഷ്യൻ വിഭാഗീയതകൾ മറന്ന്, മറ്റുള്ളവരിലേക്ക്, പ്രത്യേകിച്ച് സഹായം അർഹിക്കുന്ന വ്യക്തികളിലേക്ക് ഇറങ്ങിച്ചെല്ലാൻ മനസ്സു കാണിക്കണം. ഓരോ വ്യക്തിയും തന്റെ സാധ്യതകളുടെ അപാരതകളെക്കുറിച്ച് സ്വപ്നങ്ങൾ കാണണം. അതു നിവൃത്തിയാകാൻ അദ്ധ്വാനിക്കണം. അതിനെ പരാജയപ്പെടുത്തുവാൻ ശത്രു പതിയിരിക്കുന്നുവെന്ന് അറിഞ്ഞുകൊണ്ടുതന്നെ മുന്നിട്ടിറങ്ങണം. ബാക്കിയെല്ലാം സർവ്വശക്തനും അജയ്യനുമായ പ്രപഞ്ചസ്രഷ്ടാവിൽ ഭരമേല്പിക്കുക. അവിടുന്നാണല്ലോ വലിയവൻ.

ലക്ഷക്കണക്കിനു മനുഷ്യരെ അന്നമൂട്ടുകയും, ആയിരക്കണക്കിന് അഗതികൾക്ക് തണലേകുകയും ചെയ്യുന്ന, സാധാരണ മനുഷ്യരിൽനിന്നും തികച്ചും വ്യത്യസ്തനായ തോമസുചേട്ടൻ എന്ന ജീവകാരുണ്യ പ്രവർത്തകന്റെ നന്മ നിറഞ്ഞ ജീവിതത്തിലൂടെയാണ് നാം കടന്നുപോയത്. ഒരു കാര്യവും അസാദ്ധ്യമല്ല എന്ന ആപ്തവാക്യത്തിന് ജീവിച്ചിരിക്കുന്ന ഉദാഹരണമാണ് തോമസുചേട്ടൻ. 1991 ൽ നവജീവൻ ട്രസ്റ്റ് ആരംഭിക്കുമ്പോൾ മെഡിക്കൽ കോളേജിൽ താഴ്ന്ന വരുമാനമുള്ള ഒരു ജോലിയായിരുന്നു അദ്ദേഹത്തിന്. തനിക്ക് ഉള്ളതിൽനിന്ന് മറ്റുള്ളവരെ സഹായിക്കുവാൻ അദ്ദേഹം തീരുമാനിച്ചപ്പോൾ, വചനത്തിൽ നാം വായിക്കുന്ന വിധവയുടെ കാണിക്കയെ വലുതായി കണ്ട ദൈവം, തോമസുചേട്ടന്റെ ചെറിയ ഉദ്യമത്തെയും കൂടുതലായി അനുഗ്രഹിച്ചു. അദ്ദേഹത്തിന്റെതന്നെ വാക്കുകളിൽ പറഞ്ഞാൽ ജീവിതത്തിലെ ഏറ്റവും വലിയ സന്തോഷമെന്ന് പറയുന്നത്, ''അവാർഡുകളോ അഭിനന്ദനങ്ങളോ അല്ല, സന്ധ്യ മയങ്ങുന്ന സമയത്ത് മെഡിക്കൽ കോളേജിന്റെ മുറ്റത്ത് നവജീവന്റെ വാഹനം വന്നു നിൽക്കുമ്പോൾ പാത്രം നിറയെ ഭക്ഷണം വാങ്ങി, വയറു നിറയെ കഴിച്ച് മടങ്ങുന്ന പാവപ്പെട്ട രോഗികളെയും അവരുടെ ആശ്രിതരെയും സംതൃപ്തരായി കാണുന്നതാണ്''.





www.malankaralibrary.com

**സുറിയാനി ഭാഷ പഠിക്കുവാൻ താത്പര്യപ്പെടുന്നവർക്കായി, ഈ ലക്കം മുതൽ പഠനപരമ്പര ആരംഭിക്കുന്നു**



# സുറിയാനിഭാഷ സംസ്കാരം, പൊതുവിവരങ്ങൾ

**ഫാ. ഡോ. രാജു പറക്കോട്ട്**
(SEERI, കോട്ടയം)

**(ഒന്നാം ഭാഗം)**

## 1. ഉത്ഭവം

ഏഴാം നൂറ്റാണ്ടിൽ ഇസ്ലാം മതവും അറബി ഭാഷയും ഉത്ഭവിക്കുന്നതിനു മുൻപ് മദ്ധ്യപൂർവ്വദേശത്ത് (Middle East)അതായത് ഇന്നത്തെ ഗൾഫ് രാജ്യങ്ങളിൽ പൊതുവായി പ്രചാരത്തിലിരുന്ന ഭാഷയായിരുന്നു സുറിയാനി. സെമിറ്റിക് ഭാഷാ കുടുംബത്തിൽപ്പെട്ട അറമായ ഭാഷയുടെ എഡേസ്സയിലെ ഭാഷാഭേദ (dialect) മാണ് കാലക്രമത്തിൽ സ്വതന്ത്ര സുറിയാനി ഭാഷയായി ഉത്ഭവിച്ചത്. കണ്ടെടുക്കപ്പെട്ടിട്ടുള്ളതിൽവച്ച് ഏറ്റവും പുരാതനമായ സുറിയാനി ശിലാലിഖിതം (inscription) എ. ഡി. ആറാം ആണ്ടിലുള്ളതും, തോൽ ലിഖിതം (parchment) എ. ഡി. 243 ലെ ഒരു വിൽപ്പന കരാറും (deed of sale), തീയതി രേഖപ്പെടുത്തിയ ആദ്യത്തെ ഹസ്തലിഖിതം (manuscript) എ. ഡി. 411 നവംബറിൽ എഴുതപ്പെട്ടതുമാണ്. നിലവിലുള്ള ലോകത്തിലെ ഏറ്റവും പുരാതനമായ ഹസ്തലിഖിതവും ഇതുതന്നെയാണ്.

## 2. സുറിയാനി ലിപികൾ

2.1. എ. ഡി. 431 ലെ എഫേസോസ് സുന്നഹദോസോടുകൂടി സുറിയാനിസഭയിലെ ഒരു വിഭാഗം നെസ്തോറിയൻ (അസ്സീറിയൻ) ക്രിസ്ത്യാനികളെന്നും, 451 ലെ കൽക്കദൂനിയ സുന്നഹദോസോടുകൂടി സുറിയാനി സഭയിലെ ശേഷിച്ച വിഭാഗം യാക്കോബായ (സിറിയൻ ഓർത്തഡോക്സ്) ക്രിസ്ത്യാനികളെന്നും അറിയപ്പെടാൻ തുടങ്ങി. സുറിയാനിസഭ രണ്ടാകുന്നതിന് മുൻപ് ഉപയോഗിച്ചിരുന്ന സുറിയാനി ലിപി 'എസ്ത്രംഗേലോ' (estrangelo) യാണ്. ഇതിന് സ്വരങ്ങൾ ഉണ്ടായിരുന്നില്ല. ഇപ്പോഴും ഈ ലിപി ഉപയോഗിക്കപ്പെടുന്നുണ്ട്.

2.2. നെസ്തോറിയൻ ക്രിസ്ത്യാനികൾ പിന്നീട് ലിപികൾ വ്യത്യാസപ്പെടുത്തുവാനും ബിന്ദുക്കൾ സ്വരങ്ങളായി ഉപയോഗിക്കാനും തുടങ്ങി. എതാണ്ട് ആറാം നൂറ്റാണ്ടിന്റെ അവസാനത്തോടെ ഇത് പൂർണ്ണ രൂപം പ്രാപിക്കുകയും പൗരസ്ത്യ സുറിയാനി (കൽദായ, നെസ്തോറിയൻ) എന്നറിയപ്പെടുകയും ചെയ്തു.

2.3. യാക്കോബായ ക്രിസ്ത്യാനികളും ലിപികൾ വ്യത്യാസപ്പെടുത്തി. ഗ്രീക്ക് അക്ഷരങ്ങളാണ് സ്വരങ്ങളായി ഉപയോഗിച്ചത്. എതാണ്ട് എട്ടാം നൂറ്റാണ്ടിന്റെ അവസാനത്തോടെ ഇത് പൂർണ്ണ രൂപം പ്രാപിച്ച് പാശ്ചാത്യസുറിയാനി എന്നറിയപ്പെടുകയും ചെയ്തു. പാശ്ചാത്യ സുറിയാനി ലിപികൾ സെർത്തോ (serto) എന്നും അറിയപ്പെടുന്നു.

2.4. എസ്ത്രംഗേലോ സുറിയാനി, പൗരസ്ത്യ സുറിയാനി, പാശ്ചാത്യ സുറിയാനി എന്നിവ മൂന്ന് വ്യത്യസ്ത ഭാഷകളല്ല. ഒരേ വാക്കുകളും, ഒരേ വ്യാകരണവും ഉപയോഗിക്കുന്ന എന്നാൽ വ്യത്യസ്ത ലിപികളും, സ്വരങ്ങളും, ഉച്ചാരണങ്ങളും പിന്തുടരുന്ന ഏക ഭാഷയാണ്. അതായത് ഒരു ഭാഷതന്നെ വ്യത്യസ്ത രൂപത്തിൽ എഴുതുകയും ഉച്ചരിക്കുകയും ചെയ്യുന്നു.

## 3. സുറിയാനി സാഹിത്യ ചരിത്രം

3.1. എ. ഡി. രണ്ടും മൂന്നും നൂറ്റാണ്ടുകളാണ് സുറിയാനി സാഹിത്യ ചരിത്രത്തിലെ ആദ്യ ഘട്ടം. പുരാതന മെസോപ്പോട്ടോമിയൻ, യഹൂദ, ബൈബിൾ സാഹിത്യ രചനകളുടെ സ്വാധീനത്തിൽ രചിക്കപ്പെട്ടതായിരുന്നു ഈ കാലഘട്ടത്തിലെ ഭൂരിഭാഗം കൃതികളും. ഈ കാലഘട്ടത്തിലെ പ്രധാന എഴുത്തുകാരനായിരുന്നു ബർദൈസാൻ (154-222).

3.2. ഗ്രീക്ക് ഭാഷയുടെ സ്വാധീനം പ്രകടമായിരുന്നുവെങ്കിലും, അതിപ്രസരമാകാതിരുന്ന നാലു മുതൽ ഏഴു വരെയുള്ള നൂറ്റാണ്ടുകളാണ് കൃത്യമായി സുറിയാനിഭാഷയുടെ സുവർണ്ണ കാലഘട്ടം എന്നറിയപ്പെടുന്നത്. സുറിയാനി സാഹിത്യ ചരിത്രത്തിലെ ഏറ്റവും മഹാനായ എഴുത്തുകാരൻ നിസിബിസിലെ മോർ അപ്രേമിന്റെയും (306-373), മോർ നർസായ് (392-502), സാറൂഗിലെ മോർ യാക്കോബ് (451-520) എന്നിവരുടേയും രചനകൾ ഈ കാലഘട്ടത്തിലുള്ളതാണ്. റോമാ സാമ്രാജ്യത്തിലെ എഡേസ്സ, സാറൂഗ്, ആമീദ്, മാബൂഗ്, പേർഷ്യാ സാമ്രാജ്യത്തിലെ സെലൂഷ്യ സ്റ്റെസിഫോൻ, നിസിബിസ്, അർബേല തുടങ്ങിയ പട്ടണങ്ങളും, കെന്നശ്രീൻ, കർക്കഫ്ത്ത, മർദ്ദീനിലെ ദയിറുൾസഫ്രാൻ, തുർഅബ്ദീനിലെ മോർ ഗബ്രി



www.malankaralibrary.com

യേൽ, ജറുസലേമിലെ മോർ മർക്കോസ്, മോസൂളിലെ മോർ മത്തായ് തുടങ്ങിയ ദയറാകളും സാഹിത്യ രചനകളുടെ ഈറ്റില്ലങ്ങളായിരുന്നു.

3.3. ഏഴാം നൂറ്റാണ്ടു മുതൽ വിവിധ ഇസ്ലാമീക ഭരണാധികാരികളുടെ രാഷ്ട്രീയ ആധിപത്യത്തിൽ മദ്ധ്യപൂർവ്വദേശത്ത് അറബി ഔദ്യോഗിക ഭാഷയും, ഇസ്ലാം ഔദ്യോഗിക മതവും ആയിത്തീർന്നു. ഏഴാം നൂറ്റാണ്ടിന്റെ അവസാനകാലത്ത് ജീവിച്ചിരുന്ന വിഖ്യാത സന്ന്യാസ രചനകളുടെ കർത്താവായിരുന്ന നിനുവെയിലെ ഇസഹാക്ക്, ബഹുമുഖപ്രതിഭ (polymath) എന്നറിയപ്പെട്ടിരുന്ന എഡേസ്സയിലെ യാക്കോബ് (630–708) എന്നിവർ ഈ കാലഘട്ടത്തിലെ പ്രശസ്തരായിരുന്നു.

3.4. പതിമൂന്നാം നൂറ്റാണ്ടു മുതൽ പ്രാദേശിക ഭരണകർത്താക്കളുടെയും മംഗോളിയർ, മംലൂക്ക് വംശജരുടെയും ഭരണത്തിലായിരുന്നു മദ്ധ്യപൂർവ്വദേശം. ഈ കാലഘട്ടത്തിലെ പ്രധാനപ്പെട്ട എഴുത്തുകാർ പൗരസ്ത്യ തോമസ് അക്വീനാസ് എന്ന് വിശേഷിപ്പിക്കപ്പെടുന്ന ബാർ ഹെബ്രായാ (1225–1286), അബ്ദീശോ ബാർ ബ്രീക്കോ (+1318) എന്നിവരാണ്.

3.5.പതിനഞ്ചാം നൂറ്റാണ്ടു മുതൽ ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കം വരെ ഓട്ടോമാൻ സാമ്രാജ്യത്തിന്റെ ഭാഗമായിരുന്നു മദ്ധ്യപൂർവ്വദേശം. പതിനാറാം നൂറ്റാണ്ട് മുതലാരംഭിച്ച പാശ്ചാത്യ ക്രിസ്ത്യൻ മിഷനറിമാരുടെ മദ്ധ്യപൂർവ്വദേശത്തെ പ്രവർത്തനങ്ങൾ സുറിയാനി പ്രിന്റിംഗ് പ്രസ്സുകളുടെ ഉത്ഭവത്തിനും, യൂറോപ്യൻ സർവ്വകലാശാലകളിലെ ഗ്രന്ഥശാലകളിൽ സുറിയാനി ഹസ്തലിഖിതങ്ങൾ (manuscripts) ശേഖരിക്കപ്പെടുന്നതിനും, സുറിയാനി ഗ്രന്ഥങ്ങൾ ആധുനിക യൂറോപ്യൻ ഭാഷകളിലേക്ക് വിവർത്തനം ചെയ്യപ്പെടുന്നതിനും ഇടയാക്കി.




3.6. ഇരുപതാം നൂറ്റാണ്ടിന്റെ മദ്ധ്യത്തോടെയാണ് ആധുനിക അറബി രാഷ്ട്രങ്ങളുടെ ഉത്ഭവം. ഇക്കാലയളവിൽ മതപരമായ വിവേചനം, മതപീഡനം, യുദ്ധം എന്നിവയിൽനിന്ന് രക്ഷ തേടി മദ്ധ്യപൂർവ്വ ദേശത്തുനിന്നുള്ള സുറിയാനി ക്രൈസ്തവരുടെ ലോകവ്യാപക കുടിയേറ്റത്തിന് തുടക്കം കുറിച്ചു. ഇത് ഇവർ ചേക്കേറിയ സ്ഥലങ്ങളിൽ സുറിയാനി പഠനകേന്ദ്രങ്ങൾ ആരംഭിക്കുവാൻ ഇടയാക്കി. ഇവയിൽ ഹോളണ്ടിലെ പ്ശീത്ത ഇൻസ്റ്റിട്യൂറ്റ്, അമേരിക്കയിലെ ഗോർജിയാസ് പ്രസ്സ് എന്നിവ പ്രശസ്തങ്ങളാണ്.

3.7. ഇന്ന് യൂറോപ്പ്, അമേരിക്ക, ഓസ്ട്രേലിയ, ഏഷ്യ എന്നീ ഭൂഖണ്ഡങ്ങളിലെ വിവിധ സർവ്വകലാശാലകളിൽ സുറിയാനി പഠനത്തിനുള്ള സൗകര്യങ്ങളുണ്ട്. സുറിയാനി അതിന്റെ ജന്മനാടായ മദ്ധ്യപൂർവ്വദേശത്ത്, സിറിയ, ലെബനോൻ, തുർക്കി, ഇറാക്ക്, ഇറാൻ എന്നീ രാജ്യങ്ങളിലെ ചില ഗ്രാമങ്ങളിൽ തൂറോയോ, സൂറത്ത് തുടങ്ങിയ പേരുകളിൽ ഇപ്പോഴും സംസാര ഭാഷയായി നിലനില്ക്കുന്നതോടൊപ്പംതന്നെ, ആധുനിക സമ്പർക്ക മാധ്യമങ്ങളുടെ സകല സാദ്ധ്യതകളും പ്രയോജനപ്പെടുത്തി സജീവഭാഷയായി ഇന്നും തുടരുന്നു.

## 4. സുറിയാനി വിവർത്തന സാഹിത്യം

4.1. സംസ്കൃതത്തിൽ രചിക്കപ്പെട്ട പഞ്ചതന്ത്രകഥകൾ (ബി.സി. 200), അറമായഭാഷയിൽ രചിക്കപ്പെട്ട അഹീക്കാറിന്റെ കഥ (ബി.സി. അഞ്ചാം നൂറ്റാണ്ട്), ഗ്രീക്കിൽ രചിക്കപ്പെട്ട ഈസോപ്പ് കഥകൾ (620–564 ബി.സി.), അലക്സാണ്ടറിന്റെ ജീവചരിത്രം (ബി.സി. നാലാം നൂറ്റാണ്ട്), ഗ്രീക്ക് ദാർശനികൻമാരായിരുന്ന അരിസ്റ്റോട്ടിൽ (35–323 ബി.സി.), പ്ലേറ്റോ (429–327 ബി.സി.) എന്നിവരുടെ കൃതികൾ തുടങ്ങിയവ സുറിയാനിയിലേക്ക് വിവർത്തനം ചെയ്യപ്പെട്ട ചില പുരാതന കൃതികൾക്ക് ഉദാഹരണങ്ങളാണ്.

4.2. അഞ്ചു മുതൽ ഒൻപത് വരെയുള്ള നൂറ്റാണ്ടുകളിലായി ഗ്രീക്ക് വൈജ്ഞാനിക മേഖലയിലെ കൃതികളെല്ലാംതന്നെ സുറിയാനിയിലേക്കും, പിന്നീട് സുറിയാനിയിൽനിന്ന് അറബിയിലേക്കും വിവർത്തനം ചെയ്യപ്പെടുകയുണ്ടായി. അതായത് ഗ്രീക്ക് കൃതികളുടെ അറബി വിവർത്തനങ്ങൾ ഉണ്ടായത് ഗ്രീക്കിൽ നിന്ന് അറബിയിലേക്ക് നേരിട്ടല്ല, ഗ്രീക്ക് കൃതികളുടെ സുറിയാനി വിവർത്തനങ്ങളിൽ നിന്നാണ്. പന്ത്രണ്ടാം നൂറ്റാണ്ടിൽ സ്പെയ്നിൽവച്ച് മേല്പറഞ്ഞ ഗ്രീക്ക് കൃതികളുടെ സുറിയാനിയിൽ നിന്നുള്ള അറബി വിവർത്തനങ്ങൾ ലത്തീനിലേക്ക് വിവർത്തനം ചെയ്യപ്പെടുകയും, യൂറോപ്പിലേക്ക് ഗ്രീക്ക് കൃതികൾ തിരിച്ചെത്തുന്നതിനുള്ള പാലമായി സുറിയാനിഭാഷ വർത്തിക്കുകയും ചെയ്തു.

4.3. വില്യം ഷേക്സ്പിയറിന്റെ Merchant of Venice, ചാൾസ് ഡിക്കൻസിന്റെ Tale of two cities തുടങ്ങിയവയുടെ സുറിയാനി വിവർത്തനങ്ങൾ, ആധുനിക കാലഘട്ടത്തിലും വിശ്വസാഹിത്യത്തിലെ മഹത് കൃതികൾ സുറിയാനിയിലേക്ക് വിവർത്തനം ചെയ്യപ്പെടുന്നുവെ



www.malankaralibrary.com

ന്നതിന് ഉദാഹരണങ്ങളാണ്.

**5. മദ്ധ്യപൂർവ്വദേശത്തെ സുറിയാനി സഭകൾ**

5.1. ലോകത്തിലെ ക്രിസ്ത്യൻ സമൂഹങ്ങൾ, ലത്തീൻ, ഗ്രീക്ക്, സുറിയാനി എന്നിങ്ങനെ മൂന്ന് പാരമ്പര്യങ്ങളിലായാണ് വളർന്നത്. പാശ്ചാത്യ റോമൻ സാമ്രാജ്യത്തിൽ ലത്തീൻപാരമ്പര്യത്തിലുള്ള ക്രൈസ്തവ സമൂഹം റോമൻ കത്തോലിക്കാസഭ എന്നും, പൗരസ്ത്യ റോമാ സാമ്രാജ്യത്തിലെ ഗ്രീക്ക് പാരമ്പര്യത്തിലുള്ള ക്രൈസ്തവ സമൂഹങ്ങൾ ബൈസന്റയിൻ സഭകൾ എന്നും അറിയപ്പെട്ടു. പേർഷ്യൻ സാമ്രാജ്യത്തിലും, പൗരസ്ത്യ റോമാ സാമ്രാജ്യത്തിലുമായി സുറിയാനി പാരമ്പര്യത്തിലുള്ള ക്രൈസ്തവ സമൂഹത്തിലെ ഒരു വിഭാഗം നെസ്തോറിയൻ (അസ്സീറിയൻ സഭ) ക്രിസ്ത്യാനികളെന്നും, 451 ലെ കൽക്കദൂനിയ സുന്നഹദോസോടുകൂടി മറു വിഭാഗം യാക്കോബായ (സിറിയൻ ഓർത്തഡോക്സ്) ക്രിസ്ത്യാനികളെന്നും അറിയപ്പെടാൻ തുടങ്ങി. എ.ഡി. 380 ലെ തെസ്സലോനിക്ക വിളംബരത്തോടെ ക്രിസ്തുമതം സാമ്രാജ്യത്തിലെ ഔദ്യോഗിക മതമായിത്തീരുകയും, റോമാ ചക്രവർത്തിമാർ ക്രിസ്ത്യാനികളാവുകയും ചെയ്തതോടെ റോമാ സാമ്രാജ്യത്തിലെ ക്രൈസ്തവസഭകൾ തഴച്ചു വളർന്നു. എന്നാൽ പേർഷ്യാ സാമ്രാജ്യത്തിലെ സുറിയാനി ക്രിസ്ത്യാനികൾക്ക് ഒരിക്കൽപോലും ക്രൈസ്തവ ചക്രവർത്തിമാരെ ലഭിച്ചില്ലെന്നു മാത്രമല്ല, പൗരസ്ത്യ റോമാ സാമ്രാജ്യത്തിലെ സുറിയാനി ക്രിസ്താനികൾ ബൈസന്റയിൻ ക്രിസ്ത്യാനികളാൽ പാഷണ്ഡികളെന്ന പേരിൽ പലപ്പോഴും പീഡിപ്പിക്കപ്പെടുകയും ചെയ്തിരുന്നു.

5.2. പേർഷ്യൻ സാമ്രാജ്യത്തിലെ ആദ്യകാല ഭരണാധികാരികൾ വളരെയധികം സഹിഷ്ണതയുള്ള പാർത്ഥിയൻമാരായിരുന്നു. ഇവരിൽനിന്ന് എ. ഡി. 224 ൽ അധികാരം കയ്യടക്കിയ സസ്സാനിദുകൾ സൊറാഷ്ട്രിയൻ മതത്തെ ഔദ്യോഗിക മതമാക്കുകയും ക്രൈസ്തവ പീഡനം ആരംഭിക്കുകയും ചെയ്തു. 661 വരെയായിരുന്നു സസ്സാനിദുകളുടെ ഭരണം. മുസ്ലിം മതവിഭാഗക്കാരായ അറബികൾ ഇവരെ കീഴടക്കിയതോടെ പിന്നീടുള്ള ക്രൈസ്തവരുടെ ജീവിതം മുസ്ലീം ഭരണാധികാരികളായ ഖലീഫമാർ (632-661), ഉമവിയർ (661-750), അബ്ബാസിയർ (750-1258), മംഗോളിയർ, മംലൂക്കർ (1250-1517), ഓട്ടോമാൻ തുർക്കികൾ (1922 വരെ) എന്നിവരുടെ കീഴിലായി. ക്രിസ്ത്യാനികൾ ജീവിക്കാൻ മാത്രം അനുവാദമുള്ള, അവകാശങ്ങളില്ലാത്ത സംരക്ഷിതർ (ദിമ്മി) എന്ന് അറിയപ്പെട്ടു. പ്രത്യേക വസ്ത്രം, ഇടക്കെട്ട് എന്നിവ ധരിക്കണം, മുടി പ്രത്യേകം രീതിയിൽ വെട്ടണം. മുസ്ലീങ്ങളെക്കാൾ കൂടുതൽ നികുതിയും, സൈനിക സേവനം നിഷിധമായിരുന്നതിനാൽ അതിനു പകരം വേറെ നികുതിയും നല്കേണ്ടിയിരുന്നു. ഇസ്ലാം മതത്തിലേക്ക് പരിവർത്തനം ചെയ്യപ്പെട്ടവർ സൈന്യത്തിലെടുക്കപ്പെടുകയും എല്ലാവിധ ആനുകൂല്യങ്ങൾക്കും അർഹരാവുകയും ചെയ്തിരുന്നു. ഇസ്ലാംമതത്തെ വിമർശിക്കുക, മുസ്ലിം സ്ത്രീയെ വിവാഹം കഴിക്കുക, മുസ്ലീമിനോട് സുവിശേഷം പറയുക, മുസ്ലീമിന്റെ ശത്രുവിനെ സഹായിക്കുക എന്നിവയെല്ലാം ഗൗരവമായ കുറ്റകൃത്യങ്ങളായി പരിഗണിച്ച് കൊല്ലുകയും പിന്നീട് സ്വത്ത് കണ്ടു കെട്ടുകയുമാണ് ചെയ്തിരുന്നത്. ഒമർ രണ്ടാമൻ (634-644) എന്ന ഇസ്ലാമിക ഭരണാധികാരി ഏർപ്പെടുത്തിയ ഉടമ്പടിയുടെ ഭാഗമായി ക്രിസ്ത്യാനികൾക്കു നേരിടേണ്ടി വന്ന പീഡനങ്ങളാണ് മേല്പറഞ്ഞവയെല്ലാം. അബ്ദ് അൽ മാലിക്ക് (685-705) അറബി ഒഴിച്ചുള്ള ഭാഷകൾ നിരോധിച്ചു. വാലിദ് (705-715), മഹ്ദി (775-785) എന്നിവർ പള്ളികൾ മോസ്കുകളാക്കുകയും, പള്ളിമണി, ശവസംസ്കാരം, പ്രദക്ഷിണം തുടങ്ങിയവയ്ക്ക് നിയന്ത്രണം ഏർപ്പെടുത്തി. ഓട്ടോമാൻ സുൽത്താൻ ഒർക്കൻ (1326-1359) 14നും 20നും ഇടയ്ക്കുള്ള ക്രിസ്ത്യൻ കുട്ടികളെ മുസ്ലീങ്ങളാക്കി ജാനറികൾ എന്ന ക്രൂര സൈന്യവിഭാഗത്തിൽ ചേർക്കുന്നത് ആരംഭിച്ചു. അൽ മഹ്ദി (775-785), ഹറൂൺ അൽ റഷീദ് (785-809), മുതവക്കീൽ (846-861), അബുസൈദ് (1316-1335), ടർക്കിഷ് മംഗോളിയൻ വംശജനായ ടിമൂർ (1336-1405), തുടങ്ങിയ ഭരണാധികാരികൾ സുറിയാനി ക്രിസ്ത്യാനികളുടെ വലിയ കൂട്ടക്കൊലകൾ നടത്തിയവരാണ്. ഇരുപതാം നൂറ്റാണ്ടിൽ 1914 ലെ കൂട്ടക്കൊലയിൽ ഓട്ടോമാൻ തുർക്കികൾ കൊന്നത് 15 ലക്ഷത്തോളം അർമേനിയൻ ക്രൈസ്തവരെയും, 3 ലക്ഷത്തോളം അസ്സീറിയൻ ക്രൈസ്തവരെയും, ഒരു ലക്ഷത്തോളം സിറിയൻ ഓർത്തഡോക്സ് ക്രൈസ്തവരെയുമാണ്.

5.3. ഈവിധ നിഷ്ഠൂര പീഡനങ്ങൾക്കിടയിലും അസ്സീറിയൻ സഭയിലെ മിഷനറിമാർ ഇന്ത്യയിലും, ശ്രീലങ്കയിലും, ചൈനയിലും എത്തി ക്രൈസ്തവവിശ്വാസം പ്രചരിപ്പിച്ചിരുന്നു. ചൈനയിൽ അസ്സീറിയൻ സഭയ്ക്ക് മൂന്നൂറിലധികം ദേവാലയങ്ങൾ ഉണ്ടായിരുന്നതായി 781 ൽ ചൈനീസിലും സുറിയാനിയിലുമായി എഴുതപ്പെട്ട ശിലാഫലകം സാക്ഷിക്കുന്നു. മെസപ്പൊട്ടാമിയായിൽനിന്ന് ചൈനയിലേക്ക് നീണ്ടു കിടക്കുന്ന പട്ടുപാതയ്ക്ക് വടക്ക് കാസ്പിയൻ കടലിനും ബേയ്ക്കൽ തടാകത്തിനും മദ്ധ്യേയുള്ള വിശാലമായ ഭൂപ്രദേശത്തെ അനേകം മംഗോളിയൻ ഗോത്രവംശജരെ ക്രിസ്തുമതത്തിലേക്ക് കൊണ്ടുവരുവാൻ സുറിയാനിസഭയിലെ മിഷനറിമാർക്ക് സാധിച്ചു. ഒരു മംഗോളിയൻ വംശജൻ അസ്സീറിയൻ സഭയുടെ പാത്രിയർക്കീസ് പദവി വരെ എത്തി (യാബാലാഹ മൂന്നാമൻ 1281-1317) എന്നതും ശ്രദ്ധേയമാണ്. ഏഴാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ഇറാനിലെ ആകെ ജനസംഖ്യയുടെ പകുതിയോളം ആളുകൾ ക്രിസ്ത്യാനികളായിരുന്നു. എ. ഡി. 1000 ത്തിൽ ലോകത്താകമാനമായി ഒരു കോടി ഇരുപതു ലക്ഷം (12 മില്യൻ) സുറിയാനി ക്രൈസ്തവരുണ്ടായിരുന്നു.10 മുതൽ 12 വരെ നൂറ്റാണ്ടുകളിൽ അബ്ബാസിയരുടെ നിർബന്ധിത മതപരിവർത്തന-മതപീഡനകാലത്ത് ഗണ്യമായി കുറയാനാരാംഭിച്ച ക്രൈസ്തവ ജനസംഖ്യ ടിമൂറിന്റെ (1336-1405)


www.malankaralibrary.com

കൂട്ടക്കൊലകളോടെ പരിതാപകരമായ അവസ്ഥയി ലെത്തിച്ചേർന്നു.

5.4. ഇന്ന് അസ്സീറിയൻ സഭ, അസ്സീറിയൻ സഭയിൽനിന്ന് 1551 മുതൽ റോമാ മാർപ്പാപ്പയെ തലവനായി സ്വീകരിച്ച കൽദായ കത്തോലിക്കാസഭ, സിറിയൻ ഓർത്തഡോക്സ് സഭ, സിറിയൻ ഓർത്തഡോക്സ് സഭയിൽനിന്ന് 1662 മുതൽ റോമാ മാർപ്പാപ്പയെ തലവനായി സ്വീകരിച്ച സിറിയൻ കത്തോലിക്കാസഭ, പാശ്ചാത്യ സുറിയാനി ആരാധനക്രമം പിന്തുടരുന്ന ലബനോനിലെ മാറോനീത്താ കത്തോലിക്കാസഭ എന്നിങ്ങനെ അഞ്ച് സുറിയാനി സഭകളാണ് മദ്ധ്യപൂർവ്വദേശത്തുള്ളത്.

### 6. സുറിയാനിഭാഷയും കേരളവും

6.1. കേരളത്തിലെ പൗരസ്ത്യ കൽദായ സുറിയാനിസഭ, സീറോ മലബാർസഭ എന്നീ രണ്ട് സഭകളുടെ ആരാധന ക്രമത്തിന്റെ മൂലം പൗരസ്ത്യ സുറിയാനിയും മലങ്കര യാക്കോബായ സുറിയാനിസഭ, മലങ്കര ഓർത്തഡോക്സ് സുറിയാനിസഭ, മലങ്കര മാർതോമാ സുറിയാനിസഭ, മലബാർ സ്വതന്ത്ര സുറിയാനിസഭ, മലങ്കര സുറിയാനി കത്തോലിക്കാസഭ എന്നീ അഞ്ച് സഭകളുടെ ആരാധനക്രമത്തിന്റെ മൂലം പാശ്ചാത്യ സുറിയാനിയുമാണ്.

6.2. 1653 ലെ കൂനൻകുരിശു സത്യത്തിനുശേഷം 1665ൽ ജറുസലെമിൽ നിന്നുള്ള മോർ ഗ്രിഗോറിയോസ് എന്ന യാക്കോബായ മെത്രാന്റെ ആഗമനത്തോടെയാണ് കേരളത്തിൽ പാശ്ചാത്യ സുറിയാനി ആരാധനക്രമത്തിന്റെ ഉപയോഗത്തിനും വ്യാപനത്തിനും തുടക്കമാവുന്നത്. അതുവരെയും കേരളത്തിലെ അവിഭക്ത സുറിയാനി ക്രൈസ്തവസമൂഹം പൗരസ്ത്യ സുറിയാനി ആരാധനക്രമമാണ് ഉപയോഗിച്ചിരുന്നത്. ആരാധനാഭാഷ എന്ന നിലയിൽ മാത്രമാണ് കേരളത്തിൽ സുറിയാനിഭാഷ പ്രചാരത്തിലിരുന്നത്. ഇതോടൊപ്പം "കർശൂനി" യും പ്രചാരത്തിലിരുന്നു. കേരളത്തിൽ പൊതുവെ സുറിയാനി പഠിച്ചിരുന്നത് പുരോഹിത പദവി അഭിലഷിച്ചവർ മാത്രമായിരുന്നു. ഭാരതത്തിലെ പുരാതന ഗുരുകുല സമ്പ്രദായംപോലെ, മൽപാൻമാരിൽ (ആശാൻ) നിന്നാണ് ഭാഷ അഭ്യസിച്ചിരുന്നത്. ഇത്തരം കേന്ദ്രങ്ങൾ മൽപാൻ വീടുകൾ എന്നാണറിയപ്പെട്ടിരുന്നത്.

6.3. ആധുനിക കാലഘട്ടത്തിൽ, മലങ്കര സുറിയാനി കത്തോലിക്കാസഭാ സ്ഥാപകൻ ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് (1882-1955) തിരുമേനിയുടെ ശ്രമഫലമായി സെറാംപൂർ യൂണിവേഴ്സിറ്റിയിലും (കൽക്കട്ട), മദ്രാസ് യൂണിവേഴ്സിറ്റിയിലും, കേരളത്തിലെ സ്കൂളുകളിലും സുറിയാനി പഠനം ആരംഭിച്ചു. ഇപ്പോൾ കേരളത്തിലെ ഹയർ സെക്കൻഡറി സ്കൂളുകളിലും, വിവിധ സർവ്വകലാശാലകളിൽ ബിരുദ തലത്തിലും, രണ്ടാം ഭാഷയായി സുറിയാനി പഠിപ്പിക്കപ്പെടുന്നു. മലങ്കര സുറിയാനി കത്തോലിക്കാസഭ തിരുവല്ല അതിഭദ്രാസനത്തിനു കീഴിലുള്ള സെന്റ് എഫ്രേം എക്യുമെനിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ (സീരി) സുറിയാനിയിൽ ഗവേഷണ, ബിരുദാനന്തര ബിരുദ കോഴ്സുകൾ നടന്നു വരുന്നു. ഒപ്പം എല്ലാ ഭൂഖണ്ഡങ്ങളിൽ നിന്നുമുള്ള സുറിയാനി വിദഗ്ദരെ പങ്കെടുപ്പിച്ചുകൊണ്ട് നാലു വർഷത്തിലൊരിക്കൽ അന്താരാഷ്ട്ര സുറിയാനി സമ്മേളനവും നടത്തി വരുന്നു. ഈ സമ്മേളനങ്ങളിൽ അവതരിപ്പിക്കപ്പെടുന്ന പേപ്പറുകളുടെ സമാഹാരമായ The Harp എന്ന സീരി പ്രസിദ്ധീകരണവും അന്താരാഷ്ട്രതലത്തിൽ ശ്രദ്ധേയമാണ്.

### 7. സുറിയാനിഭാഷാ പഠനത്തിന്റെ പ്രസക്തി

7.1. സെമിറ്റിക് മതമായ ക്രിസ്തുമതത്തിന്റെ വൈദേശിക ഭാവങ്ങളായ ഗ്രീക്ക്-ലത്തീൻ ക്രൈസ്തവ പാരമ്പര്യങ്ങളിൽനിന്ന് വിഭിന്നമാണ് സെമിറ്റിക് പാരമ്പര്യത്തിൽതന്നെയുള്ള സുറിയാനി ക്രൈസ്തവീകത. ഈ അനന്യത തിരിച്ചറിയുവാൻ സുറിയാനിയിലുള്ള ബൈബിൾ വിവർത്തനങ്ങൾ, ബൈബിൾ വ്യാഖ്യാനങ്ങൾ, സഭാപിതാക്കൻമാരുടെ രചനകൾ, ആരാധന ക്രമങ്ങൾ തുടങ്ങിയവയെല്ലാം മൂലഭാഷയായ സുറിയാനിയിൽതന്നെ വായിച്ചു ഗ്രഹിക്കേണ്ടിയിരിക്കുന്നു. ആധുനിക ഭാഷകളിലേക്ക് വിവർത്തിതമാകാത്ത മേല്പറഞ്ഞ വിഷയങ്ങളിലെ അനേകം രചനകൾ സുറിയാനിയിലുണ്ടെന്നുള്ളത് ദൈവശാസ്ത്ര വിഷയങ്ങളിൽ ഉപരിപഠനം നടത്തുന്നവർക്കുള്ള സാധ്യതകൾ കൂടിയാണ്.


7.2. സുറിയാനി ആരാധനക്രമത്തിന്റെ പ്രത്യേകിച്ച് പദ്യരൂപത്തിലുള്ള പ്രാർത്ഥനകളുടെ മലയാള വിവർത്തനങ്ങളിൽ സുറിയാനി ഈണം അതേപടി നിലനിർത്തുവാനായി ഒത്തുതീർപ്പുകളും നീക്കുപോക്കുകളും ഉണ്ടായിട്ടുണ്ട്. ഇപ്രകാരമുള്ള മലയാള വിവർത്തനങ്ങളിൽ നിന്നുള്ള, മറ്റ് ഭാഷാ വിവർത്തനങ്ങൾ സുറിയാനി മൂലത്തോട് നീതി പുലർത്താത്തവയായിരിക്കും. ഇതൊഴിവാക്കാനുള്ള പോംവഴി മൂലഭാഷയായ സുറിയാനിൽ നിന്നുള്ള വിവർത്തനമാണ്. അതുകൊണ്ട് സുറിയാനി ആരാധനക്രമത്തിന്റെ ആധുനിക ഭാഷകളിലേക്കുള്ള വിവർത്തനത്തിനും, നിലവിലുള്ള മലയാള വിവർത്തനങ്ങളുടെ പരിഷ്കരണത്തിനും സുറിയാനിഭാഷാ പഠനം അത്യന്താപേക്ഷിതമാണ്.

7.3. തിരുനാളുകളിലെയും ഞായറാഴ്ചകളിലെയും യാമപ്രാർത്ഥനകളുടെ സമാഹാരമായ പെങ്കീസാ നമസ്കാരപ്പുസ്തകത്തിലെ 113 ദിവസത്തെ പ്രാർത്ഥനകൾ ഇനിയും മലയാളത്തിലേക്ക് വിവർത്തനം ചെയ്യപ്പെട്ടിട്ടില്ല. സുറിയാനി ക്രൈസ്തവ ആദ്ധ്യാത്മികത ആരാധനാക്രമാധിഷ്ഠത ആദ്ധ്യാത്മികതയാണെന്ന സത്യം കേവലം മേനി പറച്ചിലല്ല, യാഥാർത്ഥ്യമാണെന്ന്, യാമപ്രാർത്ഥനകൾ മുടക്കം കൂടാതെ നടത്തുന്ന വൈദിക-സന്ന്യസ്ത അർത്ഥികൾക്ക് ബോദ്ധ്യപ്പെടുവാൻ ഇവ അർത്ഥം മനസ്സിലാക്കി ചൊല്ലേണ്ടിയിരിക്കുന്നു. സുറിയാനിയിൽ അവഗാഹം നേടി പെങ്കീസായിലെ പ്രാർത്ഥനകളുടെ വിവർത്തനം നിർവ്വഹിച്ചെങ്കിൽ മാത്രമെ ഇതു സാദ്ധ്യമാവുകയുള്ളൂ.


www.malankaralibrary.com

## 2021 വിശുദ്ധ യൗസേപ്പിതാവിന്റെ വർഷമായി ഫ്രാൻസിസ് മാർപാപ്പാ പ്രഖ്യാപിച്ചു

2020 ഡിസംബർ 8 മുതൽ 2021 ഡിസംബർ 8 വരെ, യൗസേപ്പിതാവിന്റെ വർഷമായി ആചരിക്കാൻ പ. ഫ്രാൻസിസ് മാർപാപ്പാ ആഹ്വാനം ചെയ്തു. വി. യൗസേപ്പിതാവിനെ ആഗോളസഭയുടെ സംരക്ഷകനായി വണങ്ങണമെന്ന് ഒമ്പതാം പീയൂസ് മാർപാപ്പാ തിരുസഭാ തനയരോട് നിർദ്ദേശിച്ചതിന്റെ 150-ാം വാർഷികം പ്രമാണിച്ചാണ് 'പാത്രിസ് കോർദേ' എന്ന തിരുവെഴുത്തുവഴി പാപ്പാ പ്രഖ്യാപനം നടത്തിയത്.




## സെന്റ് ജോൺസ് കത്തീഡ്രലിന്റെ നവതി സമാപനം

തിരുവല്ല സെന്റ് ജോൺസ് മെത്രാപ്പോലിത്തൻ കത്തീഡ്രലിന്റെ നവതി സമാപനാഘോഷങ്ങൾ ഡിസംബർ 27 മുതൽ 2021 ജനുവരി 3 വരെ നടക്കും. 27-ാം തീയതി വി. കുർബാനയ്ക്കുശേഷം അതിഭദ്രാസനാദ്ധ്യക്ഷൻ തോമസ് മാർ കൂറിലോസ് മെത്രാപ്പോലിത്താ കൊടിയേറ്റുന്നതോടെ വി. യോഹന്നാൻ ശ്ലീഹായുടെ തിരുനാളിനും, നവതി സമാപനാഘോഷങ്ങൾക്കും തുടക്കം കുറിക്കും. 28-ാം തീയതി വൈകുന്നേരം കുട്ടികൾക്കുള്ള വെബിനാർ, 29-ാം തീയതി യുവജനങ്ങൾക്കായുള്ള വെബിനാർ, 30-ാം തീയതി ഇടവകദിനത്തോടനുബന്ധിച്ച് കുടുംബങ്ങൾക്കായുള്ള വെബിനാർ എന്നിവ നടക്കും. 31-ാം തീയതി വൈകിട്ട് 7 മണിക്ക് ആരാധനയും, വി. കുർബാനയും നടക്കും. ഒന്നാം തീയതി രാവിലെ പുതുവർഷ കുർബാന. 2-ാം തീയതി വൈകിട്ട് 4.30 ന് നടക്കുന്ന വി. കുർബാനയ്ക്ക് മോൺ. ചെറിയാൻ താഴമൺ മുഖ്യകാർമ്മികത്വം വഹിക്കും. തുടർന്ന് കത്തീഡ്രൽ ക്യാമ്പസിലൂടെ മെഴുകുതിരി പ്രദക്ഷിണം. സമാപന ദിവസമായ ജനുവരി 3-ാം തീയതി ഞായറാഴ്ച രാവിലെ 8.30 ന് കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവ മുഖ്യകാർമ്മികത്വം വഹിക്കും. തുടർന്ന് നടക്കുന്ന നവതി സമാപന സമ്മേളനത്തിൽ ആർച്ചുബിഷപ്പ് തോമസ് മാർ കൂറിലോസ് മെത്രാപ്പോലിത്ത അദ്ധ്യക്ഷത വഹിക്കും. കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവ ഉദ്ഘാടനം ചെയ്യുന്ന സമ്മേളനത്തിൽ ചങ്ങനാശ്ശേരി ആർച്ചുബിഷപ്പ് ജോസഫ് പെരുന്തോട്ടം അനുഗ്രഹപ്രഭാഷണം നടത്തും. മോൺ. ചെറിയാൻ താഴമൺ, ആന്റോ ആന്റണി എം.പി., അഡ്വ. മാത്യു ടി. തോമസ് എം.എൽ.എ., മുൻസിപ്പൽ ചെയർപേഴ്സൺ എന്നിവർ ആശംസകൾ അറിയിക്കും. സമ്മേളനത്തിൽ നവതി സ്മരണിക പ്രകാശനം, പുതിയ വെബ്സൈറ്റ് ഉദ്ഘാടനം, നവതി സ്മാരക ഓഫീസ് ശിലാസ്ഥാപനം എന്നിവയും നടക്കും.


www.malankaralibrary.com



സി. ഡോ. ഐറിൻ എസ്.ഐ.സി.

# വൈറസ് ചലഞ്ച്
# കോവിഡ് 19

**ഏ**തൊരു വൈറസ് രോഗവും പടർന്നു പിടിക്കുമ്പോൾ ഹോമിയോപതി പ്രതിരോധ മരുന്നുകൾ ചർച്ചാ വിഷയം ആകാറുണ്ട്. വൈറസ് രോഗങ്ങൾക്ക് ഹോമിയോ പ്രതിരോധ മരുന്നുകൾ ഫലപ്രദമാകുമോ എന്ന് പരിശോധിക്കാം.

ഹോമിയോ മരുന്നുകൾ പ്രവർത്തിക്കുന്നത് നമ്മുടെ ശരീരത്തിന്റെ പ്രതിരോധശേഷിയെ ശക്തിപ്പെടുത്തികൊണ്ടാണ്. അതുകൊണ്ട് ഏത് വൈറസ് ആണ് നമ്മുടെ ശരീരത്തിന് രോഗമുണ്ടാക്കുന്നത് എന്നതിനുപരി ഏത് ഭാഗത്തെ പ്രതിരോധശേഷിയെയാണ് പ്രതിസന്ധിയിലാക്കുന്നതെന്ന് മനസിലാക്കി പ്രവർത്തനക്ഷമതയുള്ള രോഗലക്ഷണങ്ങൾക്ക് ഒത്ത മരുന്ന് നൽകി ശരീരത്തിന്റെ പ്രതിരോധശേഷിയെ വർദ്ധിപ്പിക്കുവാൻ ഹോമിയോപതി മരുന്നുകൾ സഹായകമാകും എന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്.

കോവിഡ് 19 ശരീരത്തിന്റെ സ്വഭാവിക പ്രവർത്തനത്തെ പ്രതിരോധത്തിലാക്കുന്ന ഒരു വൈറസാണ്. തൊണ്ടയിലും ശ്വാസകോശത്തിലും (ACE റിസപ്റ്റേഴ്സിൽ) ഉള്ള കോശങ്ങളെ ഇത് ബാധിക്കുന്നതായാണ് കാണുന്നത്. അവയെ ചെറുക്കുവാനുള്ള ശരീരത്തിന്റെ സ്വയം പ്രതിരോധശ്രമത്തിൽ അധികരിച്ച് ഉണ്ടാകുന്ന കഫകെട്ട്, ന്യൂമോണിയ പോലുള്ള അപകടകരമായ രോഗങ്ങൾ ഉണ്ടാകുന്നു. അതുകൊണ്ട് ആരംഭത്തിലോ/അതിനുമുമ്പോ മേൽപ്പറഞ്ഞ ഹോമിയോ രോഗപ്രതിരോധശേഷി കൂട്ടുന്ന മരുന്നുകൾ ഉപയോഗിച്ചാൽ രോഗം വരാതെ തടയാം.

## Ars-Alb 30 ഉപയോഗിക്കേണ്ട വിധം

ആയുഷ് മിനിസ്ട്രി-കേന്ദ്ര സർക്കാർ നിർദ്ദേശിച്ച ഈ മരുന്ന് ശരീരത്തിന്റെ പ്രതിരോധശേഷിയെ വർദ്ധിപ്പിക്കുന്നു. ഹോമിയോ ഗുളിക ആണ് ഉപയോഗിക്കുന്നതെങ്കിൽ 4 ചെറിയ ഗുളികകൾ വീതം രാവിലെ വെറും വയറ്റിൽ 3 ദിവസത്തേയ്ക്ക് കഴിക്കുക. വീണ്ടും 15 ദിവസങ്ങൾക്കുശേഷം 4 ഗുളികകൾ വീതം രാവിലെ വെറും വയറ്റിൽ 3 ദിവസത്തേയ്ക്ക് കഴിക്കുക. സമൂഹ വ്യാപനം ഉണ്ടെങ്കിൽ 15 ദിവസം ഇടവിട്ട് മുകളിൽ പറഞ്ഞിരിക്കുന്ന ഡോസിൽ തുടരേണ്ടതാണ്. 2 വയസിൽ താഴെ ഉള്ള കുട്ടികൾക്ക് 2 ഗുളികയും മേൽപ്പറഞ്ഞ കാലയളവിൽ ഉപയോഗിക്കണം. മുലപ്പാൽ ഉപയോഗിക്കുന്ന കുട്ടികളാണെങ്കിൽ മരുന്നുകൾ ഉപയോഗിക്കേണ്ടതില്ല.

ശ്വാസകോശ സംബന്ധമായ രോഗികൾ, ക്യാൻസർ രോഗികൾ മുതലായവർക്ക് ഈ മരുന്ന് ഫലം ചെയ്യണമെന്നില്ല. ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറിയിൽനിന്ന് ലഭിക്കുന്ന പ്രതിരോധ ടാബ്ലെറ്റ്

ആണ് ഉപയോഗിക്കുന്നതെങ്കിൽ രാവിലെ വെറുംവയറ്റിൽ 1 ഗുളിക വീതം 3 ദിവസവും 15 ദിവസത്തിന് ശേഷം തുടർന്നും കഴിക്കേണ്ടതാണ്. തുള്ളിമരുന്നാണ് ഉപയോഗിക്കുന്നതെങ്കിൽ 30 ml തിളപ്പിച്ച് ആറിയ വെള്ളത്തിൽ 2,3 തുള്ളി ലയിപ്പിച്ച് അതിൽനിന്നും 5 ml വീതം പ്രായമായവർക്കും 2.5 ml കുട്ടികൾക്കും കൊടുക്കാവുന്നതാണ്.



www.malankaralibrary.com

# ഫാ. സൈമൺ എലവുത്തിങ്കൽ

## മലങ്കരസഭയുടെ വലിയ മിഷണറിയും മാർ ഈവാനിയോസ് പിതാവിന്റെ വലിയ ഭക്തനും



**ഫാ. ഡോ. ആന്റണി കാക്കനാട്ട്**
(സഭാതല സെക്രട്ടറി, സുവിശേഷസംഘം)

ബഹുമാനപ്പെട്ട സൈമൺ എലവുത്തിങ്കൽ അച്ചൻ ഇരിങ്ങാലക്കുട രൂപതയിൽ ചാലക്കുടി എന്ന സ്ഥലത്ത് 1966 ഏപ്രിൽ മാസം 18-ാം തീയതി ഒരു സീറോ മലബാർ കുടുംബത്തിൽ ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം അദ്ദേഹം ഒഡീഷയിലുള്ള ബരഹാംപൂർ ലത്തീൻ രൂപതയിൽ ഒരു മിഷനറി വൈദികനായി പരിശീലനം നേടുകയും, 1997 ഒക്ടോബർ 5-ാം തീയതി വൈദികനായി അഭിഷിക്തനാകുകയും ചെയ്തു. തന്റെ പൗരോഹിത്യ ശുശ്രൂഷയ്ക്കിടയിൽ ഒഡീഷായിൽ പുതുതായി ആരംഭിച്ച മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ മിഷനുമായി അദ്ദേഹം പരിചയപ്പെടുകയും, അങ്ങനെ 2017 മുതൽ ഡൽഹി ഗുഡ്ഗാവ് രൂപതയിൽ 2 വർഷത്തേക്ക് ശുശ്രൂഷയ്ക്കായി കടന്നുവരികയും ചെയ്തു. 2019-ൽ ശുശ്രൂഷ പൂർത്തിയാക്കി അദ്ദേഹം മാതൃരൂപതയായ ബരഹാംപൂരിലേക്ക് തിരിച്ചുപോവുകയും, അവിടെ രൂപതയുടെ വിശ്വാസ പരിശീലന ഡയറക്ടറായി ശുശ്രൂഷ ചെയ്തുകൊണ്ടിരിക്കുകയുമായിരുന്നു. 2019 നവംബർ മാസത്തിൽ ഡൽഹി-ഗുഡ്ഗാവ് രൂപതയുടെ മിഷൻ പ്രവർത്തനങ്ങളെ സഹായിക്കാനായി അദ്ദേഹം ഡൽഹിയിൽ വരികയും അദ്ദേഹത്തിന് കോവിഡ് രോഗം സ്ഥിരീകരിക്കുകയും മൂന്നാഴ്ചയോളം ആശുപത്രിയിൽ വെന്റിലേറ്ററിൽ കിടക്കുകയും ചെയ്തു. ദൈവഹിതപ്രകാരം 2020 ഡിസംബർ 12-ാം തീയതി അദ്ദേഹം കർത്തൃസന്നിധിയിലേക്ക് യാത്രയായി. ഡിസംബർ 14-ന് അദ്ദേഹത്തിന്റെ മൃതശരീരം തൃശൂർ കുരിയച്ചിറ ദൈവാലയത്തിൽ സംസ്കരിച്ചു. മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവാ, അഭിവന്ദ്യരായ തോമസ് മാർ കൂറിലോസ്, ജേക്കബ് മാർ ബർണബാസ്, യൂഹാനോൻ മാർ തെയഡോഷ്യസ് എന്നീ മെത്രാപ്പോലിത്താമാരും നിരവധി വൈദികരും സന്യസ്തരും മൃതസംസ്കാര ശുശ്രൂഷയിൽ സംബന്ധിച്ചു.



ബഹുമാനപ്പെട്ട സൈമൺ അച്ചൻ രണ്ടു വർഷക്കാലം ഡൽഹി - ഗുഡ്ഗാവ് രൂപതയിൽ ശുശ്രൂഷ ചെയ്ത കാലയളവിൽ അദ്ദേഹം മലങ്കര സുറിയാനി കത്തോലിക്കാസഭയെ ഏറെ സ്നേഹിച്ചു. ഗുഡ്ഗാവ് രൂപതയുടെ മിഷൻ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുകയും ശക്തമായ നേതൃത്വം നൽകുകയും ചെയ്തു. ഡൽഹി-ഗുഡ്ഗാവ് രൂപതാദ്ധ്യക്ഷൻ ജേക്കബ് മാർ ബർണബാസ് പിതാവിനെ ഏറെ അടുത്ത് സ്നേഹിക്കുകയും പിതാവിന്റെ എല്ലാ ശുശ്രൂഷകളെയും ബലപ്പെടുത്തുകയും ചെയ്തു. മിഷൻ മേഖലയിൽ അദ്ദേഹം ആശയവും പ്രായോഗിക നിർദ്ദേശവും നൽകി മിഷൻ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തി. നിരവധി പുതിയ മിഷൻകേന്ദ്രങ്ങൾ ആരംഭിച്ചു. മിഷനറിമാരായ പാസ്റ്റർമാർക്ക് പരിശീലനം നൽകി അവരെ കത്തോലിക്കാ വിശ്വാസത്തിൽ ഉറപ്പിച്ചു. അപ്ര



www.malankaralibrary.com

കാരം രൂപതയുടെ മിഷൻ കോർഡിനേറ്ററായി നിസ്തുല സേവനം നിർവഹിച്ചു. ഈ കാലഘട്ടത്തിൽ മാർ ഈവാനിയോസ് പിതാവ് എഴുതിയ എല്ലാ പുസ്തകങ്ങളും അദ്ദേഹം വായിക്കുകയും, സഭയുടെ ആർക്കൈവ്സിൽനിന്നും നിരവധി രേഖകൾ പരിശോധിക്കുകയും പഠിക്കുകയും ചെയ്തു. മുണ്ടൻമലയിൽനിന്നും തിരുവനന്തപുരം പട്ടത്തുള്ള മാർ ഈവാനിയോസ് പിതാവിന്റെ കബറിലേക്ക് അഞ്ച് ദിവസം പദയാത്ര നടത്തി. കബറിങ്കൽ പല ദിവസങ്ങളോളം ധ്യാനത്തിൽ ചിലവഴിച്ചു. അങ്ങനെ അദ്ദേഹം മാർ ഈവാനിയോസ് പിതാവിന്റെ വലിയ ഭക്തനായി. മിക്കവാറും എല്ലാ രൂപതകളിലും ഇവാനിയൻ ധ്യാനം വൈദികർക്കായി നടത്തുകയുണ്ടായി. സിസ്റ്റേഴ്സിന്റെ നിരവധി പ്രോവിൻസുകളിൽ ഇവാനിയൻ ധ്യാനം നടത്തി. 2019–ൽ മാർ ഈവാനിയോസ് പിതാവിനെക്കുറിച്ച് 50 എപ്പിസോഡുകൾ, ഏകദേശം 35 മണിക്കൂർ ദൈർഘ്യമുള്ള പ്രഭാഷണം ''ഇവാനിയൻ യാത്ര'' എന്ന പേരിൽ ''മലങ്കര കാത്തലിക് സുവിശേഷസംഘം'''എന്ന യൂട്യൂബ് ചാനലിൽ അവതരിപ്പിച്ചു. ഇപ്പോഴും യുട്യൂബിൽ അത് ലഭ്യമാണ്. ദൈവദാസൻ മാർ ഈവാനിയോസിനെ കുരിശിലെ വി. യോഹന്നാനോടും വി. അമ്മ ത്രേസ്യായോടുമൊക്കെ ഉപമിച്ച് മാർ ഈവാനിയോസ് പിതാവിന്റെ വിശുദ്ധ ജീവിതത്തെക്കുറിച്ച് അദ്ദേഹം വികാരഭരിതനായി സംസാരിച്ചിരുന്നു. ഒരു മലങ്കരക്കാരനല്ലാത്ത വ്യക്തി മാർ ഈവാനിയോസ് പിതാവിനെക്കുറിച്ച് പഠിച്ച് ഇത്രമാത്രം അഭിഷേകത്തോടെ സംസാരിക്കുന്നത് എന്നെ വളരെ സ്വാധീനിച്ചിട്ടുണ്ട്.

ബൈബിളിൽ മാസ്റ്റർ ബിരുദമുണ്ടായിരുന്ന അദ്ദേഹത്തിന് വിവിധ ഭാഷകളിലും പ്രാവീണ്യമുണ്ടായിരുന്നു. ഗ്രീക്ക്, ഹീബ്രു, ഹിന്ദി, ഒഡീഷ, മറ്റ് നോർത്ത് ഇന്ത്യൻ ഭാഷകൾ അദ്ദേഹത്തിനറിയാമായിരുന്നു. അദ്ദേഹത്തിന്റെ ധ്യാനചിന്തകൾ ഹൃദയത്തിൽ തുളച്ചു കയറുന്നതായിരുന്നു. സുവിശേഷം ജീവിക്കുന്ന ഒരു വൈദികനായിരുന്നു. മിഷൻ രൂപതയിൽ ആദിവാസികളുടെ ഇടയിൽ അവരോടൊപ്പം ജീവിച്ച്, ഭക്ഷിച്ച്, ശുശ്രൂഷ ചെയ്തു. മിഷൻ പ്രദേശങ്ങളിലെ പരിമിതമായ സാഹചര്യങ്ങളെ ഇഷ്ടപ്പെട്ട് അവരിൽ ഒരുവനെപോലെയായി. അദ്ദേഹത്തെപ്പോലെ ബുദ്ധിയുള്ള, ഓർമ്മയുള്ള, ഒരു പുരോഹിതനെ ഞാൻ എന്റെ ജീവിതത്തിൽ വേറെ കണ്ടുമുട്ടിയിട്ടില്ല. അത്രമാത്രം കഴിവുള്ള ഒരു വ്യക്തിയായിരുന്നു അദ്ദേഹം. മലങ്കര കത്തോലിക്കാസഭയ്ക്ക് അദ്ദേഹം ഒരു നിധിയായിരുന്നു. അദ്ദേഹത്തിന്റെ വേർപാട് നമ്മുടെ സഭയ്ക്ക് തീരാനഷ്ടമാണ്. പകരം വയ്ക്കാൻ ആരുമില്ല എന്നതാണ് സത്യം. അദ്ദേഹവുമായി എനിക്ക് നല്ല വ്യക്തിബന്ധമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ വേർപാട് സത്യത്തിൽ വളരെ വേദനാജനകമാണ്. നമ്മുടെ സഭയിലെ അഭിവന്ദ്യ പിതാക്കന്മാരോടും, പ്രത്യേകിച്ച് മോറാൻ മോർ ബസേലിയോസ് കർദിനാൾ ക്ലീമിസ് ബാവാതിരുമേനിയോടും ഏറെ അടുത്ത സ്നേഹബന്ധം അദ്ദേഹം പുലർത്തിയിരുന്നു. അദ്ദേഹം സ്വർഗത്തിലിരുന്ന് മലങ്കര സുറിയാനി കത്തോലിക്കാസഭയ്ക്കു വേണ്ടി മാധ്യസ്ഥം വഹിക്കും എന്ന് നമുക്ക് പ്രത്യാശിക്കാം. അദ്ദേഹത്തിന്റെ ആത്മാവിന് നിത്യശാന്തി നേരുന്നു.




# നിത്യതയിൽ 3 വർഷം
## (13.01.2020)

**മത്തായി മാത്യു (മാത്തുക്കുട്ടി)**
ഈട്ടിക്കൽ തടത്തിൽ
ചേറ്റുകുഴി, കട്ടപ്പന




www.malankaralibrary.com

# IN LOVING MEMORY OF



**Mr. K. Mathen Karimpil**
**31st Death Anniversary on 23.01.2021**



**Ms. Mariamma Mathen Karimpil**
**12th Death Anniversary on 27.01.2021**

**Inserted by Karimpil Family**

25th Death Anniversary

**of our Beloved Ammamma (24-01-1996)**



**Rev. Sr. Mary Salome SIC**

Bethany Convent, Thiruvalla

**ഈ സ്നേഹനിധി നമ്മെ വിട്ടുപിരിഞ്ഞിട്ട് 25 വർഷം തികയുന്നു.**

Inserted by: Babykutty & Family, Puthenparampil (Cherupuzhathottathil), Kangazha



www.malankaralibrary.com

# 2020 ലെ തദ്ദേശ തെരഞ്ഞെടുപ്പിൽ വിജയിച്ച തിരുവല്ല അതിഭദ്രാസനത്തിന്റെ അഭിമാന ഭാജനങ്ങൾ



**ജെസ്സി അലക്സ്**
തൃക്കോമല (UDF)
ജില്ലാ പഞ്ചായത്ത്



**ജിനു തോമ്പുംകുഴി**
ഓതറ (UDF)
പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്ത്



**അഡ്വ. മെറിൻ ആൻ മാത്യു**
തലവടി നോർത്ത് (LDF)
ചമ്പക്കുളം ബ്ലോക്ക് പഞ്ചായത്ത്



**ജോസ് പഴയിടം**
തിരുമൂലപുരം,(UDF)
തിരുവല്ല മുനിസിപ്പാലിറ്റി



**സജി എം. മാത്യു മണ്ണാട്ട്**
കത്തീഡ്രൽ (UDF)
തിരുവല്ല മുനിസിപ്പാലിറ്റി



**ബെന്നി ദേവസ്യ കരിപ്പൻതറ**
കത്തീഡ്രൽ (LDF)
നാരങ്ങാനം ഗ്രാമപഞ്ചായത്ത



**വിഞ്ചു റിൻസൺ**
നെടുമ്പ്രം (BJP)
നെടുമ്പ്രം ഗ്രാമപഞ്ചായത്ത്



**എജി പറപ്പാട്ട്**
വാകത്താനം (UDF)
വാകത്താനം ഗ്രാമപഞ്ചായത്ത്



**മറിയം റ്റി. തോമസ്**
പ്ലാങ്കമൺ (UDF)
അയിരൂർ ഗ്രാമപഞ്ചായത്ത്



**ഷൈനി പി. മാത്യു**
നീരാട്ടുകാവ് (IND)
പഴവങ്ങാടി ഗ്രാമപഞ്ചായത്ത



**സൗമ്യ ജോബി**
വാലാങ്കര (IND)
പുറമറ്റം ഗ്രാമപഞ്ചായത്ത്



**മിനി ജോസ്**
ആലംതുരുത്തി (UDF)
കടപ്ര ഗ്രാമപഞ്ചായത്ത്



**ആനിയമ്മ അച്ചൻകുഞ്ഞ്**
ഇടമുറി (UDF)
നാറാണംമൂഴി ഗ്രാമപഞ്ചായത്ത്



**മഞ്ജു ബിജു**
മുണ്ടിയാക്കൽ (UDF)
മീനടം ഗ്രാമപഞ്ചായത്ത്



**സജിമോൻ ടൈറ്റസ്**
വളകോട് (LDF)
ഉപ്പുതറ ഗ്രാമപഞ്ചായത്ത്



**ജോളി ജോസഫ്**
ചുങ്കപ്പാറ (UDF)
കോട്ടാങ്ങൽ ഗ്രാമപഞ്ചായത്ത്



www.malankaralibrary.com



**ജോളി ജോർജ്**
നിരണം സെൻട്രൽ (UDF)
നിരണം ഗ്രാമ പഞ്ചായത്ത്



**എം.ജെ. ചെറിയാൻ**
കടമാൻകുളം (UDF)
കല്ലൂപ്പാറ ഗ്രാമ പഞ്ചായത്ത്



**സെബാസ്റ്റ്യൻ ജോസഫ്**
പാമ്പാടി (UDF)
പാമ്പാടി ഗ്രാമ പഞ്ചായത്ത്



**ഡെയ്സി ബിജു**
ആനിക്കാട് (LDF)
ആനിക്കാട് ഗ്രാമ പഞ്ചായത്ത്



**ബാബു കുറുമ്പേശ്വരം**
ചെങ്ങരൂർ (UDF)
കുന്നന്താനം ഗ്രാമ പഞ്ചായത്ത്



**ലൈസാമ്മ സോമർ**
ചെങ്ങരൂർ (IND)
കല്ലൂപ്പാറ ഗ്രാമ പഞ്ചായത്ത്



**എലനിയമ്മ ഷാജി**
കളമ്പാല (UDF)
അങ്ങാടി ഗ്രാമ പഞ്ചായത്ത്



**നിഷ അലക്സ്**
ഇടത്തിക്കാവ് (UDF)
വെച്ചൂച്ചിറ ഗ്രാമ പഞ്ചായത്ത്





**ബോധനയുടെ നേതൃത്വത്തിൽ, തിരുവല്ല അതിഭദ്രാസനത്തിലെ ഏഴ് മേഖലകളിൽനിന്ന് തിരഞ്ഞെടുക്കപ്പെട്ട 3250 കുടുംബങ്ങൾക്കുള്ള ക്രിസ്തുമസ് കിറ്റുകളുടെ വിതരണോദ്ഘാടനം അഭി. തോമസ് മാർ കൂറിലോസ് മെത്രാപ്പോലിത്താ നിർവ്വഹിക്കുന്നു.**




www.malankaralibrary.com

# REMEMBRANCE - JANUARY



**Fr. Alexios**
Thevervelil
03 Januar 1987

**Fr. Geevarghese**
Naduviledath
06 Januar 1964



**Fr. Kurian**
Kunnamkerikalam
07 Januar 1996



**Fr. Zacharias**
**Iyrattipadavil**
**10 January 2011**



**Fr. Kuriakose**
Tharepattackal
21 Januar 1960



**Fr. Abraham**
Konat Makil
22 Januar 1943



**Fr. Peter**
Thekkumparampil
22 Januar 1989



**Fr. Cherian**
Powathikunnel
26 Januar 1990

## പ്രധാനപ്പെട്ട ദിവസങ്ങൾ - ജനുവരി 2021

ജനുവരി 01 - നമ്മുടെ കർത്താവിന്റെ നാമകരണം, നവവത്സരാരംഭം
മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് കാതോലിക്കാബാവായുടെ നാമഹേതുക തിരുനാൾ
മാവേലിക്കര ഭദ്രാസന സ്ഥാപനദിനം (2007)
ജനുവരി 03 - വി. ചാവറ കുറിയാക്കോസ് ഏലിയാസ്
ജനുവരി 04 - അമേരിക്ക-കാനഡ സെന്റ് മേരി സമാധാനരാജ്ഞി ഭദ്രാസന സ്ഥാപനം (2016)
ജനുവരി 06 - ദനഹാപ്പെരുന്നാൾ
ജനുവരി 08 - അഭി. ഫിലിപ്പോസ് മാർ സ്തേഫാനോസ് തിരുമേനിയുടെ നാമഹേതുക തിരുനാൾ
ജനുവരി 11 - അഭി. യൂഹാനോൻ മാർ തെയഡോഷ്യസ് തിരുമേനിയുടെ നാമഹേതുക തിരുനാൾ
ജനുവരി 15 - വിത്തുകളെപ്രതി വി. ദൈവമാതാവിന്റെ ഓർമ്മ
മൂവാറ്റുപുഴ ഭദ്രാസന സ്ഥാപനദിനം (2003)
ജനുവരി 16 - അഭി. ഗീവർഗീസ് മാർ ദിവന്നാസിയോസ് തിരുമേനിയുടെ ഓർമ്മ (2018)
ജനുവരി 17 - അഭി. തോമസ് മാർ അന്തോണിയോസ് തിരുമേനിയുടെ നാമഹേതുക തിരുനാൾ
ജനുവരി 18 - മോറാൻ മോർ സിറിൽ ബസേലിയോസ് കാതോലിക്കാബാവായുടെയും (2007)
ജോസഫ് മാർ സേവേറിയോസ് തിരുമേനിയുടെയും (1955) ഓർമ്മ
സഭൈക്യവാര പ്രാർത്ഥന ആരംഭം
ജനുവരി 19 - അഭി. ഗീവർഗീസ് മാർ മക്കാറിയോസ് തിരുമേനിയുടെ നാമഹേതുക തിരുനാൾ
ജനുവരി 25 - മൂന്ന് നോമ്പാരംഭം
സഭൈക്യവാര പ്രാർത്ഥന സമാപനം
പത്തനംതിട്ട, പുത്തൂർ ഭദ്രാസനങ്ങളുടെ സ്ഥാപനദിനം (2010)
ജനുവരി 28 - മൂന്നു നോമ്പുവീടൽ
ജനുവരി 29 - അഭി. ജോഷ്വാ മാർ ഇഗ്നാത്തിയോസ് തിരുമേനിയുടെ നാമഹേതുകതിരുനാൾ
ജനുവരി 31 - കൊഹനെ ഞായർ (പരേതരായ വൈദികർ)


www.malankaralibrary.com

## നാമഹേതുക തിരുനാൾ - ജനുവരി


**ജനുവരി 01**
മോറാൻ മോർ ബസേലിയോസ്
കർദ്ദിനാൾ ക്ലീമീസ് കാതോലിക്കാബാവാ



**ജനുവരി 08**
അഭി. ഫിലിപ്പോസ് മാർ
സ്തേഫാനോസ് തിരുമേനി




**ജനുവരി 11**
അഭി. യൂഹാനോൻ മാർ
തെയഡോഷ്യസ് തിരുമേനി



**ജനുവരി 17**
അഭി. തോമസ് മാർ
അന്തോണിയോസ് തിരുമേനി



**ജനുവരി 19**
അഭി. ഗീവർഗീസ് മാർ
മക്കാറിയോസ് തിരുമേനി



**ജനുവരി 29**
അഭി. ജോഷ്വാ മാർ
ഇഗ്നാത്തിയോസ് തിരുമേനി



## ഓർമ്മപ്പെരുനാൾ - ജനുവരി


**ജനുവരി 16**
ഗീവർഗീസ് മാർ
ദിവന്നാസിയോസ് തിരുമേനി (2018)



**ജനുവരി 18**
മോറാൻ മോർ സിറിൽ
ബസേലിയോസ് കാതോലിക്കാബാവാ (2007)



**ജനുവരി 18**
ജോസഫ് മാർ
സേവേറിയോസ് തിരുമേനി (1955)





www.malankaralibrary.com

പുസ്തക പ്രകാശനം

# കോറഹ് ദാത്താൻ അബീറാം

ദൈവത്തെ കണ്ടെത്തുവാനും അവനിൽ ആഴപ്പെടുവാനും അവന്റെ അത്ഭുതകരമായ ഇടപെടലുകൾ അനുദിന ജീവിതത്തിൽ അനുഭവിക്കുവാനും സഹായിക്കുന്ന മുപ്പത്തിയഞ്ച് വിചിന്തനങ്ങളുടെ സമാഹാരം, അതാണ് ചെറിയാൻ താഴമൺ അച്ചന്റെ പുതിയ പുസ്തകം **'കോറഹ് ദാത്താൻ അബീറാം'.** വിവിധ സന്ദർഭങ്ങളിലും വ്യത്യസ്ത സാഹചര്യങ്ങളിലും വായനയിലൂടെയും ശ്രവണത്തിലൂടെയും മനനത്തിലൂടെയും രൂപപ്പെട്ട ചിന്തകൾ അക്ഷരരൂപത്തിൽ അവതരിച്ചതാണ് ഈ ഗ്രന്ഥം.

ഉള്ളിലുള്ള ദൈവത്തെ കാണാനും അനുദിന ജീവിതത്തിലെ അവന്റെ അത്ഭുതകരമായ ഇടപെടലുകൾ തിരിച്ചറിയാനും പൂർണ്ണതയിലേക്ക് വളരാനും സഹായിക്കുമെന്നു കരുതുന്ന കുറെ വിചിന്തനങ്ങൾ. അഗാധവും പ്രായോഗികവുമായ ചിന്തകൾകൊണ്ട് നിറഞ്ഞിരിക്കുന്ന ഓരോ ലേഖനവും ഓരോ ചിന്താരത്നം തന്നെയാണ്. ജീവിതത്തെപ്പറ്റിയുള്ള ദൈവിക കാഴ്ചപ്പാടിന് ധ്യാനമനനങ്ങൾകൊണ്ട് രൂപം കൊടുക്കുവാൻ കഴിഞ്ഞിട്ടുള്ളവർക്കു മാത്രമേ ഇത്ര ആയാസരഹിതമായി ജീവിതായോധന രഹസ്യങ്ങൾ സർഗ്ഗാത്മകതയോടെ കൈകാര്യം ചെയ്യാനാകൂ. ഹൃദ്യമായ സൗഹൃദത്തിന്റെ ചൂടും ചൈതന്യവും അനുഭവവേദ്യമാക്കുവാൻ ഉതകുന്ന ശക്തമായ ഭാഷ. ഏത് പ്രായത്തിലും പ്രാദേശിക ഭൂമികയിലും ഉൾപ്പെടുന്നവർക്കും സ്വീകാര്യമായ ശില്പ ഭംഗി. നല്ല വായനയുടെ അനുഗ്രഹം പ്രദാനം ചെയ്യുന്ന പുസ്തകം. ഓരോ ലേഖനവും വായനക്കാരന് ആത്മീയാനുഭവങ്ങളും ബോധ്യങ്ങളും നല്കുമെന്നുറപ്പ്.



മോൺ. ചെറിയാൻ താഴമൺ രചിച്ച **'കോറഹ് ദാത്താൻ അബീറാം'** എന്ന പുസ്തകം അത്യഭിവന്ദ്യ കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവ മോൺ. വർക്കി ആറ്റുപുറത്തിന് നല്കി പ്രകാശനം ചെയ്യുന്നു.


പ്രസാധകർ : മദ്ധ്യസ്ഥൻ ബുക്ക്സ്, ചങ്ങനാശ്ശേരി
വിതരണം : സെന്റ് ജോസഫ് ഓർഫണേജ് ബുക്ക് സ്റ്റാൾ, ചങ്ങനാശ്ശേരി, പേജ് 174. വില. 195/-

ഗ്രന്ഥനിരൂപണം

# പവിത്രം ഈ പാദമുദ്രകൾ

തന്റെ സ്വതസിദ്ധമായ പ്രവർത്തനശൈലികൊണ്ട് തിരുവല്ല അതിഭദ്രാസനത്തിന്റെ ചരിത്രത്തിൽ നിറപ്പകിട്ടാർന്ന ഒരദ്ധ്യായം കൂട്ടിച്ചേർക്കാൻ ചുരുങ്ങിയ എട്ട് വർഷത്തെ ശ്രേഷ്ഠപുരോഹിതശുശ്രൂഷകൊണ്ട് സാധിച്ച തിരുവല്ല അതിഭദ്രാസനത്തിന്റെ നാലാമത്തെ അദ്ധ്യക്ഷനായിരുന്ന പുണ്യശ്ലോകനായ ഐസക് മാർ യൂഹാനോൻ മെത്രാപ്പോലീത്തായുടെ വ്യക്തിത്വത്തെയും അജപാലന ശുശ്രൂഷകളെയും മറവിയുടെ മാറാലയ്ക്കുള്ളിൽ മറയാതെ മാറ്റ് തെളിക്കാൻ തിരുവല്ല അതിരൂപതയുടെ മുഖ്യ വികാരിജനറാൾ ബഹു. ചെറിയാൻ താഴമൺ അച്ചന്റെ ശ്രമത്തിന്റെ മൂർത്തരൂപമാണ് 'പവിത്രം ഈ പാദമുദ്രകൾ'.

നേരിൽ കണ്ടവരിലും അവരിൽനിന്ന് കേട്ടറിഞ്ഞവരിലും ഓർമ്മ കുറെക്കാലം നിലനില്ക്കും. എന്നാൽ, ക്രമേണ അത് മങ്ങും. അവിടെയാണ് നേരിൽ കണ്ടവരുടെയും അവരിൽനിന്ന് കേട്ടവരുടെയും തലമുറ ചരിത്രമാകുന്നതിനു മുൻപ് അവരുടെ സ്മരണകൾ അക്ഷരരൂപത്തിലാക്കി അച്ചടിക്കുന്നതിന്റെ പ്രസക്തി. 1987 ഏപ്രിൽ മാസം 28-ാം തീയതി കാലം ചെയ്ത് കാലത്തിനപ്പുറത്തേക്കു കടന്ന അഭിവന്ദ്യ ഐസക് മാർ യൂഹാനോൻ പിതാവിന്റെ തുമ്പപ്പൂവിന്റെ നൈർമല്ല്യവും ലില്ലിപ്പൂവിന്റെ വെണ്മയും മുല്ലപ്പൂവിന്റെ സുഗന്ധവും ഇമ്പമായി ഇഴകെട്ടിയതും, സർവ്വർക്കും സാമീപ്യമരുളിയിരുന്നതും കരുതലാവശ്യമായിരുന്നവരെ കാരുണ്യത്തിന്റെ കണ്ണിലൂടെ കണ്ട് ചേർത്ത് പിടിച്ചിരുന്നതുമായ ജീവിതത്തെ മറവിയുടെ മാറാപ്പിനുള്ളിൽ മറയാതെ തെളിച്ചുനിർത്താനുള്ള ശ്രമത്തിന്റെ അച്ചടിരൂപമായി 'പവിത്രം ഈ പാദമുദ്രകൾ'പ്രസിദ്ധീകൃതമായിരിക്കുന്നത്. കാതോലിക്കാബാവായും, മെത്രാപ്പോലീത്തമാരും, വൈദികരും സന്യസ്തരും അല്മായരുമായ നാല്പതിലധികം ആളുകൾ അവരുടെ അനുഭവങ്ങൾക്കും ഓർമ്മകൾക്കും അക്ഷരരൂപം നല്കിക്കൊണ്ട് മാർ യൂഹാനോൻ പിതാവിന്റെ പാദമുദ്രകൾ തെളിക്കാൻ സഹകരിച്ചിരിക്കുന്നു. ബുദ്ധിപരമായ വിവരങ്ങളെക്കാളുപരി ഹൃദയത്തിന്റെ സ്പന്ദനങ്ങളാണ് ഗ്രന്ഥത്തിൽ ഉടനീളം പ്രകടമായിരിക്കുന്നത്.




ചരിത്രസ്നേഹികൾക്കും, സഭാസ്നേഹികൾക്കും ചരിത്രപഠിതാക്കൾക്കും വായിക്കാനും സൂക്ഷിക്കാനും സമ്മാനമായി സമർപ്പിക്കാനും ഒരു ഉത്തമ ഗ്രന്ഥം.

എഡിറ്റർ : ചെറിയാൻ താഴമൺ, പ്രസാധകർ : തിരുവല്ല അതിരൂപത, പേജ് : 308, വില : 250 രൂപ.



www.malankaralibrary.com

# ഷെവലിയാർ വർഗീസ് കരിപ്പായിൽ സാറിന്റെ കബറടക്ക ദൃശ്യങ്ങൾ







www.malankaralibrary.com

**AIKYADEEPAM MONTHLY**
Mar giri, Tiruvalla, Kerala
Ph : 0469-2600626, Fax : 0469-2600822

Date of Publication : 01.01.2021
Price : ₹10/-

R.N.I. 35982/80
Januar 2021




Printed and Published b Fr. Thomas Kodinattukunnel, Published from Mar giri, Archbishop's House, Tiruvalla, Kerala
and Printed at Mangalam Web Media, Kotta am, Kerala, Chief Editor : Rev. Dr. Isaac Parappallil

www.malankaralibrary.com